"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5:14-16)

സാന്ത്വനപ്രകാശമേ, നയിച്ചാലും

# സാന്ത്വനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ

Vol. LIX | NOVEMBER 2009 | No. 11



## പേജുകളിൽ.....


ദൈവാലയത്തിന്റെ ഘടനയും വിശുദ്ധ കുർബാനയുടെ അർത്ഥവും ..................... 731
വിയാനി ചിന്തകൾ ..................... 745
സർക്കുലർ 79 ..................... 749
സർക്കുലർ 80 ..................... 751
സർക്കുലർ 80 ..................... 761
പരിശുദ്ധ പിതാവിന്റെ സന്ദേശം ..................... 771
കുടുംബവും മാധ്യമങ്ങളും ..................... 777
വൈദികരുടെ ശ്രദ്ധയ്ക്ക് ..................... 783
പ്രത്യേക അറിയിപ്പ് ..................... 786
പൗരോഹിത്യ ആദ്ധ്യാത്മികചിന്തകൾ ..................... 788
വാർത്തകൾ ..................... 796
പാവനസ്മരണയ്ക്ക് ..................... 814
നിര്യാതരായി ..................... 816
ബിഷപ്സ് ഡയറി ..................... 819
പ്രേയേർസ് ഡേ ..................... 823
ബിഷപ്സ് എൻഗേജ്മെന്റ്സ് ..................... 824

# ദൈവാലയത്തിന്റ ഘടനയും വി. കുർബാനയുടെ അർത്ഥവും

*മാർ ജോസഫ് കല്ലറങ്ങാട്ട്*

വൈദികവർഷം പ്രമാണിച്ച് പല കർമ്മപദ്ധതികളും നമ്മൾ നടപ്പാക്കിവരികയാണല്ലോ. നമ്മുടെ രൂപതയിലെ പ്രസ്ബിറ്ററൽ കൗൺസിലും പാസ്റ്ററൽ കൗൺസിലും കൂടിയ അവസരത്തിൽ അംഗങ്ങൾ ആവശ്യപ്പെട്ട ഒരു കാര്യമായിരുന്നു ദൈവാലയഘടനയുടെയും വി. കുർബാനയുടെയും പ്രതീകാത്മക അർത്ഥങ്ങൾ വിവരിച്ചുകൊണ്ടുള്ള കൂടുതൽ പഠനങ്ങൾ നൽകണമെന്നുള്ളത്. അതനുസരിച്ചാണ് താഴെക്കൊടുത്തിരിക്കുന്ന വിശദീകരണങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. പല ഘട്ടങ്ങളിലായി ഇത് നൽകപ്പെടുന്നതാണ്. ഇത് വിശുദ്ധ കുർബാന മദ്ധ്യേയും വിശ്വാസപരിശീലന ക്ലാസ്സുകളിലും കുടുംബക്കൂട്ടായ്മാസമ്മേളനങ്ങളിലും മറ്റവസരങ്ങളിലും വിശ്വാസികളെ ബോധവത്കരിക്കുവാനായി ഉപയോഗിക്കേണ്ടതാണ്.

## A. ദൈവാലയ സംവിധാനം

### (1) ദൈവാലയം

കിഴക്കോട്ടു തിരിഞ്ഞുനിന്ന് പ്രാർത്ഥിക്കത്തക്ക വിധമാണ് പള്ളികൾ പണിയുക. അതായത് കിഴക്കുപടിഞ്ഞാറ് ദർശനമായി. ഉൽപത്തി 2:8 – "കിഴക്ക് ഏദനിൽ ഒരു തോട്ടം നിർമ്മിച്ച്, താൻ രൂപം കൊടുത്ത മനുഷ്യനെ അവിടെ താമസിപ്പിച്ചു." എവിടെനിന്ന് പുറത്താക്കപ്പെട്ടോ അങ്ങോട്ടുള്ള യാത്രയാണ് ക്രൈസ്തവജീവിതം - ഏദനിലേക്ക്, സ്വർഗ്ഗത്തിലേക്ക്. അതിനുള്ള യാത്രാഭക്ഷണമാണ് വി. കുർബാന.

### (2) മദ്ബഹ

അതിവിശുദ്ധ സ്ഥലമാണ്. കിഴക്കു പടിഞ്ഞാറായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ കിഴക്കേ അറ്റത്താണു മദ്ബഹ. ദൈവത്തിന്റെ സിംഹാസനമാണത് (ത്രോണോസ്). മദ്ബഹായുടെ മേൽക്കൂട് ഉയർന്നതാണ് (തോറ). ഉദയസൂര്യന്റെ കിരണങ്ങൾ മദ്ബഹായിൽ പതിയത്തക്ക വണ്ണവുമാണ് അതിന്റെ ക്രമീകരണം. മദ്ബഹാ സ്വർഗ്ഗത്തിന്റെ പ്രതീകമാണ്. കെസ്ത്രോമായിൽനിന്ന് മൂന്നു പടികൾ ഉയരത്തിലാണ് മദ്ബഹാ. മൂന്നു പടികൾ ഗാഗുൽത്തായുടെ പ്രതീകമാണ്. സ്വർഗ്ഗീയ ജറുസലേമിനെ സൂചിപ്പിക്കുന്നു. മദ്ബഹ സീനായ്മലയുടെ

പ്രതീകമാണ്. അതിനുചുറ്റും വേലികെട്ടി അതിർത്തി തിരിച്ചിരിക്കുന്നു. "സീനായ് മലയിലേക്കു കയറാൻ ജനങ്ങൾക്കു കഴിയുകയില്ല. കാരണം, ചുറ്റും അതിർത്തി നിർണ്ണയിച്ച് മലയെ വിശുദ്ധസ്ഥലമായി പരിഗണിക്കാൻ അങ്ങുതന്നെ ഞങ്ങളോട് കൽപിച്ചിട്ടുണ്ടല്ലൊ." ഈ അതിർത്തി നിർണ്ണയമാണ് മദ്ബഹായിലെ അഴിക്കാൽ. സ്വർഗ്ഗം പ്രകാശത്തിന്റെ സ്ഥലമാണ്. അതുകൊണ്ടാണ് മദ്ബഹായിൽ ധാരാളം ലൈറ്റുകൾകൊണ്ട് അലങ്കരിച്ചിരിക്കുന്നത്.

**(3) മാർത്തോമാ സ്ലീവാ**

നസ്രാണി കത്തോലിക്കാവിശ്വാസത്തിന്റെ ഏറ്റവും വലിയ അടയാളമായ മാർത്തോമാ സ്ലീവാ കിഴക്കേ ഭിത്തിയിൽ സ്ഥാപിക്കുന്നു. ക്രൂശിതരൂപമില്ലാത്ത സ്ലീവാ ഉത്ഥിതനായ ഈശോയെയും അവന്റെ മഹത്വപൂർണ്ണമായ രണ്ടാം വരവിനെയും സൂചിപ്പിക്കുന്നു.

**(4) മദ്ബഹാവിരി**

മദ്ബഹായ്ക്കും കെസ്ത്രോമായ്ക്കും മദ്ധ്യേയുള്ള വിരി. സ്വർഗ്ഗീയരഹസ്യങ്ങളുടെ അഗ്രാഹ്യതയും നിഗൂഢതയും സൂചിപ്പിക്കുന്നു. ഭൂമിയിലെ സഭ കണ്ണാടിയിലൂടെ എന്നപോലെ സ്വർഗ്ഗത്തെ ഉറ്റുനോക്കുന്നു. മദ്ബഹാ വിരിമാറ്റൽ സ്വർഗ്ഗം തുറക്കപ്പെടുന്നതിനെ പ്രതീകാത്മകമായ രീതിയിൽ ആവിഷ്കരിക്കുന്നു. ഉത്ഥാനഗീതമാലപിക്കുമ്പോഴാണ് വിരി നീക്കുന്നത്.

**(5) ബലിപീഠം (ത്രോണോസ്)**

ദൈവാലയത്തിന് വിശുദ്ധിയും ശ്രേഷ്ഠതയും പ്രദാനം ചെയ്യുന്നത് ബലിപീഠമാണ്. ദൈവാലയം അൾത്താരയെ അലങ്കരിക്കുന്ന കൂടാരമാണ്. വി. കുർബാന ദൈവാലയത്തിൽ സൂക്ഷിക്കാതിരുന്ന കാലത്ത് മിശിഹായെ പ്രതിനിധാനം ചെയ്തിരുന്നത് ബലിപീഠമായിരുന്നു. അഭിഷിക്തനായ മിശിഹായുടെ പ്രതിരൂപം എന്ന നിലയിൽ ബലിപീഠം വിശുദ്ധ തൈലത്താൽ അഭിഷേകം ചെയ്യപ്പെടുന്നു. ബലിപീഠം ഗാഗുൽത്തായേയും അന്ത്യത്താഴ മേശയേയും കർത്താവിന്റെ കബറിടത്തേയും തിരുവുത്ഥാനത്തിന്റെ സ്ഥലത്തേയും ദൈവത്തിന്റെ സിംഹാസനത്തെയും സൂചിപ്പിക്കുന്നു. മദ്ബഹായുടെ കിഴക്കേ ഭിത്തിയോടു ചേർന്നാണ് ബലിപീഠം.

**(6) ബേസ്ഗസ്സാകൾ**

മദ്ബഹായിൽ ബലിപീഠത്തിന്റെ ഇരുവശങ്ങളിലുള്ള നിക്ഷേപാലയങ്ങൾ (അപ്പവും വീഞ്ഞും ജലവും സൂക്ഷിക്കുന്ന സ്ഥലം).

**(7) സക്രാരി**

പരിശുദ്ധ കുർബാന സൂക്ഷിക്കുന്ന പേടകം. കൂടാരം എന്നർത്ഥമുള്ള ടാബർനാക്കിൾ എന്ന പദത്തിൽനിന്നും.

**(8) ബേസ്സഹദേ (മർത്തീരിയോൺ)**

മദ്ബഹായുടെ വെളിയിൽ രക്തസാക്ഷികളുടെ തിരുശ്ശേഷിപ്പുകൾ സൂക്ഷിക്കുന്ന സ്ഥലം. ആദ്യനൂറ്റാണ്ടിൽ രക്തസാക്ഷികളുടെ തിരുശ്ശേഷിപ്പിനു മുകളിൽ പള്ളികൾ പണിയുന്നതിനെ സൂചിപ്പിക്കുന്നു.

**(9) മാമ്മോദീസാ കപ്പേള (തൊട്ടി)**

ബലിപീഠം കഴിഞ്ഞാൽ പ്രധാനപ്പെട്ടത് മാമ്മോദീസാത്തൊട്ടിയാണ്. പണ്ട് പ്രധാന ബലിപീഠത്തിനു തെക്കുവശത്ത് പ്രത്യേകം സജ്ജീകൃതമായ കപ്പേളയിൽ സൂക്ഷിച്ചിരുന്ന ഒന്നാണിത്. ബലിപീഠവും മാമ്മോദീസാത്തൊട്ടിയും തമ്മിലുള്ള ബന്ധം ശ്രദ്ധേയമാണ്. മിശിഹായുടെ മരണത്തിലുള്ള പങ്കുചേരലാണ് മാമ്മോദീസാ. ബലിപീഠത്തിൽ വിശുദ്ധ കുർബാനയിൽ അവതരിപ്പിക്കപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട സംഭവങ്ങളും അവ തന്നെ. മാമ്മോദീസായിൽ പുനർജന്മം സിദ്ധിച്ച് ദൈവപുത്രനായി തീർന്നിരിക്കുന്ന ശിശു ദൈവികജീവനിൽ വളരുക അൾത്താരയിലെ ബലിയിൽ പങ്കുചേർന്നാണ്. ദിവ്യകാരുണ്യം അനുഭവിച്ചുകൊണ്ടാണ്.

ഈശോ മാമ്മോദീസാ സ്വീകരിച്ച യോർദ്ദാന്റെ പ്രതീകമാണ് മാമ്മോദീസാത്തൊട്ടി. മദ്ബഹായ്ക്കു വെളിയിൽ അതിനോടുചേർന്ന് ഇടത്തുവശത്ത്. മാമ്മോദീസാത്തൊട്ടി സഭാമാതാവിന്റെ ഗർഭപാത്രമാണ്.

**(10) ഹൈക്കല**

ഭൂമിയുടെ പ്രതീകം. ആരാധനാസമൂഹം സമ്മേളിക്കുന്നു.

**(11) കെസ്ത്രോമാ**

മദ്ബഹായ്ക്കും ഹൈക്കലായ്ക്കും ഇടയിൽ. സ്വർഗ്ഗത്തേയും ഭൂമിയേയും യോജിപ്പിക്കുന്നു. ഹൈക്കലായിൽനിന്ന് ഒരുപടി ഉയരത്തിൽ. ഗായകസംഘം കെസ്ത്രോമായിലാണ്. സ്വർഗ്ഗത്തിൽ ദൈവത്തെ നിരന്തരം പാടി സ്തുതിക്കുന്ന ക്രോവേന്മാരുടെയും സ്രാപ്പേന്മാരുടെയും മുഖ്യദൂതന്മാരുടെയും പ്രതീകമാണ് ഗായകസംഘം.

**(12) മോണ്ടളം**

ഹൈക്കലായ്ക്കു പിറകിൽ ദൈവാലയത്തിനു വെളിയിൽ. ആദ്യ നൂറ്റാണ്ടുകളിൽ അയോഗ്യരായവർക്കും മാമ്മോദീസാർത്ഥികൾക്കും വേണ്ടിയുള്ള സ്ഥലമായിരുന്നു ഇത്.

**(13) ബേമ്മ**

ബേമ്മായുടെ യഥാർത്ഥ സ്ഥാനം ഹൈക്കലായുടെ മദ്ധ്യഭാഗ മാണ്. വചനത്തിന്റെ ശുശ്രൂഷ ജനങ്ങൾക്കിടയിലാണ് എന്നു വ്യക്ത മാക്കാനാണിത്. വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. മൂന്നു പടികളോടുകൂടി സജ്ജീകരിച്ചിട്ടുള്ള ഫ്ളാറ്റ്ഫോം ആണത്. സുവി ശേഷപ്രഘോഷണവേദിയാണ് ബേമ്മ. ബേമ്മ സമൂഹമദ്ധ്യത്തിൽ സ്ഥാപിക്കുന്നതിന്റെ അർത്ഥം ഓർശ്ലേം ഭൂമദ്ധ്യമാണെന്ന സങ്കൽപ ത്തിലാണ്. ഓർശ്ലത്തിന്റെ പ്രതീകമായ ബേമ്മായും ഹൈക്കലായുടെ മദ്ധ്യത്തിൽ. ബേമ്മായുടെ നടുവിൽ മാർത്തോമ്മാ സ്ലീവായും പഴയ നിയമത്തിന്റെയും പുതിയ നിയമത്തിന്റെയും പ്രതീകങ്ങളായ രണ്ടു തിരികളും.

**(14) കെടാവിളക്ക്**

മദ്ബഹായിലാണ് കെടാവിളക്കിന്റെ സ്ഥാനം. ലോകത്തിന്റെ പ്രകാശമായ മിശിഹായുടെ സാന്നിദ്ധ്യം സൂചിപ്പിക്കുന്നു.

**(15) സങ്കീർത്തി**

തിരുവസ്ത്രങ്ങൾ സൂക്ഷിക്കുകയും വൈദികരും ശുശ്രൂഷകരും തിരുവസ്ത്രങ്ങൾ അണിയുകയും ചെയ്യുന്ന സ്ഥലം.

## B. തിരുവസ്ത്രങ്ങൾ

**കൊത്തീന** - നവീകരിക്കപ്പെട്ട പുതിയ മനുഷ്യന്റെ പ്രതീകം, പുരോഹിത ശുശ്രൂഷികൾ ധരിക്കുന്ന നീണ്ട അങ്കി.

**സൂനാറ** - കൊത്തീനായ്ക്കു മീതെയുള്ള അരക്കെട്ട് - സേവന സന്നദ്ധതയുടെയും അതീവജാഗ്രതയുടെയും പ്രതീകം.

**ഊറാറ** - വൈദികർ കഴുത്തിൽ ധരിക്കുന്നു. ശുശ്രൂഷാപൗരോ ഹിത്യത്തിന്റെ പ്രതീകം.

**സാന്ദേ** - കൈയ്യുറകൾ.

**പൈന (കാപ്പ)** - പുരോഹിതരുടെ മേൽവസ്ത്രം. നീതിയുടെ വസ്ത്രമാണ് കാപ്പ. പുരോഹിതന്റെ സത്ഗുണങ്ങളേയും ഇടയധർമ്മത്തേയും സൂചിപ്പിക്കുന്ന വസ്ത്രമാണിത്.

## c. തിരുവസ്തുക്കൾ

**കാസ, പീലാസ** - മിശിഹായുടെ തിരുശ്ശരീരരക്തങ്ങൾ പരികർമ്മം ചെയ്യാൻ ഉപയോഗിക്കുന്ന തിരുപ്പാത്രങ്ങൾ.

**ഓസ്തി** - കുർബാനയ്ക്ക് ഉപയോഗിക്കുന്ന അപ്പം. ബലിവസ്തുവെന്ന അർത്ഥവുമുണ്ട്.

**വീഞ്ഞ്** - കുർബാനയ്ക്ക് ഉപയോഗിക്കുന്ന മുന്തിരിച്ചാറ്.

**ശോശപ്പ** - കാസായും പീലാസായും മൂടുന്ന, കാപ്പയുടെ തന്നെ തുണികൊണ്ടു സമചതുരാകൃതിയിൽ നിർമ്മിച്ച തിരുവസ്ത്രം. ഈശോയുടെ കബറിടത്തിന്റെ മൂടിയേയും തിരുശരീരം പൊതിഞ്ഞ കച്ചയേയും ശിരോവസ്ത്രത്തേയും സൂചിപ്പിക്കുന്നു.

**ധൂപക്കുറ്റി** - സുഗന്ധധൂപം വമിക്കുന്ന ഈ ഉപകരണം സഭയുടെ പ്രതീകമാണ്. ആരാധന സ്വർഗ്ഗീയമാക്കാനാണ് (വെളിപാട് 8:3-4) ധൂപം ഉപയോഗിക്കുന്നത്. റൂഹായാകുന്ന അഗ്നികൊണ്ടു ജ്വലിച്ച് മറ്റുള്ളവരെ സന്തോഷിപ്പിക്കണമെന്ന് ധൂപക്കുറ്റി മൂകമായ ഭാഷയിൽ നമ്മെ ഉദ്ബോധിപ്പിക്കുന്നു. ധൂപം ദൈവത്തിനർപ്പിക്കുന്ന നിത്യാരാധനയെക്കുറിക്കുന്നു.

**ഏവൻഗലിയോൻ (പുസ്തകം)** -
ആരാധനാവത്സര കലണ്ടറനുസരിച്ച് സുവിശേഷങ്ങളിൽനിന്ന് ആണ്ടുവട്ടം വായിക്കാനുള്ള ഭാഗങ്ങൾമാത്രം അടങ്ങിയ പുസ്തകമാണ് ഏവൻഗലിയോൻ. കാർമ്മികൻ വായിക്കുന്നു.

**എംഗർത്താപുസ്തകം** -
ആരാധനാവത്സര കലണ്ടറനുസരിച്ച് ലേഖനഭാഗങ്ങളിൽനിന്ന് ആണ്ടുവട്ടം വായിക്കാനുള്ള ഭാഗങ്ങൾമാത്രം അടങ്ങിയ പുസ്തകമാണിത്. വായിക്കേണ്ടത് ഡീക്കനാണ്.

**കെറിയാനേ** - (കെറിയാന - വായന; കെറിയാനേ - വായനകൾ) ആരാധനാവത്സര കലണ്ടറനുസരിച്ച് പഴയനിയമ

ങ്ങളിൽനിന്ന് ആണ്ടുവട്ടം വായിക്കാനുള്ള ഭാഗ ങ്ങൾമാത്രം അടങ്ങിയ പുസ്തകങ്ങളാണിത്. പഞ്ച ഗ്രന്ഥിയിൽനിന്നും പ്രവാചകന്മാരിൽ നിന്നുമാണ് സാധാരണയായി വായിക്കുന്നത്.

മംഗലവാർത്തക്കാലത്ത് ക്രിസ്തുമസ്സിനും മറ്റവസര ങ്ങളിൽ രണ്ടു വായനകളും പ്രവാചകന്മാരിൽനിന്ന് സ്വീകരിക്കാറുണ്ട്. ഉത്ഥാനഞായർ കഴിഞ്ഞുവരുന്ന തിങ്കൾ മുതൽ വെള്ളിവരെയും ഉയിർപ്പുകാലത്തിലെ ഞായറാഴ്ചകളിലും വിശുദ്ധരുടെ അനുസ്മരണദി വസങ്ങളിലും പ്രവചനത്തിനു പകരം അപ്പസ്തോല നടപടിയിൽനിന്നു വായനകൾ സ്വീകരിക്കാറുണ്ട്. പഴ യനിയമ വായനകൾ നടത്തുന്നത് കാറോയപ്പട്ടം കിട്ടി യവരോ ഹെവ്പ്പദ്യാക്കനോ പട്ടം കിട്ടിയവരോ ആണ്.

**കെത്താന** - അൾത്താരയിൽ വിരിക്കുന്ന ശോശപ്പയുടെ വലിപ്പ മുള്ള വെള്ളവസ്ത്രം.

**തക്സ** - പരിശുദ്ധ കുർബാനയുടെ സമ്പൂർണ്ണ രൂപത്തിലുള്ള പുസ്തകം.

**മക്ബലാന** - കാസ മൂടിവയ്ക്കുന്നതിന് ഉപയോഗിക്കുന്നു.

**സങ്കീഞ്ഞ്** - തിരുപ്പാത്രങ്ങൾ ശുചിയാക്കുന്നതിന് ഉപയോഗി ക്കുന്നു.

**കാറാപ്പ്** - ഹന്നാൻവെള്ളം നിറച്ചുസൂക്ഷിക്കുന്ന പാത്രം.

**റംശേത്തി** - അൾത്താര അലങ്കരിക്കുന്നതിന് മരത്തിൽ കൊത്തി യുണ്ടാക്കിയ പുഷ്പശേഖരം.

## D. നിലപാടുകളും അനുഷ്ഠാനങ്ങളും

നിൽക്കുന്നത് - നമ്മുടെ കുർബാനയിൽ മുഴുവൻ സമയവും നിൽക്കുക എന്നതാണ് കുർബാനയുടെ ചൈതന്യത്തിനു യോജിച്ച നിലപാട്. എഴുന്നേൽ ക്കുക ഉത്ഥാനത്തെ സൂചിപ്പി ക്കുന്നു. ഉത്ഥാനത്തെ സൂചിപ്പി ക്കാനാണ് ശനിയാഴ്ച വൈകു ന്നേരം മുതൽ ഞായറാഴ്ച ഉച്ച

| | |
|---|---|
| | വരെയും ത്രിസന്ധ്യാജപം ചൊല്ലുമ്പോൾ എഴുന്നേറ്റു നിൽക്കുക. ഉയിർപ്പുകാലത്തിൽ ത്രിസന്ധ്യാജപം മുഴുവനും നിന്നുകൊണ്ടു ചൊല്ലുന്നു. മിശിഹായിൽ വിശ്വസിക്കുകവഴി മരണത്തിൽനിന്നും എല്ലാവിധ അടിമത്തങ്ങളിൽനിന്നും മുക്തി പ്രാപിച്ചവരാണ് എന്ന് എഴുന്നേറ്റു നിൽപ്പ് സൂചിപ്പിക്കുന്നു. |
| മുട്ടുകുത്തുന്നത് | - കരുണ യാചിക്കുന്ന നിർഭാഗ്യവാന്റെ/കടക്കാരന്റെ നിലപാടാണത്. ദൈവത്തോടുള്ള സഹായാഭ്യർത്ഥനയെ അതു സൂചിപ്പിക്കുന്നു. പശ്ചാത്താപത്തിന്റെ മനോഭാവത്തെയും അതു സൂചിപ്പിക്കുന്നു. |
| ഇരിക്കുന്നത് | - ശ്രവണത്തിന്റെയും ധ്യാനത്തിന്റെയും ഭാവം. |
| കുമ്പിടുന്നത് | - കൃതജ്ഞത, വിധേയത്വം, ബഹുമാനം. |
| കൈകൾവിരിച്ച് | - കുരിശിനേയും കുരിശുമരണത്തേയും സൂചിപ്പിക്കുന്നു. ദൈവജനത്തിനുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നു. |
| കൈകൾ അൽപം വിരിച്ച് | - യാചനാഭാവത്തെ കാണിക്കുന്നു. |
| കൈവിരലുകൾ കോർത്ത് | - പാപാവസ്ഥയും അനുതാപവും. |
| കൈകൾ കൂപ്പുന്നത് | - ഭക്തിയും ബഹുമാനവും |
| ചുംബിക്കുന്നത് | - ബലിപീഠത്തേയും സുവിശേഷത്തേയും സ്ലീവായേയും - സ്നേഹാദരവും വിധേയത്വവും കാണിക്കാൻ. |
| തല കുനിക്കുന്നത് | - അനുഗ്രഹം പ്രാപിക്കാൻ. |
| കൈകൾ കമിഴ്ത്തി പിടിക്കുന്നത് | - റൂഹായുടെ ആഗമനം. |

| | |
|---|---|
| കണ്ണുകൾ ഉയർത്തുന്നത് | - സ്വർഗ്ഗത്തെ നോക്കാൻ. |
| കണ്ണുകൾ താഴ്ത്തുന്നത് | - വിനയവും അനുതാപവും. |
| മൗനം | - ധ്യാനാത്മകത. |
| ഉയർന്ന സ്വരം | - പ്രഘോഷണം, ആഹ്ലാദം. |
| കുരിശടയാളം വരയ്ക്കുന്നത് | - രക്ഷയുടെ അനുഭവം സ്വന്തമാക്കാൻ. |
| കൈസ്തുതി കൊടുക്കുന്നത് | - സമൂഹവുമായി അനുരഞ്ജനപ്പെടാൻ (മത്താ. 5:23-24). |

## E. വി. കുർബാനയുടെ ഭാഗങ്ങൾ

സീറോ മലബാർ സഭയുടെ വിശുദ്ധ കുർബാനയിൽ പ്രധാനമായും ഏഴു ഭാഗങ്ങളാണ്. ഒരർത്ഥത്തിൽ വി. കുർബാനയിൽ ഈശോയുടെ ജനനംമുതൽ രണ്ടാമത്തെ വരവു വരെയുള്ള കാര്യങ്ങൾ അനുസ്മരിച്ച് ആചരിച്ച് അനുഷ്ഠിക്കുന്നു.

1) ആമുഖശുശ്രൂഷ
2) വചനശുശ്രൂഷ
3) ഒരുക്കശുശ്രൂഷ
4) അനാഫൊറ
5) അനുരഞ്ജനശുശ്രൂഷ
6) വിഭജനശുശ്രൂഷ
7) സമാപനശുശ്രൂഷ

### 1. ആമുഖശുശ്രൂഷ

കുർബാനയുടെ ആരംഭം മുതൽ ഉത്ഥാനഗീതം ഉൾപ്പെടെയുള്ള ഭാഗമാണിത്.

**അന്നാപ്പെസഹാ** - കൽപ്പന പ്രകാരമുള്ള ക്രമമാണിത്. 'എന്റെ ഓർമ്മയ്ക്കായി ഇത് നിങ്ങൾ ചെയ്യുവിൻ' (1 കോറി. 24:25). അനുരഞ്ജിതരായി വേണം ബലിയർപ്പിക്കുവാൻ - നമ്മോടുതന്നെ, കുടുംബത്തോട്, സമൂഹത്തോട്, പ്രകൃതിയോട്, ദൈവത്തോട്.

**അത്യുന്നതങ്ങളിൽ** - മനുഷ്യാവതാരരഹസ്യം പ്രഘോഷിച്ച് മാലാഖാമാർ പാടിയ സ്തുതിപ്പാണിത്. ഈശോയുടെ പിറവി അനുസ്മരിക്കുന്നു. മൂന്നു പ്രാവശ്യം ആവർത്തിക്കുന്നത് ത്രിയേക ദൈവത്തിനു സ്തുതിയായിട്ടാണ്.

**സ്വർഗ്ഗസ്ഥനായ പിതാവേ -** ഈശോയുടെ ജനനത്തോടെയാണ് ദൈവത്തെ പിതാവേ എന്നു വിളിക്കാനുള്ള സ്വാതന്ത്ര്യവും അവകാശവും മനുഷ്യർക്കു ലഭിക്കുന്നത്. ഈശോയുടെ ജനനത്തിൽ പരിശുദ്ധൻ എന്ന സ്തുതി പാടുന്ന മാലാഖാമാരോടു ചേർന്ന് ഈശോ പഠിപ്പിച്ച പ്രാർത്ഥന നമ്മൾ ഉരുവിടുന്നു. ആദിമസഭയിൽ മാമ്മോദീസാ സ്വീകരിച്ച വിശ്വാസികൾ മാത്രമേ ഈ പ്രാർത്ഥന ചൊല്ലിയിരുന്നുള്ളു. അതുകൊണ്ട് വിശ്വാസികളുടെ പ്രാർത്ഥന എന്ന പേരുണ്ടായി. മാമ്മോദീസാ സ്വീകരിക്കുവാൻ ഒരുങ്ങുന്നവർക്കു വേണ്ടിയുള്ള പ്രബോധനത്തിന്റെ അടിസ്ഥാനം ഈ പ്രാർത്ഥനയായിരുന്നു. തിരുക്കർമ്മങ്ങളെല്ലാം കർതൃപ്രാർത്ഥനകൊണ്ടാരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യുന്ന പുരാതനമായ ഒരു രീതിയെക്കുറിച്ച് സഭാപിതാക്കന്മാർ പ്രതിപാദിക്കുന്നുണ്ട്.

കർതൃപ്രാർത്ഥന ആഘോഷമായി ചൊല്ലുമ്പോൾ കാനോനയോടുകൂടെയാണ് ചൊല്ലുന്നത്. "സ്വർഗ്ഗസ്ഥനായ പിതാവേ..... പരിശുദ്ധൻ പരിശുദ്ധൻ എന്നുദ്ഘോഷിക്കുന്നു" എന്നുവരെയുള്ള ഭാഗവും സ്തുതി കഴിഞ്ഞുള്ള ഭാഗവും സ്വർഗ്ഗസ്ഥനായ പിതാവേ... എന്ന പ്രാർത്ഥനയുടെ കാനോനയാണ്. കാനോന സങ്കീർത്തനങ്ങളിലേ പോലെ ആരംഭത്തിലും അവസാനത്തിലും വേണം. ഏതു മനോഭാവത്തോടെ 'സ്വർഗ്ഗസ്ഥനായ പിതാവേ...' എന്ന പ്രാർത്ഥന ചൊല്ലണമെന്ന് കാനോന നമ്മെ ഓർമ്മിപ്പിക്കുന്നു. പഴയനിയമത്തിലെ അതിവിശിഷ്ടമായ പ്രാർത്ഥനയും (ഏശയ്യാ 6:3) പുതിയ നിയമത്തിൽ ഈശോ പഠിപ്പിച്ച വിശിഷ്ടമായ പ്രാർത്ഥനയും ചേർത്താണ് കാനോന ഉണ്ടാക്കിയിരിക്കുന്നത്.

**മർമ്മീസാ -** സങ്കീർത്തനഗണമാണിത്. സങ്കീർത്തനം ഈശോയുടെ പ്രാർത്ഥനാപുസ്തകം. ഈശോയാണ് പുതിയ ദാവീദ്. ഇസ്രായേലിന്റെ ഗാനധാര. ദൈവത്തിന്റെ രക്ഷാകരപ്രവർത്തനങ്ങൾക്ക് ഇസ്രായേൽ നൽകിയ പ്രത്യുത്തരം. മൂന്നു സങ്കീർത്തനങ്ങളുടെ ഗണമാണ് ഒരു മർമ്മീസാ. കുർബാനയിൽ ഈശോയുടെ രഹസ്യജീവിതത്തെ സൂചിപ്പിക്കുന്നു. സങ്കീർത്തനങ്ങളിൽ ഈശോയെക്കുറിച്ച് എഴുതപ്പെട്ടവ അനുസ്മരിക്കുന്നു. മർമ്മീസാ രക്ഷാകരചരിത്രത്തിന്റെ പഴയനിയമകാലഘട്ടത്തെ അനുസ്മരിപ്പിക്കുന്നു. മനുഷ്യാവതാരത്തിന്റെ പശ്ചാത്തലത്തിലേക്ക് വിരൽ ചൂണ്ടുന്നു.

**സ്ലീവാ ചുംബനം -** രക്ഷകനായ മിശിഹായുടെ പ്രതീകമാണ് സ്ലീവാ. സ്ലീവാവഴി നമ്മെ രക്ഷിച്ച ഈശോയോടുള്ള സ്നേഹവും

അവിടുന്നിലുള്ള വിശ്വാസവും പ്രഖ്യാപിച്ചുകൊണ്ട് ഉത്ഥിതനായ മിശിഹായുടെ പ്രതീകമായ സ്ലീവാ ചുംബിക്കുന്നു.

**ധൂപാർപ്പണം -** വളരെ പ്രധാനപ്പെട്ട കർമ്മമാണിത്. ദൈവസന്നിധിയിലേക്കുയരുന്ന പ്രാർത്ഥനയാണ് ധൂപം സൂചിപ്പിക്കുക. "എന്റെ പ്രാർത്ഥന അങ്ങയുടെ സന്നിധിയിലേക്ക് ധൂപാർച്ചനയായും ഞാൻ കൈകളുയർത്തുന്നത് സായാഹ്നബലിയായും സ്വീകരിക്കണമേ" (സങ്കീ. 141:2). ദൈവത്തെ പ്രസാദിപ്പിക്കുന്നതിനാണ് ധൂപം സമർപ്പിക്കുന്നത്. അതു പാപമോചനത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും അടയാളമാണ്. ധൂപാർപ്പണത്തോടു ബന്ധപ്പെട്ട് കുർബാന തക്സായിൽ കൊടുത്തിരിക്കുന്ന പ്രാർത്ഥനകളിൽനിന്നും ഇതിന്റെ അർത്ഥം മനസ്സിലാക്കാം.

സ്വർഗ്ഗീയാരാധനയുടെ ഒരു പ്രധാന ഘടകമായി യോഹന്നാൻ ഇതിനെ കാണുന്നു (വെളി. 5:8, 8:3-4). ദൈവത്തിനുള്ള നമ്മുടെ സമ്പൂർണ്ണമായ സമർപ്പണത്തിന്റെ പ്രതീകമാണത്. പാപമോചനവും അതുവഴിയുണ്ടാകുന്ന ദൈവപ്രസാദവുമാണ് ധൂപാർപ്പണത്തിന്റെ മുഖ്യലക്ഷ്യം. "ഈ ധൂപം നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോചനത്തിനും നിദാനമായിത്തീരട്ടെ."

ധൂപത്തിന്റെ അകമ്പടിയുമായി ബേമ്മയിൽ പ്രവേശിക്കുന്ന കാർമ്മികൻ ദൈവം മോശയോടു പറഞ്ഞത് ഓർമ്മിക്കണം. പുറപ്പാട് 19:10-11 - "ജനങ്ങളെ ഒരുക്കുക. മൂന്നാം നാൾ കർത്താവായ ഞാൻ മലമുകളിലേക്ക് ഇറങ്ങിവരും." ധൂപം ഇവിടെ ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകമാണ്.

ആനവാതിൽവരെ ധൂപാർച്ചന നടത്തുമ്പോൾ മാർത്തോമ്മാ ക്രിസ്ത്യാനികൾ "എന്റെ കർത്താവേ, പാപിയായ എന്നിൽ കനിയേണമേ" എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഇരുകൈകളുംകൊണ്ട് ധൂപം തങ്ങളിലേക്ക് ആവഹിച്ചിരുന്നതായി പുരാതനരേഖകൾ സാക്ഷിക്കുന്നു.

**ഉത്ഥാനഗീതം -** ഉത്ഥാനഗീതം മൂന്നു പ്രാവശ്യം പാടുന്നത് സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലും (ഫിലി. 2:10-11) ഉള്ളവർ പാടുന്നതിന്റെ പ്രതീകമാണ്. ഈ ഗീതം പാടുന്നതും പ്രകാശം മദ്ബഹായിൽ പരക്കുന്നതുമായി ബന്ധപ്പെടുത്തി പ്രകാശത്തിന്റെ ഗീതം എന്ന പേരും ഇതിനുണ്ട്.

ശിമയോൻ കേപ്പായുടെ അധരങ്ങളിലൂടെ ശിഷ്യന്മാർ നടത്തിയ നമ്മുടെ കർത്താവിലുള്ള വിശ്വാസപ്രഖ്യാപനമാണ് ഈ ഗീതമെന്ന്

അബ്ദീശോ പഠിപ്പിക്കുന്നു. ശ്ലീഹന്മാർ പ്രഘോഷിച്ച നമ്മുടെ കർത്താവിലുള്ള വിശ്വാസത്തിന്റെ ഏറ്റുപറച്ചിലാണ് സഭ ആലപിക്കുന്ന 'സകലത്തിന്റെയും നാഥാ...' എന്ന കീർത്തനം.

മദ്ബഹാവിരി തുറക്കുന്നത്, ഈശോ മാമ്മോദീസാ സ്വീകരിച്ചപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടതിനെ സൂചിപ്പിക്കുന്നു. സ്വർഗ്ഗം തുറക്കുക എന്നാൽ പരിശുദ്ധ ത്രിത്വത്തെ വെളിപ്പെടുത്തുക എന്നാണ്. മദ്ബഹായുടെ പടികൾ സ്വർഗ്ഗീയ ഗോവണിയാണ്. പഴയനിയമത്തിൽ യാക്കോബിന്റെ സ്വപ്നത്തിൽ ഇതു കാണുന്നു. വിരി മാറ്റപ്പെട്ട മദ്ബഹാ ഏശയ്യായുടെയും വെളിപാട് ഗ്രന്ഥകർത്താവിന്റെയും മുമ്പിൽ തുറക്കപ്പെട്ട സ്വർഗ്ഗമാണ്. മിശിഹായുടെ ഉത്ഥാനം നമ്മുടെ ഉയിർപ്പിന്റെ ആചാരമായി വിശ്വസിച്ചേറ്റുപറയുന്നു.

## 2. വചനശുശ്രൂഷ

ഈശോമിശിഹായുടെ പരസ്യജീവിതത്തെ അനുസ്മരിക്കുന്നു.

**ത്രൈശുദ്ധ കീർത്തനം –** 'പരിശുദ്ധൻ' എന്നു മൂന്നു പ്രാവശ്യം ആവർത്തിച്ച് ആലപിക്കപ്പെടുന്നതുകൊണ്ടാണ് ത്രൈശുദ്ധകീർത്തനം എന്ന പേരു പറയുന്നത്. സിറിയൻ ബൈസന്റീൻ റീത്തുകളിൽ വിശുദ്ധ ഗ്രന്ഥ പ്രദക്ഷിണത്തിനു ശേഷവും കോപ്റ്റിക്, എത്യോപ്യൻ റീത്തുകളിൽ ലേഖനവായനയ്ക്കുശേഷവും ത്രൈശുദ്ധകീർത്തനം പാടുന്നു. അർമേനിയൻ റീത്തിൽ സുവിശേഷപ്രദക്ഷിണ സമയത്ത് ഇതാലപിക്കുന്നു. അതാവർത്തിക്കപ്പെടുന്നത് മാലാഖാമാരോടു ചേർന്ന് നാമും ആലപിക്കുന്നു എന്നു സൂചിപ്പിക്കാനാണ്.

മനുഷ്യർ അശുദ്ധരാണെന്ന ചിന്തയോടെ ദൈവത്തിന്റെ പരിശുദ്ധി പ്രഘോഷിക്കുന്നു. മാലാഖാമാരുടെ വിശ്രമമില്ലാത്ത ദൈവസ്തുതിയാണ് ത്രൈശുദ്ധ കീർത്തനം. സ്വർഗ്ഗവും ഭൂമിയും ഒന്നുചേരുന്ന അവസരമാണിത്. പരമപരിശുദ്ധനായ ദൈവത്തിന്റെ പരിശുദ്ധിയുടെ മുമ്പിൽ വിശുദ്ധീകരണത്തിനായി നിൽക്കുന്ന ആരാധനാസമൂഹം.

**വായനകൾ –** നാലു വായനകളാണ് നമ്മുടെ കുർബാനയിലുള്ളത്. രണ്ടു പഴയനിയമ വായനകൾ (മിശിഹായുടെ രഹസ്യജീവിതം), രണ്ടു പുതിയനിയമ വായനകൾ (മിശിഹായുടെ പരസ്യജീവിതം).

പഴയനിയമ വായനകളിൽ ആദ്യത്തേത് പഞ്ചഗ്രന്ഥിയിൽ നിന്നും (നിയമഗ്രന്ഥം - മോശ) രണ്ടാമത്തേത് പ്രവാചകന്മാരിൽ നിന്നുമാണ്. പഴയനിയമ വായനകൾ ഇടതു വശത്തെ പീഠത്തിൽനിന്നാണ്. മൂശെ

യുടെ നിയമങ്ങളുടെയും പ്രവചനങ്ങളുടെയും അർത്ഥം കണ്ടെത്തേണ്ടത് മിശിഹായിലാണ്. അതായത് ഈ വായനകൾ വിശ്വാസസമൂഹത്തെ മിശിഹായിലേക്കു നയിക്കുന്നു. നിയമത്തിലും പ്രവാചക ഗ്രന്ഥങ്ങളിലും തന്നെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നു എന്ന് മിശിഹാ തന്നെ പറഞ്ഞിട്ടുണ്ടല്ലോ.

**ശൂറായ (പ്രാരംഭഗീതം) –** പഴയനിയമത്തിലെ വായനകൾക്കു ശേഷം പാടുന്ന സ്തുതിഗീതം. ദൈവമഹത്വത്തെ വാഴ്ത്തിപ്പാടുന്ന സങ്കീർത്തനവാക്യങ്ങളാണ് ഇതിന്റെ ഉള്ളടക്കം. പ്രപഞ്ചത്തോടു ചേർന്ന് സഭ സ്രഷ്ടാവിനെ മഹത്വപ്പെടുത്തുന്നു.

**തുർഗാമ (വ്യാഖ്യാനഗീതം) –** വായിക്കാൻ പോകുന്ന ലേഖന ഭാഗത്തിന് ആമുഖമായുള്ള ധർമ്മോപദേശം. ജീവനും വെളിച്ചവും രക്ഷയും പകർന്നുതരുന്ന വചനത്തെ എതിരേൽക്കുന്ന വേളയാണ് വചനശുശ്രൂഷയുടേതെന്ന് തുർഗാമ വ്യക്തമാക്കുന്നു.

**എങ്കർത്താ (ലേഖനം) –** മൂന്നാം വായനയാണിത്. ആഘോഷമായ കുർബാനയിൽ ഒരു ശുശ്രൂഷി കത്തിച്ച തിരിയുമായി സമീപത്തു നിൽക്കുന്നു. സിനഗോഗിൽ നിയമഗ്രന്ഥവും പ്രവാചകഗ്രന്ഥവും വായിച്ചതിനുശേഷം പൗലോസ് ശ്ലീഹാ തന്റെ വ്യാഖ്യാനം നൽകുന്നുണ്ടല്ലോ. പൗലോസിന്റെ ലേഖനങ്ങളെല്ലാം മിശിഹായെക്കുറിച്ചുള്ള പ്രഘോഷണമാണല്ലോ.

പൗലോസ് ശ്ലീഹാ ഇന്ന് ലേഖനഭാഗത്തിലൂടെ നമ്മെ പഠിപ്പിക്കുകയാണ്. അപ്പസ്തോലന്മാരുടെയും അവരെ അയച്ച മിശിഹായുടെയും ലിറ്റർജിയിലെ സജീവസാന്നിദ്ധ്യം വി. ഗ്രന്ഥത്തോടുള്ള ബഹുമാനം നമ്മെ ഓർമ്മപ്പെടുത്തുന്നു. ലേഖനംവഴി അപ്പസ്തോലന്മാർ നമ്മളെ പഠിപ്പിക്കുന്നു.

*"റോമാക്കാർക്കായി പൗലോസ്*
*എഴുതിയ കത്താൽ നമ്മെയുമിപ്പോൾ മോദാൽ*
*ദൈവികദൗത്യം അറിയിപ്പതുനാം*
*കേൾക്കുക യുക്തം."*

**സുമ്മാറ –** ഹല്ലേലൂയ്യാ ഗീതം – കർത്താവിനെ സ്തുതിക്കുക എന്ന അർത്ഥത്തിൽ പഴയനിയമജനത ഉപയോഗിച്ചിരുന്ന സ്തോത്ര ഗീതമാണിത്. ഉത്ഥിതനായ ഈശോയുടെ വചനങ്ങൾ ശ്രവിക്കുവാൻ തയ്യാറാകുന്ന ആരാധനാസമൂഹത്തിന്റെ സന്തോഷപ്രകടനമാണ് ഈ ഗീതം.

**സുവിശേഷഗീതം -** വചനത്തെക്കുറിച്ചും ഈശോയെക്കുറിച്ചും സുവിശേഷത്തെക്കുറിച്ചും സുവിശേഷകന്മാരെക്കുറിച്ചുമുള്ള സ്തുതി ഗീതം.

**തുർഗാമ -** വ്യാഖ്യാനഗീതം - ദൈവവചനത്തെക്കുറിച്ചുള്ള മനോഹരമായ ഒരു പ്രബോധനമാണിത്. ആദ്യഭാഗത്ത് ദൈവവചനത്തിന്റെ നിരവധിയായ സവിശേഷതകൾ പറയുന്നു. ഈശോയുടെ മനുഷ്യാവതാരം, പരസ്യജീവിതം, മരണം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം, ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവിനെ അയയ്ക്കൽ, സുവിശേഷ പ്രഘോഷണ ദൗത്യം ഇവയെക്കുറിച്ചു വിവരിക്കുന്നു.

**സുവിശേഷ പ്രദക്ഷിണം -** സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്കുള്ള മിശിഹായുടെ ആഗമനത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. കാർമ്മികൻ സുവിശേഷ ഗ്രന്ഥമെടുത്ത് തന്റെ മുഖംമറച്ച് സ്ലീവാ, ധൂപകലശം, തിരികൾ ഇവ വഹിക്കുന്ന ശുശ്രൂഷികളോടുകൂടെ പ്രദക്ഷിണമായി ബേമ്മായിലേക്കു പോകുന്നു. സുവിശേഷം വായിക്കുമ്പോൾ ഈശോ തന്നെയാണ് സംസാരിക്കുന്നത്. "ദൈവം തന്നെയാണ് സംസാരിക്കുന്നത്" എന്ന് അർമ്മേനിയൻ ലിറ്റർജിയിൽ സമൂഹം ഏറ്റുപറയുന്നു.

**നാലാം വായന -** സുവിശേഷത്തിൽനിന്നും. കാർമ്മികൻ സുവിശേഷഗ്രന്ഥംകൊണ്ട് ആശീർവദിക്കുമ്പോൾ സമൂഹം സ്ലീവായുടെ അടയാളത്താൽ സ്വയം ആശീർവദിക്കുന്നു. വായനയ്ക്കുശേഷം സുവിശേഷം ബലിപീഠത്തിൽ വയ്ക്കുന്നു. റാസയിലാണെങ്കിൽ ബേമ്മായിലും. വചനമായ കർത്താവു നിർവ്വഹിക്കുന്ന രക്ഷയുടെ ശുശ്രൂഷ എന്ന നിലയിൽ വചനശുശ്രൂഷയെ കാണാനാണ് പൗരസ്ത്യസുറിയാനി പാരമ്പര്യം ആഹ്വാനം ചെയ്യുന്നത്. വചനശുശ്രൂഷ യഥാർത്ഥത്തിൽ കാറോസൂസാകളുടെ (പ്രഘോഷണങ്ങൾ) ഒരു പരമ്പരയാണ്. പഴയനിയമ വായനകൾ മിശിഹായെ പ്രതിരൂപങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ലേഖനങ്ങൾ ശ്ലീഹായുടെ ദൈവാനുഭവത്തിലൂടെയും സുവിശേഷവായന സുവിശേഷകന്റെ മിശിഹാനുഭവത്തിലൂടെയും സംസാരിക്കുന്നു.

**ദൈവവചന വ്യാഖ്യാനം -** അപ്പത്തിന്റെ മേശയിൽ അപ്പം മുറിക്കുമ്പോൾ ഈശോ കാണണമെങ്കിൽ വചനത്തിന്റെ മേശയിൽ വചനം വ്യാഖ്യാനിക്കുമ്പോൾ വിശ്വാസികളുടെ ഹൃദയം ജ്വലിക്കണം. വചനം ജീവദായകമായ ആത്മാവാണ്. പഴയനിയമ, പുതിയനിയമ, വായന

കളുടെ വെളിച്ചത്തിൽ നടത്തുന്ന വചനവിശദീകരണം. വചന വ്യാഖ്യാനം ആവശ്യഘടകവും പരിശുദ്ധ കുർബാനയുടെ ഭാഗവുമാണ് (വത്തിക്കാൻ സൂനഹദോസ്, ലിറ്റർജി, 35).

**കാറോസൂസാ -** പ്രഘോഷണമെന്നാണ് കാറോസൂസായുടെ അർത്ഥം. വിശ്വാസപ്രഘോഷണവും ജീവിതസാക്ഷ്യവും ക്രിസ്തീയ തയുടെ ഏറ്റുപറച്ചിലുമാണിത്. കാറോസൂസാ സ്വകാര്യപ്രാർത്ഥന യ്ക്കുള്ള അവസരമല്ല.

ദൈവം ആരാണെന്നും അവിടുന്ന് എന്തു പഠിപ്പിക്കുന്നുവെന്നും വിശുദ്ധ ഗ്രന്ഥവായനയിലൂടെ നാം മനസ്സിലാക്കി. അങ്ങനെ വിശുദ്ധ ഗ്രന്ഥത്തിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവത്തെ ഏറ്റുപറയുകയും അവിടുന്ന് ലോകത്തിൽ അറിയപ്പെടുന്നതിനും അവിടുത്തെ തിരുമനസ്സ് പ്രാവർത്തികമാകുന്നതിനുമായി കാറോസൂസായിൽ പ്രാർത്ഥിക്കുന്നു.

(തുടരും)

B B B B B B B B B B B B B B B B B B B


Y അഭിനന്ദനങ്ങൾ !! Y

കരിസ്മാറ്റിക് മൂവ്മെന്റിന്റെ നാഷണൽ സർവ്വീസ് ടീമിൽ (NST) അംഗമായി തെരഞ്ഞെടുക്കപ്പെട്ട ബഹു. **ജോസ് അഞ്ചാനിക്കലച്ചന്** പ്രാർത്ഥനാശംസകൾ!

*******************************************************************

കെ.സി.ബി.സി. നാടകഗാന സംഗീതത്തിന് ഒന്നാം സ്ഥാനത്തിന് അർഹനായ ബഹു. **ജെയിംസ് വെണ്ണായിപ്പിള്ളിൽ അച്ചനും** രണ്ടാമത്തെ നല്ല നാടകമായി തെരഞ്ഞെടുക്കപ്പെട്ട **പാലാ കമ്യൂണി ക്കേഷൻസിന്റെ 'കടലോളം കനിവ്'** എന്ന നാടകത്തിനും പാലാ രൂപതയുടെ സ്നേഹനിർഭരമായ ആശംസകൾ!

# വിയാനി ചിന്തകൾ - 4

1. കുരിശിൻ ചുവട്ടിലേക്ക് നമുക്ക് വീണ്ടും പോകാം. അവിടെനിന്ന് നമ്മൾ പഠിക്കും ദൈവം എന്താണ് നമുക്കുവേണ്ടി ചെയ്തതെന്നും നമ്മൾ ദൈവത്തിനുവേണ്ടി എന്തുചെയ്യണമെന്നും.

2. ഒരാൾ കൂടുതൽ കൂടുതലായി പ്രാർത്ഥിക്കുമ്പോൾ വീണ്ടും കൂടുതലായി പ്രാർത്ഥിക്കാൻ അവന്റെ ഉള്ളിൽ ആഗ്രഹമുണ്ടാകുന്നു.

3. ദൈവാലയ വാതിൽ അടച്ചിരിക്കുമ്പോൾ ദൈവാലയത്തിന്റെ ഭിത്തിക്കപ്പുറം ഒന്നും ഞാൻ കാണാത്തതുപോലെ ഈ ലോക ജീവിതത്തിന്റെ അപ്പുറത്തുള്ള ഒന്നും ലോകത്തിന്റെ കണ്ണുകൾ കാണുന്നില്ല. ഒരു ക്രിസ്ത്യാനിയുടെ കണ്ണുകൾ നിത്യ ജീവിതത്തിന്റെ ആഴങ്ങൾ നോക്കികാണുന്നു.

4. നമ്മുടെ കർത്താവ് തനിക്ക് മഹത്വം കൊണ്ടുവരുന്ന എന്തും എപ്പോഴും മറച്ചുവയ്ക്കുന്നു.

5. ഓരോ ദിവസത്തിന്റെയും ആരംഭത്തിൽ ആ ദിവസത്തേക്ക് വേണ്ട അത്യാവശ്യ കൃപ നമുക്കുവേണ്ടി ദൈവം തയ്യാറാക്കി വച്ചിട്ടുണ്ട് എന്നത് നാം ഒരിക്കലും മറക്കരുത്. പാപം ചെയ്യാനുള്ള നമ്മുടെ അവസരങ്ങൾ അവൻ കൃത്യമായി അറിയുന്നു... തുടർന്ന് നാം ആവശ്യപ്പെടുകയാണെങ്കിൽ നമുക്ക് വേണ്ടതെല്ലാം ദൈവം നല്കും. അതുകൊണ്ടാണ് പ്രഭാതപ്രാർത്ഥനകൾ നമ്മൾ ചെല്ലുന്നത് തടയാൻ സാത്താൻ എല്ലാം ചെയ്യുന്നത് അല്ലെങ്കിൽ അവ മോശമായി ചൊല്ലാൻ പ്രേരിപ്പിക്കുന്നത്.

6. ആത്മാക്കൾക്കുവേണ്ടിയുള്ള ഈശോമിശിഹായുടെ തീക്ഷ്ണതയും സ്നേഹവുമാണ് ശ്ലീഹന്മാരിൽ പ്രതിബിംബിക്കുന്നത്.

7. ആരാലും കാണപ്പെടാത്ത ചെറിയ പരിത്യാഗപ്രവൃത്തികളെ ഞാൻ എത്രയോ ഇഷ്ടപ്പെടുന്നു.

8. നിന്റെ മതം മറ്റുള്ളവരാൽ വിമർശിക്കപ്പെടുമ്പോൾ അവർ പറയുന്നത് കേൾക്കുക. പക്ഷേ അവരുടെ വിമർശനത്തിനും കളിയാക്കലിനും യാതൊരു വിലയും കല്പിക്കരുത്. അവരെ ഓർത്ത് പരിതപിക്കുക. അതിനുശേഷം അവർക്കുവേണ്ടി പ്രാർത്ഥിക്കുക.

9. പാപികളുടെ മാനസാന്തരത്തിനായി നമ്മെ തന്നെ ബലിവസ്തുക്കളായി ഒരാഴ്ചത്തേക്കോ രണ്ടാഴ്ചത്തേക്കോ സമർപ്പിക്കാം. ചൂടോ തണുപ്പോ സഹിക്കുക, നമുക്ക് സന്തോഷം നല്കുന്ന ഒരു കാഴ്ചയോ സന്ദർശനമോ ഒഴിവാക്കുക, ഒരു നൊവേന ചൊല്ലുക ഈ ഉദ്ദേശ്യത്തോടുകൂടി ഒരാഴ്ചയിലെ എല്ലാദിവസത്തെയും കുർബാന അർപ്പിക്കുക.

10. പരിശുദ്ധകൂദാശയിൽ ഈശോമിശിഹായ്ക്ക് ലഭിക്കുന്ന അവജ്ഞയെ ഓർത്തു ദു:ഖിക്കുകയും കൂടുതൽ മഹത്തായ തീക്ഷ്ണസ്നേഹത്താൽ അതിന് പരിഹാരം ചെയ്യുവാൻ പരിശ്രമിക്കുകയും ചെയ്യുക.

11. നമ്മൾ ദാനധർമ്മംചെയ്യുമ്പോൾ പാവപ്പെട്ടവനായ നമ്മുടെ കർത്താവിനാണ് കൊടുക്കുന്നത് എന്നു ചിന്തിക്കണം. നമ്മൾ പലപ്പോഴും ചിന്തിക്കും പാവപ്പെട്ട ഒരുവനെയാണ് നമ്മൾ സഹായിക്കുന്നതെന്ന്. എന്നാൽ പിന്നീട് നമ്മൾ കാണും അതു നമ്മുടെ കർത്താവാണെന്ന്.

12. പ്രാത്ഥന ഒരു സംഭാഷണമാണ്, ഒരു കുഞ്ഞ് അതിന്റെ പിതാവിനോട് നടത്തുന്ന, ഒരു പ്രജ തന്റെ രാജാവിനോട് നടത്തുന്ന, ദാസൻ തന്റെ യജമാനനോട് നടത്തുന്ന, ഒരു സുഹൃത്ത് തന്റെ സുഹൃത്തിനോട് നടത്തുന്ന സംഭാഷണമാണ്.

13. നമുക്ക് ഇഷ്ടമില്ലാത്ത എന്തെങ്കിലും നമ്മൾ ചെയ്യുമ്പോൾ നമുക്ക് ദൈവത്തോട് പറയാം! "എന്റെ ദൈവമേ എനിക്കുവേണ്ടി നീ മരിച്ചു ആ നിമിഷത്തിന്റെ മഹത്വത്തിനായി ഞാൻ ഇതു സമർപ്പിക്കുന്നു."

14. വായുവിൽ പറക്കുന്ന കഴുകന്മാരെപ്പോലെയും മീവൽപക്ഷികളെയും പോലെയുമാണ് നിർമ്മല ഹൃദയമുള്ളവർ.

15. ഒരു പ്രവൃത്തി ദൈവത്തിന് എന്തുമാത്രം സ്വീകാര്യമാണെന്ന് ജീവിതപരീക്ഷണങ്ങൾ വ്യക്തമായി കാണിക്കുന്നു.

16. ലാസറിനെക്കുറിച്ച് ആളുകൾ സംസാരിക്കാറുണ്ട്: തന്റെ ഭവനത്തിൽ ദിവ്യരക്ഷകനെ പരിചരിക്കാനുള്ള മഹത്തായ അവസരം അവനു ലഭിച്ചു എന്ന്. പക്ഷേ, ലാസറിന് അവന്റെ സമീപമേ കർത്താവ് ഉണ്ടായിരുന്നുള്ളു. എന്നാൽ നമ്മൾ തീരുമാനിക്കുകയാണെങ്കിൽ ആഗ്രഹിക്കുമ്പോഴെല്ലാം അവൻ നമ്മുടെ ഹൃദയത്തിൽ ഉണ്ടാകും.

17. എന്റെ ദൈവമേ, നീ എനിക്ക് എല്ലാം നല്കി. ഇതാ ഞാൻ നിനക്ക് അൽപമേ നൽകുന്നുള്ളു. കൂടുതൽ കൂടുതൽ നൽകാനുള്ള ശക്തി എനിക്കു നല്കണമേ.

18. നിന്റെ ദൈവത്തേക്കാൾ നീ ഇഷ്ടപ്പെടുന്നത് ഒരു നിമിഷത്തെ സന്തോഷമാണോ?

19. ഓരോ പ്രാവശ്യം പാപം ചെയ്യുമ്പോഴും വലിയ ആത്മവിശ്വാസത്തോടെ നമുക്ക് ഈശോയുടെ അടുക്കലേക്ക് പോകാം.

20. എന്റെ കുഞ്ഞുങ്ങളേ, വിശ്വാസത്തിന്റെയും, പ്രത്യാശയുടെയും സ്നേഹത്തിന്റെയും മൂന്ന് പ്രവൃത്തികളിൽ ഭൂമിയിൽ ഒരു മനുഷ്യന്റെ എല്ലാ ആനന്ദവും ഉൾകൊള്ളുന്നു.

21. ഞാൻ യൗസേപ്പിതാവിനെ വളരെയേറെ സ്നേഹിക്കുന്നു എന്തുകൊണ്ടെന്നാൽ പരിശുദ്ധകന്യകാമറിയത്തിന്റെ കാര്യത്തിൽ അദ്ദേഹത്തിന് അത്രമാത്രം ശ്രദ്ധ ഉണ്ടായിരുന്നു.

22. മുപ്പതു പൈസ സമ്പാദിക്കാനായി മൂന്നോനാലോ നാഴിക മൈൽ ആളുകൾ പോകും. എന്നാൽ, ഇടദിവസങ്ങളിൽ വി. കുർബാനയിൽ പങ്കെടുക്കാൻ മുപ്പതു ചുവടു വയ്ക്കുകയില്ല.

23. ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുകവഴിയായി ഈശോമിശിഹാ നമ്മെ എളിമ പഠിപ്പിക്കുകയാണ്. അതുകൂടാതെ എത്രവലിയ നിർമ്മലതയോടെ നമ്മൾ അവനെ സമീപിക്കണം എന്നും.

24. എന്റെ സുഹൃത്തേ നമ്മുടെ കർത്താവിന്റെ ക്ഷമയിൽ വസിക്കുക.

25. ഒരു പീരങ്കിയിൽ നിന്ന് വെടിയുണ്ട പോകുന്നതുപോലെ ഒരാൾ ദൈവത്തെ സമീപിക്കാൻ നേരിട്ട് അവന്റെ അടുക്കലേക്ക് പോകണം.

26. പരിശുദ്ധ മാലാഖാമാർക്ക് ദൈവത്തോടുള്ള വ്യതിചലിക്കാത്ത വിധേയത്വം മറ്റെല്ലാറ്റിനെക്കാളും ഉപരി നമ്മെ പ്രചോദിപ്പിക്കേണ്ടതാണ്.

27. എളിമ തുലാസിന്റെ തട്ടുകൾപോലെയാണ്. ഒരു വശം താഴുമ്പോൾ മറുവശം ഉയരുന്നു. പരിശുദ്ധ കന്യകാമറിയത്തെപ്പോലെ നമുക്കും എളിമയുള്ളവരാകാം. അപ്പോൾ നമ്മൾ ഉയർത്തപ്പെട്ടിരിക്കും.

28. ദൈവം ആവശ്യപ്പെടുന്നത് ചെയ്യുവാനായി തന്റെ ഇഷ്ടം ഉപേക്ഷിക്കാൻ ഓരോരുത്തരും എപ്പോഴും തയ്യാറായിരിക്കണം.

29. നല്ല കള്ളൻ തനിക്കു നൽകാൻ സാധിക്കുമായിരുന്നതെല്ലാം ഈശോമിശിഹായ്ക്കു നൽകി.

30. പരിശുദ്ധ കൂദാശയിൽ നമ്മുടെ കർത്താവ് മറഞ്ഞിരിക്കുന്നു, അവനെ ചെന്ന് സന്ദർശിക്കുവാനായി നമ്മളെ കാത്തിരിക്കുന്നു... അവൻ എത്ര നല്ലവനാണെന്ന് കാണുക! ഇപ്പോൾ അവന്റെ എല്ലാ മഹത്വത്തിലും അവൻ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുകയായിരുന്നെങ്കിൽ അവനെ സമീപിക്കാൻ നമ്മൾ ധൈര്യപ്പെടുകയില്ലായിരുന്നു. "നിനക്ക് എന്നെ കാണാൻ കഴിയുകയില്ല, പക്ഷേ അത് പ്രശ്നമല്ല. നിനക്ക് വേണ്ടത് എല്ലാം എന്നോട് ചോദിക്കുക...." അവൻ പറയുന്നു.

31. നമ്മുടെ കർത്താവിനോട് നമ്മളെത്തന്നെ ഐക്യപ്പെടുത്തുന്നതിന് രണ്ട് വഴികളാണുള്ളത്. പ്രാർത്ഥനയും കൂദാശകളും.

32. ചില മനുഷ്യർ ഭക്തിയുടെ മറവിൽ നിസ്സാരമായ ഒരു അധിക്ഷേപിക്കലിൽ പ്രകോപിതരാകും. നമ്മെ മുറിപ്പെടുത്തുന്നവർക്കെതിരെ പിശാച് ഉണർത്തുന്ന വെറുപ്പിന്റെ വികാരങ്ങളെ പരാജയപ്പെടുത്താനുള്ള സൂത്രം അവരുടെ മാനസാന്തരത്തിനായി വേഗന്ന് പ്രാർത്ഥിക്കുകയാകുന്നു.

33. ദൈവം എന്റെ ഹൃദയം അവനുവേണ്ടി മാത്രമാണ് സൃഷ്ടിച്ചിട്ടുള്ളത്. അതിനെ ആനന്ദിപ്പിക്കുവാനായി അവനു നൽകാനായി അവൻ എന്നോട് ആവശ്യപ്പെടുന്നു.

**സമ്പാദകൻ : മാർ ജോസഫ് കല്ലറങ്ങാട്ട്**



# പ്രസ്ബിത്തേരിയം

## ബഹു . വൈദികരുടെ ശ്രദ്ധയ്ക്ക്

വൈദികവർഷത്തോടനുബന്ധിച്ച് നമ്മുടെ രൂപതയിൽ സേവന മനുഷ്ഠിക്കുന്ന എല്ലാ വൈദികരുടെയും (ഇടവക സന്യാസ വൈദികർ) ഒരു സമ്മേളനം (പ്രസ്ബിത്തേരിയം) **2009 ഡിസംബർ മാസം 15-ാം തീയതി ചൊവ്വാഴ്ച** അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് കൂടുകയാണ്. ഇടവക ജനങ്ങളുടെ ആത്മീയവളർച്ചയ്ക്കും അജ പാലനശുശ്രൂഷയുടെ നവോത്ഥാനത്തിനും വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ചെയ്തിട്ടുള്ള മഹത്തായ കാര്യ ങ്ങളെക്കുറിച്ച് ക്ലാസ് ഉണ്ടായിരിക്കും. തുടർന്ന് രൂപതയിലെ ഇടവക പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചകളും പങ്കുവയ്ക്കലുമാണ്. അന്നു **രാവിലെ 10.00-ന്** ആരംഭിക്കുന്ന സമ്മേളനം ഉച്ചയ്ക്ക് ഒരു മണി യോടെ അവസാനിക്കും.

എല്ലാ ഇടവകവൈദികരും സന്യാസവൈദികരും മേൽ സൂചിപ്പിച്ച തീയതി ശ്രദ്ധിക്കുകയും സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്യണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. വളരെ അപൂർവ്വ അവസരങ്ങളിൽ മാത്രമേ ഇതുപോലുള്ള വൈദികസമ്മേളനം നടക്കാറുള്ളു. ഒരച്ചൻപോലും ഈ കൂട്ടായ്മയിൽനിന്ന് ഒഴിവാകാ തിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

+ Jos Kallarangatt

ബിഷപ്സ് ഹൗസ്, പാലാ
1.11.2009

**മാർ ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

*പ്രത്യേക അറിയിപ്പ്*

# 27 –ാമത്
# <u>പാലാ രൂപതാ ബൈബിൾ കൺവൻഷൻ</u>

26 വർഷമായി ഫലപ്രദമായി നടത്തിവരുന്ന പാലാ രൂപതാ ബൈബിൾ കൺവൻഷൻ ഇക്കൊല്ലം ഡിസംബർ 19, 20, 21, 22, 23 തീയതികളിൽ (ശനി, ഞായർ, തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ) നടത്തപ്പെടുകയാണല്ലോ.

വിശുദ്ധ അൽഫോൻസാമ്മയുടെ ജന്മശതാബ്ദി വത്സരം കണക്കിലെടുത്ത് **ഈ വർഷത്തെ പാലാ രൂപതാ ബൈബിൾ കൺവൻഷൻ** *ഭരണങ്ങാനത്ത് സ്കൂൾ മൈതാനിയിൽ (അൽഫോൻസാ തീർത്ഥാടന കേന്ദ്രത്തിനു മുൻവശം)* വച്ചായിരിക്കും നടത്തുക. കൺവൻഷൻ വേദി മാറ്റിയിരിക്കുന്ന വിവരം ശ്രദ്ധിക്കുമല്ലോ.

+ Jos Kallarangatt

**മാർ ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതയുടെ മെത്രാൻ

*സർക്കുലർ - 80*

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ,

വൈദികവർഷാചരണം സംബന്ധിച്ച് ഫൊറോനാതലത്തിൽ മാസധ്യാനാവസരത്തിൽ നമ്മൾ ഒന്നുചേർന്ന് ചിന്തിച്ച് പല നിർദ്ദേശങ്ങളും മുന്നോട്ടുവച്ചിരുന്നല്ലോ. നമ്മുടെ ശുശ്രൂഷാരംഗങ്ങളിൽ വർദ്ധിച്ച അർപ്പണമനോഭാവവും തീക്ഷ്ണതയും ഉണ്ടാകുന്നതിന് അടിസ്ഥാനമായ ആത്മീയചൈതന്യവളർച്ചയ്ക്ക് ആവശ്യമായ ധ്യാനങ്ങളും സെമിനാറുകളും ക്ലാസ്സുകളും ഈ വർഷം ഉണ്ടാകണമെന്ന താല്പര്യം എല്ലാവരും പ്രകടിപ്പിച്ചിരുന്നു. അജപാലകരുടെ ആദ്ധ്യാത്മികതയും ജീവിത വിശുദ്ധിയുമാണല്ലോ നമ്മുടെ ശുശ്രൂഷയുടെ ഫലസമൃദ്ധിക്ക് അടിസ്ഥാനം. ആകയാൽ നമ്മെത്തന്നെ കണ്ടെത്തുവാനും, ജീവിത നവീകരണത്തിലൂടെ ഒരു പുനഃസമർപ്പണം നടത്തുന്നതിനും സഹായകമായവിധം ഇപ്പോൾ വിവിധ ശുശ്രൂഷാരംഗങ്ങളിൽ വ്യാപൃതരായ നമ്മുടെ എല്ലാ ബഹുമാനപ്പെട്ട അച്ചന്മാർക്കുമായി അട്ടപ്പാടിയിലുള്ള സെഹിയോൻ ധ്യാനകേന്ദ്രത്തിൽവച്ച് ഒരു ധ്യാനം ക്രമീകരിക്കുകയാണ്. നാലു പൂർണ്ണ ദിവസങ്ങളിലാണ് ധ്യാനം. ഞായറാഴ്ച വൈകുന്നേരം ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ അവസാനിക്കുന്നതാണ്. നാലു ബാച്ചുകളിലായിട്ടായിരിക്കും ധ്യാനം നടക്കുക. ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ആദ്യഞായറാഴ്ച തുടങ്ങി ആദ്യ വെള്ളിയാഴ്ച രാവിലെ ധ്യാനം അവസാനിക്കുന്നതാണ്. ധ്യാനത്തിൽ പങ്കെടുക്കുന്നവർക്ക് യാത്രാസൗകര്യം രൂപതാകേന്ദ്രത്തിൽനിന്നും ക്രമീകരിക്കുന്നതാണ്. ഞായറാഴ്ച ഉച്ചകഴിഞ്ഞ് **ഒരു മണിക്ക്** ധ്യാനത്തിൽ സംബന്ധിക്കുന്ന ബഹു. അച്ചന്മാർ **ബിഷപ്സ് ഹൗസിൽ** എത്തിച്ചേരേണ്ടതാണ്. ധ്യാനം കഴിഞ്ഞ് വെള്ളിയാഴ്ച വെളുപ്പിന് തിരിച്ചെത്തുന്നതിനുള്ള ക്രമീകരണം ചെയ്യുന്നതാണ്. ധ്യാനദിവസങ്ങളിൽ വിശുദ്ധ കുർബാനയ്ക്കാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുമല്ലോ. വെള്ളിയാഴ്ചത്തെ വിശുദ്ധ കുർബാന വൈകുന്നേരത്തേക്ക് ക്രമീകരിക്കേണ്ടതാണ്. ഓരോ ബാച്ച് ധ്യാനത്തിലും സംബന്ധിക്കേണ്ട ബഹു. അച്ചന്മാരുടെ ലിസ്റ്റ് താഴെച്ചേർക്കുന്നു. ബഹു. അച്ചന്മാർ പ്രത്യേക താല്പര്യമെടുത്ത് ഈ ധ്യാനത്തിൽ പങ്കെടുക്കുമല്ലോ.

+ Jos Kallarangatt

ബിഷപ്സ് ഹൗസ്, പാലാ
1.11.2009

**മാർ ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതയുടെ മെത്രാൻ

## BATCH 1 - DECEMBER 06 - 11

| | | |
|---|---|---|
| 1 | AMMANATHUKUNNEL | JOSEPH |
| 2 | AMPAZHATHUMKAL | GEORGE |
| 3 | AYATHAMATTAM | JOSEPH |
| 4 | CHANDRENKUNNEL | MATHEW (Jr.) |
| 5 | CHERUVALLIKIZHAKKEL | THOMAS |
| 6 | EDAYAL | THOMAS |
| 7 | ELAMBASSERIL | GEORGE |
| 8 | ENNACKAPPALLIL | MATHEW |
| 9 | ERIMATTATHIL | ABRAHAM |
| 10 | ETTUMANOORKARAN | ALVIN |
| 11 | ILLIMOOTTIL | MATHEW |
| 12 | ILLIMOOTTIL | THOMAS |
| 13 | KADALIKATTIL | MATHEW |
| 14 | KAKKALLIL | JOSE |
| 15 | KALACHIRAYIL | THOMAS |
| 16 | KALAPURACKAL | JOSEPH |
| 17 | KALEKKATTIL | THOMAS |
| 18 | KANNANTHANAM | JOHN |
| 19 | KAROTTUKIZHAKKEL | THOMAS |
| 20 | KAVUMPURATHU | GEORGE |
| 21 | KIZHAKEARANJANIYIL | GEORGE |
| 22 | KOCHUMURIYIL | JOSEPH |
| 23 | KOLLAMPARAMBIL | DEVASIA |
| 24 | KOOTTIYANIYIL | AUGUSTINE |
| 25 | KOTTARATHIL | EMMANUEL |
| 26 | KOTTAYIL | JOSEPH |
| 27 | KUDILIL | JAMES |
| 28 | KUMMINIYIL | JOSEPH |
| 29 | KUNNACKATTU | CHERIAN (JOBY) |
| 30 | KUPPAYIL PUTHENPURAYIL | DOMINIC |
| 31 | KUTTIANICKAL | MATHEW |
| 32 | KUZHINJALIL | JOSEPH |
| 33 | MADATHIKUNNEL | MATHEW |
| 34 | MADATHIKUNNEL | PAUL |
| 35 | MALAMACKAL | SCARIA |
| 36 | MANDAPATHIL | GEORGE |
| 37 | MANIANCHIRA | THOMAS |

| | | |
|---|---|---|
| 38 | MANNOOR | THOMAS |
| 39 | MOOTHEDAM | MATHEW |
| 40 | MUKKOM | JOSEPH |
| 41 | MUNDUMUZHIKARA | SEBASTIAN |
| 42 | MUNDUVALAYIL | MATHEW |
| 43 | NADUVILEDAM | PAUL |
| 44 | NADUVILEKUTT | IGNATIUS |
| 45 | NARITHOOKIL | KURIAKOSE |
| 46 | NARITHOOKIL | JOSEPH |
| 47 | NIRAPPIL | CYRIAC |
| 48 | NJARAKKATTIL | JOSEPH. |
| 49 | OLICKAL | ALEXANDER |
| 50 | OLICKALPUTHENPURA | THOMAS |
| 51 | OOZHACKAL | MATHEW |
| 52 | PALACKAPARAMBIL | AUGUSTINE |
| 53 | PANTHALANICKAL | MATHEW |
| 54 | PARACKAL | THOMAS |
| 55 | PAREKUNNEL | GEORGE |
| 56 | PARIATH | JOSEPH (Jr.) |
| 57 | PAZHEPARAMPIL | SEBASTIAN |
| 58 | PAZHEPARAMPIL | GEORGE |
| 59 | PEEDIKAYIL | MATHEW |
| 60 | POOVATHINKAL | JOSEPH (Sr.) |
| 61 | PUNNAPLACKAL | JOSEPH |
| 62 | PUNNATHANATHUKUNNEL | MATHEW |
| 63 | PURAYIDOM | THOMAS |
| 64 | PUTHIYATH | JOSEPH |
| 65 | PUTHIYIDATH | JOSEPH |
| 66 | PUTHOOR | SEBASTIAN |
| 67 | THADATHIL | KURIAN |
| 68 | THANNINILUMTHADATHIL | THOMAS |
| 69 | THENGUMPALLIL | JOSEPH |
| 70 | THERUVATH | AUGUSTINE |
| 71 | THONIKUZHIYIL | SEBASTIAN |
| 72 | THUDIAMPLACKAL | KURUVILA |
| 73 | THURUTHIYIL | ABRAHAM |
| 74 | VADAKARA | JOSEPH |
| 75 | VADAKKEKUTT | JOSEPH |
| 76 | VADAKKEMANGALATH | JOSEPH |

| | | |
|---|---|---|
| 77 | VADAKKENELLIKATTIL | JOSEPH |
| 78 | VALLOPALLIL | MATHEW |
| 79 | VALUMMEL | THOMAS |
| 80 | VATTAPPALAM | DEVASIACHAN |
| 81 | VECHOOR | DOMINIC |
| 82 | VEDIKUNNEL | THOMAS |
| 83 | VELLARAMKUZHY | AUGUSTINE |
| 84 | VELLILAMTHADAM | MANI |
| **BATCH 2 - 2010 JANUARY 03 - 08** | | |
| 1 | ADAPPACHERRIL | SEBASTIAN |
| 2 | ALAPATTUMEDAYIL | MATHEW |
| 3 | AMPAZHATHUMKAL | MATHEW |
| 4 | ANCHERIL | JOSE |
| 5 | ANITHANAM | KURIAN |
| 6 | ARACKAL | JOSEPH |
| 7 | ARACKAPARAMPIL | MATHEW |
| 8 | ARIMATTATHIL | JOSEPH |
| 9 | ATTAPPAT | ZACHARIAS |
| 10 | CHAKKALACKAL | JOSEPH |
| 11 | CHAKKALAYIL | THOMAS |
| 12 | CHOORAKATT | GEORGE |
| 13 | ENTHANAL | JOSEPH |
| 14 | ETTUPARAYIL | SEBASTIAN |
| 15 | KACHIRAMATTAM | AUGUSTINE |
| 16 | KADOOKUNNEL | MATHEW |
| 17 | KALLARACKAL | MARTIN |
| 18 | KIZHAKKEKARA | JOSEPH |
| 19 | KIZHAKKEKOLLITHANAM | THOMAS |
| 20 | KIZHAKKEPARAMPIL | MICHAEL |
| 21 | KOCHAYYANKANAL | JAMES, |
| 22 | KOCHUPARAMPIL | JOSEPH |
| 23 | KOLATH | AUGUSTINE |
| 24 | KOONAMMAKAL | THOMAS |
| 25 | KORAMKUZHA | MATHEW |
| 26 | KOZHIKOTT | ALEXANDER |
| 27 | KOZHUPPANKUTTY | AUGUSTINE |
| 28 | KUNNAPPALLY | JOSE |

| | | |
|---|---|---|
| 29 | KUNNUMPURAM | BERCHMANS |
| 30 | KURICHIEL | ISSAC |
| 31 | MALAYIL | JOSEPH |
| 32 | MALAYILPUTHENPURA | THOMAS |
| 33 | MALEPARAMBIL | MATHEW |
| 34 | MALEPARAMBIL | JOSEPH |
| 35 | MANIANGATT | THOMAS |
| 36 | MANNAL | JOSEPH |
| 37 | MEKKATTUKUNNEL | ANDREWS |
| 38 | MOOLAYIL | SEBASTIAN |
| 39 | MOONGAMAKEL | VINCENT |
| 40 | MUNDACKAL | JOSEPH |
| 41 | MURICKEN | JACOB |
| 42 | MYLAPPARAMPIL | JOSEPH |
| 43 | NADACKAL | ANTONY |
| 44 | NELLICKATHERUVIL | JOSE |
| 45 | NELLIKKATT | SEBASTIAN |
| 46 | NJARAKUNNEL | GEORGE VARGHESE |
| 47 | NJAVALLIL | THOMAS |
| 48 | PADICKAKUZUHIPPIL | SEBASTIAN |
| 49 | PALITHOTTAM | JOHN |
| 50 | PAMPARA | JOSEPH |
| 51 | PARAMPITHADATHIL | GEORGE |
| 52 | PARAPLACKAL | FRANCIS |
| 53 | PAREKKATTU | EMMANUEL |
| 54 | PATHICKELPUTHENPURAYIL | KURIAKOSE |
| 55 | PEZHUMKATTIL | ABRAHAM |
| 56 | PINAKKATTU | MATHEW |
| 57 | POLAKKATTU | KURIAN |
| 58 | POOVATHUMKAL | JOSE (Jr.) |
| 59 | PORUNNOLIL | JAMES |
| 60 | PULAVELIL | JOSEPH (Jr.) |
| 61 | PULIURUMBIL | JAMES |
| 62 | PULLATTU | THOMAS |
| 63 | PURAYIDATHIL | JOSEPH |
| 64 | PUTHENPURA | JOSEPH |
| 65 | PUTHENPURACKAL | MATHEW |
| 66 | SAURIAMKUZHY | GEORGE |

| | | |
|---|---|---|
| 67 | THADATHIL | CYRIAC |
| 68 | THADATHIL | JOSEPH (Sr.) |
| 69 | THARAPPEL | JOSEPH (Jr) |
| 70 | THAYYIL | ANTONY |
| 71 | THENGUMPALLY | SEBASTIAN |
| 72 | THOTTUMKAL | THOMAS |
| 73 | VADAKKEL | CYRIAC |
| 74 | VADAKKETHOTTIYIL | GEORGE |
| 75 | VARICKAMACKAL | KURIAN |
| 76 | VARICKAMAKAL | AUGUSTINE |
| 77 | VAZHACHARICKAL | THOMAS |
| 78 | VELLARINGATT | KURIAN |
| 79 | VENGATHANAM | ANDREWS |
| 80 | VETHANATH | SEBASTIAN |
| 81 | VETTUKALLEL | MATHEW |
| 82 | VETTUKALLEL | GEORGE |
| 83 | VETTUKALLEL | SEBASTIAN |

## BATCH 3 - 2010 FEBRUARY 07 - 12

| | | |
|---|---|---|
| 1 | ALAPPATTUKUNNEL | SEBASTIAN |
| 2 | ALENCHERIL | JOSEPH |
| 3 | ANCHANICKAL | JOSE |
| 4 | ARANJANIPUTHENPURA | AUGUSTINE |
| 5 | AYALLUKUNNEL | THOMAS |
| 6 | CHERUKARAKUNNEL | SEBASTIAN |
| 7 | CHILLACKAL | THOMAS |
| 8 | DANAVELIL | GEORGE |
| 9 | EZHUPARAYIL | JOSEPH |
| 10 | KADAPLACKAL | SEBASTIAN |
| 11 | KALAYIL | KURIAN |
| 12 | KALAYIL | MATHEW |
| 13 | KANIAMPADICKAL | ABRAHAM |
| 14 | KARIAPPURAM | JOSEPH |
| 15 | KAVALAMMACKAL | MATHEW |
| 16 | KEERAMTHADAM | MATHEW |
| 17 | KIZHAKKEKUTT | SEBASTIAN |
| 18 | KOCHUKAIPPETTYIL | CYRIAC |

| | | |
|---|---|---|
| 19 | KOLLITHANATHUMALAYIL | ABRAHAM |
| 20 | KOTTAYIL | KURIAN |
| 21 | KULAMAKKAL | ABRAHAM |
| 22 | KUNNEL | CYRIAC |
| 23 | KURISUMMOOTTIL | MATHEW |
| 24 | KUTTIANKAL | JOSEPH |
| 25 | MADATHIPARAMPIL | THOMAS |
| 26 | MADUKAVIL | GEORGE |
| 27 | MAMPALLIKUNNEL | SEBASTIAN |
| 28 | MANGALATH | JAMES |
| 29 | MANIANCHIRA | JOSEPH |
| 30 | MANIANGATT | ZACHARIAS |
| 31 | MANNOOKUSUMBIL | GEORGE |
| 32 | MATHILAKATH | MATHEW |
| 33 | MATTAMUNDAYIL | JOHN |
| 34 | MOOLAYIL | THOMAS |
| 35 | MOOLECHALIL | THOMAS |
| 36 | MULANJANAL | JOSEPH |
| 37 | NADACKAL | THOMAS |
| 38 | NADUTHADAM | SEBASTIAN |
| 39 | NADUVILEKOOT | JOSEPH |
| 40 | NARIVELY | MATHEW |
| 41 | NJARALAKATT | PHILIP |
| 42 | ORAVACHALIL | GEORGE |
| 43 | PAIKADA | GEORGE |
| 44 | PALACKATHADATHIL | ABRAHAM |
| 45 | PALLIPURATHUKUNNEL | THOMAS |
| 46 | PANDARAPARAMPIL | JACOB |
| 47 | PARANKULANGARA | CHERIAN |
| 48 | PARATHOTTY | MATHEW |
| 49 | PARAVUMMEL | JOSEPH |
| 50 | PAREKUNNEL | GEORGE |
| 51 | PAREKUNNEL | THOMAS |
| 52 | PATTATHIL | SEBASTIAN |
| 53 | PEEDIKAMALAYIL | AUGUSTINE |
| 54 | PERUMATTATHIL | AUGUSTINE |
| 55 | PERUVELIL | SEBASTIAN |
| 56 | POLACHIRAKUNNMPURAM | GEORGE |

| | | |
|---|---|---|
| 57 | POOVAKULAM | GEORGE |
| 58 | POTHEETTEL | JOHN |
| 59 | POTTAKULAM | JACOB |
| 60 | PULLEETTU | JOHNSON |
| 61 | PULLUKALAYIL | MATHEW |
| 62 | PUTHETTU | CYRIAC |
| 63 | PUTHIYAMATTAM | JOHN |
| 64 | PUTHIYAPARAMPIL | GEORGE |
| 65 | SRAMPICKAL | JOSEPH |
| 66 | THADATHIL | MATHEW |
| 67 | THALODIL | JOSEPH |
| 68 | THEKKEL | MATHEW |
| 69 | THEKKUMCHERIKUNNEL | SEBASTIAN |
| 70 | THELLIYIL | JOSEPH |
| 71 | THONDANKULAM | ZACHARIAS |
| 72 | VADAKKEKARA | MICHAEL |
| 73 | VALIAVEETTIL | THOMAS |
| 74 | VANCHIPURACKAL | GEORGE |
| 75 | VARAKUKALAPARAMPIL | GEORGE |
| 76 | VARICKAMAKAL | EMMANUEL |
| 77 | VATTAPPALAM | MICHAEL |
| 78 | VAYALIL | JAMES |
| 79 | VAYALIPARAMBIL | GEORGE |
| 80 | VELAMPARAMBIL | CYRUS |
| 81 | VETTATHEL. | JOSEPH |
| 82 | VETTUKALLEL | JAMES |
| **BATCH 4 - 2010 MARCH 07 - 12** | | |
| 1 | AMBAZHATHINAL | GEORGE |
| 2 | AMMOTTUKUNNEL | MATHEW |
| 3 | BRAHMANAVELIL | THOMAS |
| 4 | CHEERAMKUZHY | MICHAEL |
| 5 | CHELLAMTHARA | THOMAS |
| 6 | CHENCHERIL | SEBASTIAN |
| 7 | CHERUKARAKUNNEL | JOSEPH |
| 8 | CHOLLANAL | GEORGE |
| 9 | EDATHUMPARAMPIL | JOSEPH |
| 10 | EDAYODIYIL | GEORGE |

| | | |
|---|---|---|
| 11 | ILLIMOOTTIL | JOSEPH |
| 12 | KAKKATTUTHADATHIL | THOMAS |
| 13 | KALARIPARAMBIL | VINCENT |
| 14 | KANIYAMPADICKAL | ZACHARIAS |
| 15 | KAPPIL | JOSEPH |
| 16 | KAPPILIPARAMPIL | KURIAKOSE |
| 17 | KATTACKAL | JAMES |
| 18 | KAVANADIMALAYIL | MATHEW |
| 19 | KAVUMPURAM | JOSEPH |
| 20 | KEERANCHIRA | JOSE |
| 21 | KIZHAKEARANJANIYIL | MATHEW |
| 22 | KIZHAKKEL | THOMAS |
| 23 | KOKKATT | MATHEW |
| 24 | KOLLAMPARAMBIL | JOSEPH |
| 25 | KOTTARAM | MICHAEL |
| 26 | KOTTAYIL | JAMES |
| 27 | KULANGARA | PHILIP |
| 28 | KUPPUPUZHACKAL | ABRAHAM |
| 29 | MADAPPALLIL | THOMAS |
| 30 | MADATHIKUNNEL | JOSEPH |
| 31 | MALIEKAL | JOHN |
| 32 | MANNOOR | SEBASTIAN |
| 33 | MAPARAKAROTT | SEBASTIAN |
| 34 | MATHOTHU | KURIAN |
| 35 | MATTAM | KURIAN |
| 36 | MATTAM | JOHN |
| 37 | MENACHERRY | THOMAS |
| 38 | MEYICKEL | JOSEPH |
| 39 | MOOLAKUNNEL | ALEXANDER |
| 40 | MOOLECHALIL | GEORGE |
| 41 | MOOSARIPARAMBIL | MATHEW |
| 42 | MULANGATTIL | GEORGE |
| 43 | MUTHANATTU | JOSEPH |
| 44 | NADACKAL | GEORGE |
| 45 | NARIKKATT | MICHAEL |
| 46 | NIRAVATH | GEORGE |
| 47 | NJARAKUNNEL | GEORGE |
| 48 | OLICKAL | THOMAS |

| | | |
|---|---|---|
| 49 | OTTATHENGUMKAL | ENAS |
| 50 | OUSEPARAMPIL | MICHAEL |
| 51 | PALLACKAL | JOSEPH |
| 52 | PALLIPARAMPIL | GEORGE |
| 53 | PANACKAKUZHIYIL | THOMAS |
| 54 | PANAMPUZHA | JOSEPH |
| 55 | PANDIAMACKAL | JOSEPH |
| 56 | PANDIAMACKAL | JOSEPH (Jr.) |
| 57 | PANGOTTIL | KURIAKOSE |
| 58 | PARAKANDATHIL | THOMAS |
| 59 | PARIATH | JOSEPH (Sr.) |
| 60 | PAYYANIMANDAPAM | JOSEPH |
| 61 | PERIAPPURAM | EMMANUEL |
| 62 | PULLUKALAYIL | GEORGE |
| 63 | PUTHIYIDATH | MATHEW |
| 64 | PUTHUMANA | JOSEPH |
| 65 | PUZHAKKARA | SEBASTIAN |
| 66 | THADATHIL | JOSEPH (Jr.) |
| 67 | THAKADIYEL | ABRAHAM |
| 68 | THALAVAYALIL | ABRAHAM |
| 69 | THANNIPPARA | THOMAS |
| 70 | THARAPPEL | JOSEPH (Sr.) |
| 71 | THEKKEL | JOSEPH (Jr.) |
| 72 | THEKKEMURY | GEORGE |
| 73 | THEVARKUNNEL | MATHEW |
| 74 | THONDAMKUZHY | MATHEW |
| 75 | VADAKKEL | JACOB |
| 76 | VALIYAVEETTILKALAPURA | SEBASTIAN |
| 77 | VALLOMPURAYIDOM | JOSEPH |
| 78 | VATTAPILLIL | JOSEPH |
| 79 | VAZHAKKAPARA | MATHEW |
| 80 | VEKATHANAM | SCARIA |
| 81 | VELLACHALIL | KURIAKOSE |
| 82 | VELLAMARUTHUNKAL | JACOB |
| 83 | VENNAIPPILLIL | JAMES |
| 84 | VETTUKATTIL | THOMAS |
| 85 | VILAKUNNEL | JOSEPH |

## സർക്കുലർ

സീറോമലബാർ സഭാ മെത്രാന്മാരുടെ 17-ാമത് സിനഡ് 2009 ആഗസ്റ്റ് 17 മുതൽ 28 വരെ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സമ്മേളിക്കുകയുണ്ടായി. സഭാപരവും സാമൂഹികവുമായ വിവിധ വിഷയങ്ങളെ സംബന്ധിച്ച് സിനഡിൽ വിശദമായ ചർച്ചകളും പഠനങ്ങളും നടന്നു. പല കാര്യങ്ങളിലും സിനഡ് തീരുമാനങ്ങളെടുക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇക്കാര്യങ്ങളെക്കുറിച്ച് എല്ലാ സീറോമലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ വർക്കി വിതയത്തിൽ പിതാവ് പുറപ്പെടുവിക്കുന്ന സർക്കുലർ ചുവടെ ചേർക്കുന്നു.

ബഹു. വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരൻമാരേ,

സീറോമലബാർ മെത്രാന്മാരുടെ 17-ാമത് സിനഡ് ഇക്കഴിഞ്ഞ ആഗസ്റ്റ് 17 മുതൽ 28 വരെയുള്ള തീയതികളിൽ സഭാകേന്ദ്രമായ മൗണ്ട് സെന്റ് തോമസിൽ നടന്ന വിവരം സന്തോഷപൂർവ്വം ഞാൻ നിങ്ങളെ അറിയിക്കുന്നു. മെത്രാന്മാരായ ഞങ്ങളെല്ലാവരും ഒന്നുചേർന്ന് പ്രാർത്ഥിച്ചും ധ്യാനിച്ചും വിശുദ്ധ കുർബാന അർപ്പിച്ചും ആത്മീയമായി ഒരുങ്ങിയാണ് സിനഡിലേക്ക് ഔദ്യോഗികമായി പ്രവേശിച്ചത്. നമ്മുടെ സഭയിൽ എല്ലാ തലങ്ങളിലും സ്നേഹവും ഐക്യവും ആഴത്തിൽ വളർത്താനും, സഭയുടെ അജപാലനപ്രവർത്തനങ്ങൾ ഫലപ്രദമാക്കാനും, പ്രതിസന്ധികളെല്ലാം തരണംചെയ്ത് മുന്നേറാനും ഞങ്ങൾ തീക്ഷ്ണതയോടെ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

മെത്രാന്മാരെല്ലാവരും തങ്ങളുടെ രൂപതകളിലെ അജപാലന പ്രവർത്തനങ്ങളെക്കുറിച്ച് ഹ്രസ്വമായ വിവരണങ്ങൾ നൽകിയത് ഏറെ പ്രയോജനകരമായി അനുഭവപ്പെട്ടു. അജപാലനശുശ്രൂഷയുടെ വൈവിധ്യവും ഈ രംഗത്ത് സഭ നേരിടുന്ന വെല്ലുവിളികളും വെളിപ്പെടുത്തുന്നവയായിരുന്നു ഈ അവലോകനം. വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ വിശുദ്ധപദപ്രഖ്യാപനം നമ്മുടെ സഭയ്ക്ക് പ്രത്യേകിച്ചും, ഭാരതത്തിനു പൊതുവെയും ഏറ്റവും സന്തോഷപ്രദവും അനുഗ്രഹദായകവുമായ സംഭവമായി നന്ദിനിറഞ്ഞ ഹൃദയത്തോടെ മെത്രാന്മാരായ ഞങ്ങൾ അനുസ്മരിക്കുകയുണ്ടായി. വി. അൽഫോൻസാമ്മയുടെ ജന്മശതാബ്ദി സ്മാരകമായി കേന്ദ്രസർക്കാർ നാണയമിറക്കാൻ ഇടയാക്കിയത് ഒരു പ്രധാന സംഭവമായി.

സിനഡിന്റെ നാളിതുവരെയുള്ള പ്രവർത്തനം സമഗ്രമായ അവലോകനത്തിനും വിലയിരുത്തലിനും വിധേയമാക്കി. കൂടുതൽ കാര്യക്ഷമമായ നടത്തിപ്പിന് അത് വെളിച്ചവും പ്രചോദനവും നൽകി.

ചെറുപുഷ്പ മിഷൻ ലീഗിന്റെ സഹസ്ഥാപകനായ കുഞ്ഞേട്ടൻ എന്നു വിളിക്കപ്പെടുന്ന പി. സി. എബ്രാഹം പല്ലാട്ടുകുന്നേലിന്റെ മരണത്തിൽ സിനഡ് അനുശോചനം രേഖപ്പെടുത്തുകയും പ്രാർത്ഥിക്കുകയും അദ്ദേഹത്തിന്റെ തീക്ഷ്ണമായ പ്രേഷിതസേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുകയും ചെയ്തു.

## ആരാധനക്രമം

സീറോമലബാർ ആരാധനക്രമത്തിലെ പിറവിത്തിരുനാൾ, വലിയ നോമ്പാരംഭത്തിലെ അനുതാപശുശ്രൂഷ, ഓശാനഞായർ, പെസഹാ വ്യാഴം, പീഡാനുഭവ വെള്ളി, വലിയ ശനി, ഉയിർപ്പു തിരുനാൾ എന്നിവയുടെ ക്രമങ്ങൾ നവീകരിച്ച് പ്രാബല്യത്തിലാക്കാൻ സാധിച്ചു എന്നത് ഏറെ സന്തോഷത്തോടെ അറിയിക്കട്ടെ. ദീർഘനാളായി നടത്തിയ പഠനത്തിനും ചർച്ചകൾക്കുംശേഷം സിനഡുപിതാക്കന്മാർ ഏകകണ്ഠമായി അംഗീകരിച്ച ഈ ആരാധനാഗ്രന്ഥങ്ങൾക്ക് പരിശുദ്ധ സിംഹാസനവും അംഗീകാരം നൽകുകയും, ഉപയോഗിക്കുന്നതിനായി നാമിപ്പോൾ പ്രസിദ്ധീകരിക്കുകയും ചെയ്തിരിക്കുകയാണ്. ഈ ഗ്രന്ഥങ്ങൾ തയ്യാറാക്കാൻ നേതൃത്വം നൽകുകയും അദ്ധ്വാനിക്കുകയും ചെയ്ത കമ്മീഷൻ അംഗങ്ങളെയും കേന്ദ്ര ലിറ്റർജി കമ്മിറ്റി അംഗങ്ങളെയും ഞാൻ നന്ദിപൂർവ്വം സ്മരിക്കുന്നു. നമ്മുടെ സഭയിലാകമാനം ഈ ക്രമങ്ങൾ യഥാവിധി ഉപയോഗപ്പെടുത്തണമെന്ന് ഞാനഭ്യർത്ഥിക്കുന്നു. ദൈവാലയ കൂദാശയുടെ നവീകരിക്കപ്പെട്ട ക്രമം സിനഡ് പിതാക്കന്മാർ സമഗ്രമായി പരിശോധിക്കുകയും ചില തിരുത്തലുകളോടെ അംഗീകരിക്കുകയും ചെയ്തു. ഇവയ്ക്ക് പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരം ലഭിച്ചതിനുശേഷമായിരിക്കും നാം നടപ്പിലാക്കുന്നത്. കൂദാശചെയ്യാത്ത ബലിപീഠങ്ങളിൽ വിശുദ്ധകുർബാന അർപ്പിക്കേണ്ടിവരുമ്പോൾ കൂദാശ ചെയ്ത ദപ്പാ ഉപയോഗിക്കേണ്ടതാണ്. സന്യാസഭവനങ്ങൾ ആശീർവ്വദിക്കുന്നതിനുള്ള ഒരു ക്രമം തയ്യാറാക്കുന്നതിനുള്ള തീരുമാനവും സിനഡ് എടുക്കുകയുണ്ടായി.

ആരാധനക്രമവുമായി ബന്ധപ്പെട്ട് എല്ലാവരും അറിഞ്ഞിരിക്കേണ്ട മറ്റു ചില കാര്യങ്ങളും സിനഡ് പരിഗണിക്കുകയുണ്ടായി.

വിശുദ്ധ കുർബാന അർപ്പിക്കുവാൻ സ്ഥിരമായി ഉറപ്പിക്കപ്പെട്ട ബലി പീഠം കൂദാശചെയ്യുതിന് ദൈവാലയ കൂദാശയുടെ ക്രമംതന്നെ സ്വീകരിക്കേണ്ടതാണ്. ബലിപീഠം സ്ഥിരമായി ഉറപ്പിക്കപ്പെട്ടതല്ലെങ്കിൽ കപ്പേള ആശീർവദിക്കുന്ന ക്രമം ഉപയോഗിച്ചാൽ മതിയാകും. ആരാധനാവൽസരത്തിനനുസരിച്ച് മാറിവരുന്ന പ്രാർത്ഥനകളിൽ (പ്രോപ്രിയ) ഏവയൊക്കെ തൽക്കാലം കുർബാന തക്സയിൽ ചേർക്കണമെന്നും അവ ഉൾപ്പെടുത്തി തക്സ അച്ചടിക്കണമെന്നും തീരുമാനിച്ചു. ആവശ്യ സന്ദർഭങ്ങളിൽ സപ്രാ, റംശാ നമസ്കാരങ്ങൾ ഉൾച്ചേർത്ത് വിശുദ്ധ കുർബാന അർപ്പിക്കുന്നതിനുള്ള ക്രമം എപ്രകാരമായിരിക്കണമെന്നും നിശ്ചയിച്ചു.

പ്രധാനപ്പെട്ട അവസരങ്ങളിൽ ആഘോഷപൂർവ്വം കുർബാന അർപ്പിക്കുമ്പോൾ സഹകാർമ്മികരെല്ലാവരും മുഴുവൻ തിരുവസ്ത്ര ങ്ങളും ധരിക്കുന്നതാണ് ഏറ്റവും ഉചിതമെന്നുള്ള സിനഡ് തീരുമാനം നിങ്ങളെ അറിയിക്കുന്നു. മറ്റവസരങ്ങളിൽ സഹകാർമ്മികർ കൊത്തീ നായും സൂനാറയും ഊറാറയുമെങ്കിലും ധരിച്ചിരിക്കേണ്ടതാണ്. എന്നാൽ പ്രത്യേക സാഹചര്യങ്ങളിൽ ളോവയ്ക്കു പുറമെ ഊറാറ മാത്രം ധരിച്ചും സഹകാർമ്മികർ കുർബാന അർപ്പിക്കുന്നതിന് അനു വദിക്കുന്നു. വിവിധ റീത്തുകളിലെ വൈദികർ സമൂഹബലി അർപ്പി ക്കുമ്പോൾ അത് മുഖ്യകാർമ്മികന്റെ റീത്തിലായിരിക്കണമെന്ന നിയമം പാലിക്കേണ്ടതാണ്. തദവസരത്തിൽ ഓരോരുത്തരും സ്വന്തം റീത്ത നുസരിച്ചുള്ള തിരുവസ്ത്രങ്ങളണിയണമെന്നതാണ് സാധാരണ നിയമം എന്ന കാര്യവും ഓർമ്മിപ്പിക്കുന്നു. കുർബാനക്രമത്തെ സംബ ന്ധിച്ചിടത്തോളം ഇനിയും പരിഷ്കരിക്കപ്പെടേണ്ട ഒരു പ്രധാന ഘടകം വേദപുസ്തകവായനകളാണ്. ഇപ്പോൾ നിലവിലിരിക്കുന്ന വായനകൾ ആവശ്യമെങ്കിൽ പരിഷ്കരിക്കുന്നതിനും, പുതിയ ഒരു സെറ്റു വായന കൾ ക്രമപ്പെടുത്തുന്നതിനും ലിറ്റർജി കമ്മീഷനെ ചുമതലപ്പെടുത്തി യിരിക്കയാണ്. ഇപ്രകാരം വായനകൾ തയ്യാറാക്കി അംഗീകരിച്ച തിനുശേഷം വായനാഗ്രന്ഥങ്ങൾ (lectionary) തയ്യാറാക്കുന്ന കാര്യം സിനഡ് പരിഗണിക്കുന്നതാണ്.

സമൂഹബലിയിൽ സംബന്ധിക്കുന്ന വൈദികർ പ്രാർത്ഥനകൾ ചൊല്ലുന്ന കാര്യത്തിൽ തക്സയിൽ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ചില പ്രാർത്ഥനകൾ സഹകാർമ്മികർ നിയമാ നുസൃതം ഒരുമിച്ചു ചൊല്ലുമ്പോഴും മുഖ്യകാർമ്മികന്റേതായിരിക്കണം

ഉയർന്നുനിൽക്കുന്ന സ്വരം. സമൂഹബലിയിൽ സംബന്ധിക്കുന്ന വൈദികർ, അന്നുതന്നെ മറ്റൊരു കുർബാനയർപ്പിച്ച് കുർബാനധർമ്മം വാങ്ങിച്ചിട്ടുണ്ടെങ്കിൽ വീണ്ടും കുർബാനധർമ്മം സ്വീകരിക്കാൻ പാടില്ല. അജപാലനാവശ്യത്തിന്റെ പേരിൽ രണ്ടാമതോ മൂന്നാമതോ വിശുദ്ധ കുർബാന അർപ്പിക്കേണ്ടിവന്നാൽ അവയുടെ കുർബാന ധർമ്മം രൂപതാദ്ധ്യക്ഷന്റെ നിയോഗത്തിലേക്ക് അർപ്പിക്കേണ്ടതാണ്.

മൃതസംസ്കാരത്തിന്റെ ലളിതരൂപം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പ്രസംഗം, വിശുദ്ധ കുർബാന, മൈക്ക് എന്നിവ ഇല്ലാതിരിക്കുക; രണ്ടു മുത്തുക്കുടകൾ, ഒരു കുരിശ്, ഒരു വൈദികൻ മാത്രമായിരിക്കുക എന്നാണ്. ഇടർച്ച ഉണ്ടാക്കിയിട്ടുള്ള ആത്മഹത്യ ആണെങ്കിൽ മൃതസംസ്കാരത്തിന് ലളിതരൂപവും പാടില്ല. മൃതദേഹം പള്ളിയകത്ത് പ്രവേശിപ്പിക്കാൻ പാടില്ല; സംസ്കാരകർമ്മത്തിനിടയ്ക്കല്ലാതെ മറ്റൊരവസരത്തിൽ ഒരു വൈദികന് കുഴിമാടം വെഞ്ചരിക്കാവുന്നതാണ്.

## പ്രവാസികളുടെ അജപാലനം

സീറോമലബാർ സഭയുടെ അജപാലനാധികാര അതിർത്തിക്കു പുറത്ത് ഇന്ത്യയിലും വിദേശരാജ്യങ്ങളിലുമായി കഴിയുന്ന സീറോ മലബാർ വിശ്വാസികളുടെ അജപാലനസംബന്ധമായ പ്രശ്നങ്ങൾക്ക് സമുചിതമായ പരിഹാരം കണ്ടെത്തുന്നതിന് ദീർഘകാലമായി നാം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സുവിശേഷവൽക്കരണത്തിനും പ്രവാസികളായ സീറോ മലബാർ വിശ്വാസികളുടെ അജപാലനത്തിനും വേണ്ടിയുള്ള മേജർ ആർക്കി എപ്പിസ്കോപ്പൽ കമ്മീഷൻ ഇക്കാര്യത്തിൽ ജാഗ്രതയോടെ പ്രവർത്തിക്കുകയും ആവശ്യമായ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നുണ്ടെന്നുള്ള കാര്യം എല്ലാവരെയും അറിയിക്കുന്നു. എങ്കിലും പ്രശ്നങ്ങളും പ്രതിബന്ധങ്ങളും ഏറെയുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രവാസികൾക്ക് നൽകേണ്ട അജപാലന ശുശ്രൂഷയെക്കുറിച്ചും പുതിയ രൂപതകൾക്കുള്ള സാദ്ധ്യതകളെക്കുറിച്ചും ഞങ്ങൾ ചർച്ച ചെയ്തു. ഇക്കാര്യത്തിൽ ലത്തീൻ മെത്രാന്മാരുടെ സഹകരണം തേടിയുള്ള ചർച്ചകളും നടന്നുകൊണ്ടിരിക്കുന്നു. പ്രവാസികളുടെയിടയിൽ അജപാലനശുശ്രൂഷയ്ക്കായി അയയ്ക്കപ്പെട്ടിരിക്കുന്ന നമ്മുടെ വൈദികർക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അജപാലനശുശ്രൂഷയുടെ സഭാത്മകസ്വഭാവം സംരക്ഷിക്കുന്നതിന് ഇപ്രകാരമുള്ള ശ്രദ്ധ അനിവാര്യമാണല്ലോ. പ്രവാസികളുടെ അജപാലനപരമായ പ്രശ്നങ്ങൾക്ക് ശാശ്വതമായ

പരിഹാരമുണ്ടാകുന്നതിന് വളരെയേറെ സഹിഷ്ണുതയും ആഴമായ സഭാവബോധവും തീക്ഷ്ണമായ പ്രാർത്ഥനയും എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണവും ഉണ്ടാവണം.

## പൊതുക്കാര്യങ്ങൾ

സാമൂഹികവും രാഷ്ട്രീയവുമായ ആനുകാലിക വിഷയങ്ങൾ സമഗ്രമായ പഠനത്തിനും വിലയിരുത്തലിനും വിധേയമാക്കി, സഭയുടെ കാഴ്ചപ്പാടുകളുടെയും നിലപാടുകളുടെയും വെളിച്ചത്തിൽ പ്രതികരിക്കുന്നതിനും സമൂഹത്തെ ബോധവൽക്കരിക്കുന്നതിനുമായി ഒരു മാധ്യമസമിതിക്ക് രൂപം കൊടുത്തിരിക്കുന്ന കാര്യവും നിങ്ങളെ അറിയിക്കുന്നു. ഈ സമിതിയുടെ കൺവീനറായിരിക്കും സീറോമലബാർ സഭയുടെ ഔദ്യോഗികവക്താവായി പ്രവർത്തിക്കുന്നത്. ദൈവത്തോടും സമൂഹത്തോടും സഭാംഗങ്ങൾ കൂടുതൽ പ്രതിബദ്ധതയുള്ളവരാകണം. കുടുംബത്തകർച്ച, പ്രകൃതിമലിനീകരണം, പകർച്ചപ്പനി, ഗുണ്ടായിസം, മദ്യപാനം, അഴിമതി, ദൈവനിഷേധം മുതലായ വിഷയങ്ങളിൽ നാം സമൂഹത്തിന്റെ ധാർമ്മികമനസ്സാക്ഷിയായി വർത്തിക്കണം. സാമൂഹികവിഷയങ്ങളെ സംബന്ധിച്ച് ബനഡിക്ട് 16-ാമൻ മാർപാപ്പയുടെ 'സത്യത്തിൽ സ്നേഹം' എന്ന ചാക്രികലേഖനം വ്യാപകമായ പഠനത്തിന് വിധേയമാക്കാൻ വൈദികരും മറ്റു ബന്ധപ്പെട്ടവരും നേതൃത്വം കൊടുക്കണമെന്നഭ്യർത്ഥിക്കുന്നു.

## മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി

സീറോമലബാർ സഭയിലെ മൂന്നാമത്തെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലി 2010 ഓഗസ്റ്റ് 20-22 തിയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കയാണ്. മെത്രാന്മാരും വൈദിക പ്രതിനിധികളും സന്യസ്തരുടെയും അല്മായരുടെയും പ്രതിനിധികളും പങ്കെടുക്കുന്ന ഈ സമ്മേളനം ആഴമായ പഠനവിചിന്തനങ്ങളിലൂടെയും ആശയവിനിമയങ്ങളിലൂടെയും സഭയിൽ കൂടുതൽ പരസ്പരധാരണയും സഹകരണമനോഭാവവും വളർത്താൻ സഹായിക്കുമെന്നാണ് പ്രതീക്ഷ. സീറോ മലബാർ സഭയുടെ അജപാലനാധികാരപരിധിക്കു പുറത്തു കഴിയുന്നവർക്കും ഉചിതമായ പ്രാതിനിധ്യം അസംബ്ലിയിൽ ഉണ്ടാകണമെന്നാണ് സിനഡിന്റെ ആഗ്രഹം. ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്ത് നിലവിലിരിക്കുന്ന നിയമാവലിയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. നടക്കാൻ പോകുന്ന അസംബ്ലിയെ

സംബന്ധിച്ച വിശദാംശങ്ങൾ യഥാസമയം എല്ലാവരെയും അറിയിക്കുന്നതാണ്.

## അന്തർദ്ദേശീയ അല്മായസമ്മേളനം.

സിനഡ് സമ്മേളിക്കുന്നതിനുമുമ്പ് അല്മായകമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്ന ത്രിദിന അന്തർദ്ദേശീയ അല്മായസമ്മേളനം വിജയകരമായി നടന്നു എന്ന കാര്യം സന്തോഷത്തോടെ അറിയിക്കുന്നു. അന്തർദ്ദേശീയതലത്തിൽ പലടെത്തായി കഴിയുന്ന സീറോ മലബാർ അല്മായസമൂഹങ്ങളുടെ പ്രതിനിധികൾ സഭാകേന്ദ്രത്തിൽ ഒന്നുചേർന്ന് സഭാപരവും സാമൂഹികവും അജപാലനപരവുമായ കാര്യങ്ങൾ പങ്കുവയ്ക്കുകയും പരിചിന്തനം നടത്തുകയും ചെയ്തത് അല്മായർക്ക് സഭയോടുള്ള ബന്ധവും പ്രതിബദ്ധതയും വളർത്താൻ വളരെ സഹായിച്ചതായി എല്ലാവർക്കുംതന്നെ അനുഭവപ്പെട്ടു. ഇപ്പോൾ നിലവിലിരിക്കുന്ന വിവിധ അല്മായ സംഘടനകളെ ഏകോപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും അല്മായ കമ്മീഷൻ ഭാവിയിൽ ശ്രദ്ധിക്കണമെന്ന് പിതാക്കൻമാർ നിർദ്ദേശിക്കുകയുണ്ടായി.

2009 ഒക്ടോബർ 14-18 തിയതികളിൽ ബോംബെയിൽ നടക്കുന്ന ഇന്ത്യൻ മിഷൻ കോൺഗ്രസിന്റെ വിജയത്തിന് എല്ലാ രൂപതകളുടെയും സഹകരണവും പ്രാർത്ഥനയും ഞാനഭ്യർത്ഥിക്കുന്നു.

## സെമിനാരി പരിശീലനം

സിനഡിൽ ഏറെ പ്രാധാന്യംനൽകി ചർച്ചചെയ്ത മറ്റൊരു വിഷയം വൈദികവിദ്യാർത്ഥികളുടെ പരിശീലനമാണ്. സെമിനാരി റെക്ടർമാരുടെ സമ്മേളനത്തിൽ നടന്ന വിലയിരുത്തലുകളുടെയും അഭിപ്രായങ്ങളുടെയും വെളിച്ചത്തിൽ പിതാക്കൻമാർ ഇക്കാര്യം ഗൗരവപൂർവം ചർച്ചചെയ്തു. മൈനർ സെമിനാരിയിലെ നാലാംവർഷ കോഴ്സ് വളരെ ഫലപ്രദമെന്നാണ് ഇതുവരെയുള്ള അനുഭവമെന്നും അത് പ്രോത്സാഹിപ്പിക്കണമെന്നും, വൈദികർക്കും അല്മായർക്കും വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിൽ താല്പര്യവും ശ്രദ്ധയും ഉണ്ടായിരിക്കണമെന്നും സിനഡ് വിലയിരുത്തുകയുണ്ടായി. പ്രേഷിതപരവും അജപാലനപരവുമായ ആഭിമുഖ്യം സെമിനാരിക്കാരിൽ വളർത്താൻ പരിശീലനം ഉപകരിക്കണം. സന്യസ്തർ നടത്തുന്ന സെമിനാരികളിലെ വൈദിക പരിശീലനത്തിലും മെത്രാൻമാർക്ക് മേൽനോട്ടമുണ്ടാകണം. പൗരസ്ത്യ കാനൻ സംഹിതയിലെ പൊതുനിയമങ്ങളും

സിനഡ് തയ്യാറാക്കിയ വൈദികപരിശീലനമാർഗ്ഗരേഖയുമനുസരിച്ചായിരിക്കണം പരിശീലനം നൽകേണ്ടതെന്നും, മേജർ സെമിനാരി പരിശീലനത്തിൽ സിനഡിന്റെ നിരന്തരമായ ശ്രദ്ധയും വിലയിരുത്തലുകളും ആവശ്യമാണെന്നും മെത്രാൻമാർ നിർദ്ദേശിച്ചു.

ആധുനിക തലമുറയുടെ പ്രത്യേകതകൾ ഗൗരവമായി കണക്കിലെടുത്ത് സെമിനാരി പരിശീലനത്തെ നൂനമറ്റതാക്കാൻ പിതാക്കന്മാർ ഒന്നു ചേർന്ന് പരിശ്രമിക്കേണ്ടിയിരിക്കുന്നു. സഭയുടെ പ്രബോധനങ്ങൾ വൈദികവിദ്യാർത്ഥികൾ യഥാവസരം അറിഞ്ഞ് ബോദ്ധ്യപ്പെടേണ്ടതാവശ്യമാണ്.

## വിശ്വാസപരിശീലനം

സിനഡ് പരിഗണിച്ച മറ്റൊരു പ്രധാന വിഷയം വിശ്വാസപരിശീലനമാണ്. വിശ്വാസത്തിൽ ഉറച്ചുനിൽക്കാനും അതിനു സാക്ഷ്യംവഹിക്കാനും കുട്ടികൾക്കു ബോദ്ധ്യവും പ്രചോദനവും നൽകാൻ വിശ്വാസപരിശീലനത്തിലൂടെ സാധിക്കണം. അതിന് സഹായിക്കുന്ന പുതിയ പ്രബോധനരീതികൾ ഉപയോഗപ്പെടുത്തണം. കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ മാതാപിതാക്കളുടെ ശ്രദ്ധയും താൽപര്യവും അനിവാര്യമാണ്. ഇന്നത്തെ മാധ്യമങ്ങളുടെ ദു:സ്വാധീനത്തിന് കുട്ടികൾ വഴിപ്പെടാതിരിക്കാൻ അവരെ സജ്ജരാക്കേണ്ടതുണ്ട്. വിശ്വാസപരിശീലനം ആരാധനക്രമാധിഷ്ഠിതവും പ്രാർത്ഥനാനുഭവത്തിൽ വളർത്തുന്നതുമാകണം. സഭാചരിത്രപഠനവും പ്രാധാന്യമർഹിക്കുന്നു. സൺഡേസ്കൂൾ മതബോധനത്തിനുശേഷവും വിശ്വാസപരിശീലനം തുടരേണ്ടതും യുവജനങ്ങൾക്കും മുതിർവർക്കും യഥോചിതം അതു നൽകേണ്ടതുമാണ്. മതാദ്ധ്യാപകർക്ക് ഏറ്റവും മെച്ചപ്പെട്ട പരിശീലനം ആവശ്യമാണ്. കുടുംബമതബോധനവും ശിശുക്കൾക്കു കുടുംബാന്തരീക്ഷത്തിൽ ലഭിക്കേണ്ട വിശ്വാസപരിശീലനവും വളരെയേറെ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. അതിന് മാതാപിതാക്കൾക്കായി ഒരു സഹായഗ്രന്ഥം ഉണ്ടാകേണ്ടതാവശ്യമാണ്. മതബോധനം ലക്ഷ്യം വച്ച് ഒരു വെബ്സൈറ്റ് ആരംഭിക്കുന്നത് നല്ലതാണെന്നും പിതാക്കന്മാർ നിർദ്ദേശിച്ചു.

## വൈദികവർഷം

സഭയിലാകമാനം എല്ലാക്കാര്യങ്ങളിലും ഐക്യവും പരസ്പരധാരണയും ഉത്സാഹവും വളർത്തുന്നതിന് വൈദികരുടെ ശുദ്ധീകരണ

ത്തിന് മുൻഗണനകൊടുത്തും നല്ല ദൈവവിളികൾ പ്രോത്സാഹിപ്പിച്ചും ഈ വൈദികവർഷാചരണം പ്രയോജനപ്പെടുത്തണമെന്നാണ് പിതാക്കന്മാർ ആഗ്രഹിക്കുന്നത്. വൈദികവർഷാചരണം കാര്യക്ഷമമാക്കുന്നതിന് രൂപതകളിൽ നടപ്പിലാക്കി വരുന്ന കർമ്മപരിപാടികളോട് എല്ലാവരും സഹകരിക്കണമെഭ്യർത്ഥിക്കുന്നു. വൈദികവർഷാചരണത്തിന്റെ ഭാഗമായി കേരളത്തിലെ എല്ലാ സീറോ മലബാർ രൂപതകളിലും നിന്നുള്ള വൈദികരുടെ പ്രതിനിധികളെ രണ്ടു മൂന്നു ബാച്ചുകളായി വിളിച്ചുകൂട്ടി അവരോട് സംസാരിക്കാൻ എനിക്കാഗ്രഹമുണ്ട്. ഇക്കാര്യത്തിൽ എല്ലാവരുടെയും സഹകരണം ഞാനഭ്യർത്ഥിക്കുന്നു. വൈദിക ദൈവവിളിയുടെ മഹത്ത്വവും പ്രാധാന്യവും തിരിച്ചറിയണമെന്നും, പൗരോഹിത്യത്തിലേക്കും സന്യാസജീവിതത്തിലേക്കുമുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കണമെന്നും എല്ലാ വൈദികരെയും ഞാൻ ഓർമ്മിപ്പിക്കുന്നു. വൈദികവർഷം പ്രമാണിച്ച് കൂടുതൽ വിശദമായി നിങ്ങൾക്കെഴുതണമെന്ന് എനിക്കാഗ്രഹമുണ്ട്.

## ഇതര വിഷയങ്ങൾ

### പ്രവാസികളുടെ വിവാഹ ഒരുക്ക സെമിനാർ

ഇന്ത്യയിലും വിദേശത്തുമുള്ള പ്രവാസികളായ സീറോമലബാർ വിശ്വാസികൾ പ്രവാസസ്ഥലത്ത് പങ്കെടുക്കുന്ന വിവാഹ ഒരുക്ക സെമിനാറുകൾ സുവിശേഷവല്ക്കരണത്തിനും പ്രവാസികളുടെ അജപാലനത്തിനും വേണ്ടിയുള്ള കമ്മീഷൻ അംഗീകരിച്ചവയാണെങ്കിൽ വിവാഹമെന്ന കൂദാശ സ്വീകരിക്കുന്നതിനുള്ള നിയമാനുസൃത ഒരുക്കമായി പരിഗണിക്കപ്പെടുന്നതാണ്. വിവിധ രൂപതകളിൽ നടക്കുന്ന വിവാഹ ഒരുക്ക സെമിനാറുകളുടെ തിയതികളും സ്ഥലങ്ങളും മുൻകൂട്ടി സീറോ മലബാർ സഭയുടെ വെബ്സൈറ്റിൽ ചേർത്ത് ആവശ്യക്കാർക്ക് സെമിനാറിൽ സംബന്ധിക്കുന്നതിന് സൗകര്യപ്പെടുത്തണമെന്ന് ബന്ധപ്പെട്ട എല്ലാവരോടും ഞാനഭ്യർത്ഥിക്കുന്നു. വിവാഹിതരാകുന്നവർ ഒരുക്ക സെമിനാറിൽ പങ്കെടുത്ത് നിയമാനുസൃതം ഒരുങ്ങി വിവാഹത്തിനണയേണ്ടതാണ്. വിവാഹജീവിതത്തിന്റെ ഭദ്രതയ്ക്കുവേണ്ടിയാണ് ഈ നിബന്ധന വച്ചിരിക്കുന്നതെന്നു മനസ്സിലാക്കി എല്ലാവരും സഹകരിക്കേണ്ടതാണ്.

രൂപതകളിലെ വെബ്സൈറ്റ് സംവിധാനം സീറോ മലബാർ സഭയുടെ വെബ്സൈറ്റുമായി (www.smcim.org) ബന്ധപ്പെടുത്തുന്നത് നന്നായിരിക്കും.

## വിളിച്ചു ചൊല്ലൽ

ആവശ്യമുള്ള സാഹചര്യങ്ങളിൽ വിവാഹവാഗ്ദാനം നടത്തുന്നതിനു മുൻപുതന്നെ വിവാഹവിവരം പള്ളിയിൽ വിളിച്ചു ചൊല്ലുന്നതിനുള്ള അനുവാദം നൽകാൻ ഫൊറോനാവികാരിക്ക് ഇനിമുതൽ അധികാരമുണ്ടായിരിക്കുന്നതാണ്. അനുവാദത്തിനായി ഇടവക വികാരിമാരുടെ ശുപാർശയോടുകൂടി ഇരുകക്ഷികളും അപേക്ഷ സമർപ്പിക്കേണ്ടതാണ്. അനുവാദംലഭിച്ച കക്ഷിയുടെ ഇടവക വികാരി പ്രസ്തുത വിവരം 'ബി' ഫോറത്തോടുകൂടി ഇതരകക്ഷിയുടെ ഇടവക വികാരിയെ അറിയിക്കുകയും വേണം.

പുരോഹിത പട്ടവും മ്ശംശാനപട്ടവും സ്വീകരിക്കുന്ന അർത്ഥികളുടെ പേരുവിവരങ്ങൾ പട്ടസ്വീകരണത്തിനുമുമ്പ് സ്വന്തം ഇടവകകളിൽ രണ്ടു കടമുള്ള ദിവസങ്ങളിൽ തുടർച്ചയായി വിശുദ്ധ കുർബാന മദ്ധ്യേ വിളിച്ചറിയിക്കേണ്ടതാണ്.

## കമ്മീഷനുകളും കമ്മിറ്റികളും

സീറോമലബാർ സഭാതലത്തിൽ പ്രവർത്തിക്കുന്ന വിവിധ കമ്മീഷനുകളുടെയും കമ്മിറ്റികളുടെയും പ്രവർത്തന റിപ്പോർട്ടുകളും നമ്മുടെ സഭയിലെ മൂന്നു പ്രധാന മേജർ സെമിനാരികളുടെ റിപ്പോർട്ടുകളും സിനഡിൽ അവതരിപ്പിക്കുകയുണ്ടായി. അവയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ പിതാക്കന്മാർ നൽകി. ലിറ്റർജി, മതബോധനം, അല്മായർ, ലിറ്റർജി റിസേർച്ച് സെന്റർ, തിയോളജി, എക്യുമെനിസം, സെമിനാരികൾ, സുവിശേഷവൽക്കരണവും അജപാലനവും, വൈദികരും സമർപ്പിതരും, പബ്ളിക്ക് അഫയേഴ്സ്, കലാസാംസ്കാരികവേദി, സാമ്പത്തികം മുതലായവയാണ് വിവിധ കമ്മീഷനുകളും കമ്മിറ്റികളും. ഇവയെല്ലാം നന്നായിത്തന്നെ പ്രവർത്തിക്കുന്നതിൽ എനിക്കേറെ സന്തോഷമുണ്ട്. സഭാകേന്ദ്രത്തിലെ വിവിധ പ്രവർത്തനങ്ങൾക്കുള്ള വരവുചെലവു കണക്കുകളുടെ സംക്ഷിപ്തരൂപം മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ അവതരിപ്പിക്കുന്നതാണ്. സാമ്പത്തികസംഭാവനകൾ നൽകിയ ഉപകാരികളെയും ഇക്കാര്യം അറിയിക്കുന്നതാണ്. നമ്മുടെ സഭയുടെ സമഗ്രമായ വളർച്ചയ്ക്കും പുരോഗതിക്കുമായി ഒത്തൊരുമിച്ചു പ്രവർത്തിക്കാൻ എല്ലാ സംവിധാനങ്ങളും കൂടുതൽ കാര്യക്ഷമമാകട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

സിനഡിനെ സംബന്ധിച്ച പ്രധാനകാര്യങ്ങളെല്ലാം വളരെ വിശദമായി "സിനഡൽ ന്യൂസ്" എന്ന പ്രസിദ്ധീകരണത്തിലൂടെ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ഈ പ്രസിദ്ധീകരണം എല്ലാ ഇടവകകളും സന്യാസ ഭവനങ്ങളും മറ്റു താല്പര്യമുള്ളവരും വരുത്തി നമ്മുടെ സഭയുടെ പ്രവർത്തനങ്ങൾ വിശദമായി മനസ്സിലാക്കുവാനും വേണ്ടവിധം സഹകരിക്കാനും താല്പര്യം കാണിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

കാക്കനാട് **വർക്കി കാർഡിനൽ വിതയത്തിൽ**
08 സെപ്റ്റംബർ 2009 **(സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്)**

---

NB: ഈ സർക്കുലറിലെ വിശ്വാസികൾ അറിഞ്ഞിരിക്കേണ്ട തീരുമാനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ബഹു. വികാരിയച്ചന്മാർ വിശുദ്ധ കുർബാനമദ്ധ്യേ വിശദീകരിച്ചുനൽകേണ്ടതാണ്.

J J J J J J J J J J J J J

# ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്,

നമ്മുടെ മൈനർ സെമിനാരിയിൽ നവംബർ 27, 28 തീയതികളിൽ (വെള്ളി, ശനി) നടത്താൻ ഉദ്ദേശിക്കുന്ന TEEN TO TEEN പ്രോഗ്രാം സംബന്ധിച്ചുള്ള ബഹു. റെക്ടറച്ചന്റെ കത്ത് ഇതിനോടകം അച്ചന് ലഭിച്ചുകാണുമല്ലോ. അതനുസരിച്ച് ആ ഇടവകയിൽനിന്ന് യോഗ്യരായ കുട്ടികളെ കണ്ടെത്തി പറഞ്ഞയയ്ക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യണമെന്ന് താൽപര്യപ്പെടുന്നു.

**മാർ ജോസഫ് കല്ലറങ്ങാട്ട്**

ബിഷപ്സ് ഹൗസ്, പാലാ
30.10.09 പാലാ രൂപതയുടെ മെത്രാൻ

J J J J J J J J J J J J J

# 43-ാമത് ലോകസാമൂഹ്യ സമ്പർക്കമാധ്യമദിനം

**2009 നവംബർ 15 ഞായറാഴ്ച**

*പ്രമേയം : പുതിയ സാങ്കേതികവിദ്യകളും പുതിയബന്ധങ്ങളും : ആദരത്തിന്റെയും സംവാദത്തിന്റെയും സൗഹൃദത്തിന്റെയും സംസ്കാരം പ്രോൽസാഹിപ്പിക്കാൻ*

## പരിശുദ്ധപിതാവിന്റെ സന്ദേശം

പ്രിയ സഹോദരീസഹോദരന്മാരെ,

അടുത്തുവരുന്ന ലോകമാധ്യമദിനത്തിന് ഒരുക്കമായി ഈ വർഷം തിരഞ്ഞെടുത്തിരിക്കുന്ന പുതിയ സാങ്കേതികവിദ്യകളും പുതിയ ബന്ധങ്ങളും: ആദരത്തിന്റെയും സംവാദത്തിന്റെയും സൗഹൃദ ത്തിന്റെയും സംസ്കാരം പ്രോത്സാഹിപ്പിക്കാൻ എന്ന പ്രമേയത്തെ പുരസ്കരിച്ച് ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാനാഗ്രഹി ക്കുന്നു. നിശ്ചയമായും, പുതിയ സാങ്കേതികവിദ്യകൾ, മനുഷ്യന്റെ സമ്പർക്കസംസർഗ്ഗരീതികളിൽ സമൂലമായ മാറ്റങ്ങൾ വരുത്തിക്കൊ ണ്ടിരിക്കുകയാണ്. മുതിർന്നവർക്ക് അന്യമായ ഈ വിദ്യകൾ അവർ ഇനിയും പഠിച്ചുവശത്താക്കേണ്ടിയിരിക്കുമ്പോൾ അവർക്കൊപ്പം വള രുന്ന ചെറുപ്പക്കാർക്ക് ഈ ഡിജിറ്റൽ ലോകം തികച്ചും സ്വന്തമാണ്. ഈ വർഷത്തെ മാധ്യമദിനസന്ദേശത്തിൽ, ഞാൻ ഈ ഡിജിറ്റൽ തല മുറയോട്, ചില ആശയങ്ങൾ - പുതിയ സാങ്കേതികവിദ്യകളുടെ അനി തരസാധാരണമായ ശക്തികളെ സംബന്ധിച്ചവ, അവ മനുഷ്യബുദ്ധി യെയും വൈകാരിക ഐക്യത്തെയും അഭിവൃദ്ധിപ്പെടുത്തുമെങ്കിൽ - പങ്കുവയ്ക്കുവാനായ് ആഗ്രഹിക്കുന്നു. നിശ്ചയമായും മനുഷ്യകുല ത്തിനുള്ള സമ്മാനം തന്നെയായ അവ വ്യക്തികൾക്കും സമൂഹത്തിനും പ്രയോഗത്തിൽ നല്കുന്ന ഗുണഗണങ്ങൾ പാവപ്പെട്ടവർക്കും അശ ക്തർക്കും ലഭ്യമാക്കേണ്ടിയിരിക്കുന്നു.

അതീവ പ്രസരണശേഷിയുള്ള മൊബൈൽഫോണുകളും കമ്പ്യൂ ട്ടറുകളും ആഗോളതലത്തിൽ എവിടെയും കടന്നുചെല്ലുന്നതിനു കഴി വുള്ള ഇന്റർനെറ്റും ഒന്നുചേർന്ന് വാക്കുകളും ചിത്രങ്ങളും ഒരുപോലെ ഭൂഗോളത്തിലെ ഏതൊരു ഒറ്റപ്പെട്ട കോണിലും അതിശയിപ്പിക്കുന്ന ദൂരപരിധികളിൽ നിമിഷാർദ്ധംകൊണ്ട് എത്തിക്കുന്നതിന് ഇന്നുള്ള

വിപുലമായ സാധ്യതകൾ മുൻതലമുറകൾക്ക് തികച്ചും അചിന്ത്യങ്ങളായിരുന്നു. നവീനമാധ്യമങ്ങളുടെ, വ്യക്തികൾ തമ്മിലും വ്യക്തികളും സമൂഹങ്ങളും തമ്മിലുമുള്ള അതിവിപുലമായ സമ്പർക്കസാധ്യതകൾ, പ്രത്യേകിച്ചും യുവജനങ്ങൾ, ശരിക്കും മനസ്സിലാക്കിയവരാണ്. ആയതിനാൽ അവർ ഇപ്പോഴുള്ള സുഹൃത്തുക്കളുമായ് സംവദിക്കുന്നതിനും പുതിയ സുഹൃത്തുക്കളെ കണ്ടെത്തുന്നതിനും, പുതിയ കൂട്ടായ്മകളും സമ്പർക്കശൃംഖലകളും സൃഷ്ടിക്കുന്നതിനും പുതിയ വാർത്തകളും അറിവുകളും നേടുന്നതിനും അവരുടെ ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും നൂതനസാങ്കേതികവിദ്യകളെ ആശ്രയിക്കുന്നു. ആശയവിനിമയത്തിന്റെ ഈ പുതിയ സംസ്കാരം ധാരാളം പ്രയോജനങ്ങൾ ഉള്ളതാണ്: കുടുംബങ്ങൾക്ക് വലിയ ദൂരങ്ങളെ മറികടന്ന് സമ്പർക്കത്തിലായിരിക്കാൻ കഴിയുന്നു. വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ആവശ്യമായ രേഖകൾ, അടിസ്ഥാനപ്രമാണങ്ങൾ, ശാസ്ത്രീയഗവേഷണ സ്രോതസ്സുകൾ എന്നിവയുമായി നേരിട്ടു ബന്ധപ്പെടുന്നതിനും കഴിയുന്നു. വിദൂരസ്ഥലങ്ങളിൽ നിന്ന് ഒരുമിച്ചുപ്രവർത്തിക്കുന്നതിന് സാധിക്കുന്നതോടൊപ്പം

ആധുനികമാധ്യമങ്ങളുടെ പരസ്പരാശയവിനിമയത്തിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് അതിശക്തമായ ആശയവിനിമയവും അതുവഴി സാമൂഹികപുരോഗതിയും നേടാൻ കഴിയുന്നു.കാര്യക്ഷമതയിലും വിശ്വാസയോഗ്യതയിലും പുതിയ സാങ്കേതികവിദ്യകൾക്കുണ്ടായ ശീഘ്രപരിണാമം അത്ഭുതകരം തന്നെ. അവയുടെ വിപുലമായ ജനസമ്മതി നമ്മളെ ആശ്ചര്യപ്പെടുത്തേണ്ടതില്ല. കാരണം മനുഷ്യന്റെ ആശയവിനിമയത്തിനും സൗഹൃദത്തിനുമുള്ള അദമ്യമായ ആഗ്രഹത്തെയാണ് അത് പ്രതിനിധാനം ചെയ്യുക. മനുഷ്യന്റെ അടിസ്ഥാനപ്രകൃതിയിൽനിന്ന് ഉദ്ഭവിക്കുന്ന സൗഹൃദത്തിനും സംവാദത്തിനുംവേണ്ടിയുള്ള ഈ ത്വര ആധുനികസാങ്കേതികവിദ്യകളോടുള്ള മമതയായി കാണേണ്ടതില്ല, പിന്നെയോ, ബൈബിളിന്റെ വെളിച്ചത്തിൽ സകലമനുഷ്യരെയും ഒരു കുടുംബമായി ഒന്നിപ്പിക്കുന്ന ദൈവസ്നേഹത്തിന്റെ ഐക്യത്തിലേക്കുള്ള ആഹ്വാനത്തിനുള്ള പ്രത്യുത്തരമായി മാത്രമേ ഇതിനെ കാണാൻ കഴിയൂ. മനുഷ്യപ്രകൃതിയിൽത്തന്നെ അന്തർലീനമായിരിക്കുന്ന സമ്പർക്കത്തിന്റെയും സമ്മേളനത്തിന്റെയുമായ ദൈവികച്ഛായയുടെ പ്രതിഫലനമാണത്.

ആധുനികസംസ്കാരത്തിൽ വളരെവ്യക്തമായി ദൃശ്യമാകുന്ന പരസ്പരസമ്പർക്കത്തിലും ഐക്യത്തിലും ആയിരിക്കുന്നതിനുള്ള ഈ

താത്പര്യം ശരിക്കും മനസ്സിലാക്കിത്തരുന്നത് മനുഷ്യന്റെ അകലങ്ങളിലേക്ക് ഗമിക്കുന്നതിനും ബഹുജനസമ്പർക്കത്തിനായും ഉള്ള ജന്മവാസനയാണ്. യഥാർത്ഥത്തിൽ നമ്മൾ മറ്റുള്ളവരോട് തുറവിയുള്ളവരാകുമ്പോൾ നമ്മുടെ മൗലികാവശ്യം നിറവേറ്റപ്പെടുകയും കൂടുതൽ മനുഷ്യത്വമുള്ളവരായിത്തീരുകയുമാണ്. സ്നേഹിക്കുന്നതിനുവേണ്ടിയാണ് സ്രഷ്ടാവ് നമ്മെ രൂപപ്പെടുത്തിയിരിക്കുന്നത്. ആഴമില്ലാത്ത വെറും പുറംപൂച്ചുമാത്രമായ സ്നേഹത്തെക്കുറിച്ചല്ല ഞാൻ സംസാരിക്കുന്നത്. പിന്നെയോ യേശുനാഥൻ പറഞ്ഞുതന്ന യഥാർത്ഥസ്നേഹത്തെക്കുറിച്ചാണ്: നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കുക നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക (മർക്കോ. 12:30-31). ഈ വെളിച്ചത്തിൽ ആധുനികസാങ്കേതികവിദ്യകളെപ്പറ്റി സംസാരിക്കുമ്പോൾ പ്രാധാന്യമർഹിക്കുന്നത് അവയുടെ പരസ്പരസമ്പർക്കത്തിനുള്ള വലിയ കഴിവല്ല, പിന്നെയോ ഈ സമ്പർക്കം വഴി വിനിമയം ചെയ്യപ്പെടുന്ന സന്ദേശത്തിന്റെ ഗുണമാണ്. ആധുനിക സമ്പർക്കമാധ്യമങ്ങളുടെ ഉപയോക്താക്കളായ സന്മനസുള്ള എല്ലാവരെയും പ്രോത്സാഹിപ്പിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത് - അവർ തങ്ങളുടെ ആശയവിനിമയ പ്രക്രിയയിൽ ആദരവിന്റെയും സംവാദത്തിന്റെയും സൗഹൃദത്തിന്റെയും സംസ്കാരം പടുത്തുയർത്തുന്നതിനായിട്ട്.

ആധുനികസാങ്കേതികവിദ്യകളിലൂടെ വ്യാപനം ചെയ്യപ്പെടുന്ന വിവരങ്ങളുടെ ഉള്ളടക്കം സൃഷ്ടിക്കുന്നതിൽ വ്യാപൃതരായവർ മനുഷ്യവ്യക്തിയുടെ മഹത്വവും വിലയും ആദരിക്കുന്നവരായിരിക്കണം. പുതിയ സാങ്കേതികവിദ്യകൾ വ്യക്തികളുടെയും സമൂഹത്തിന്റെയും നന്മയ്ക്കുവേണ്ടിയാകണമെങ്കിൽ അവ പ്രയോഗിക്കുന്നവരെല്ലാം വാക്കുകളും ചിത്രങ്ങളും ഉപയോഗപ്പെടുത്തുമ്പോൾ അവയിലൂടെ വിദ്വേഷവും അസഹിഷ്ണുതയും പ്രോത്സാഹിപ്പിക്കാതെ, മാനുഷികബന്ധങ്ങളുടെയും ലൈംഗികതയുടെയും നന്മ നശിപ്പിക്കാതെ, ബലഹീനരായവരെ ചൂഷണം ചെയ്യാതെയുമിരിക്കാൻ ശ്രദ്ധിക്കണം.

പുതിയ സാങ്കേതികവിദ്യകൾ വ്യത്യസ്തരാജ്യങ്ങളിലും സംസ്കാരങ്ങളിലും മതങ്ങളിലും ഉൾപ്പെട്ടവരുമായി സമ്പർക്കത്തിലായിരിക്കാൻ വളരെ സഹായിക്കുന്നുണ്ട്. പുതിയ ഡിജിറ്റൽ ലോകം അഥവാ സൈബർ സ്പെയ്സ് അവർക്ക് പരസ്പരം കണ്ടുമുട്ടുന്നതിനും

തങ്ങളുടെ പാരമ്പര്യങ്ങളും, മൂല്യങ്ങളും വിനിമയം ചെയ്യുന്നതിനും വേദിയൊരുക്കുന്നു. ഇത്തരം അഭിമുഖങ്ങൾ ഫലപ്രദമാകണമെങ്കിൽ സത്യസന്ധവും അനുയോജ്യവുമായ ആവിഷ്ക്കാരശൈലിയും പരസ്പരം ശ്രദ്ധയോടെയും ആദരത്തോടെയും കേൾക്കുന്നതിനുമുള്ള താത്പര്യവും സ്വീകരിക്കേണ്ടതുണ്ട്. ഇത്തരം അവസരങ്ങളിൽ പരസ്പരധാരണയും സഹിഷ്ണുതയും വർദ്ധമാനമാകണമെങ്കിൽ അന്യോന്യം സത്യാന്വേഷണത്തിൽ ഉറച്ച ആശയവിനിമയം നടത്തിയിരിക്കണം. ജീവിതം സംഭവങ്ങളുടെയും അനുഭവങ്ങളുടെയും ഒരു പരമ്പരയല്ല, അത് സത്യത്തിനും നന്മയ്ക്കും സൗന്ദര്യത്തിനുമായുള്ള അന്വേഷണമാണ്. സത്യാന്വേഷണത്തിലാണ് നാം നമ്മുടെ തിരഞ്ഞെടുപ്പുകൾ നടത്തുന്നത്, അതിനായാണ് നമ്മുടെ സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തുന്നത്, അതിലാണ് - സത്യത്തിലും നന്മയിലും സൗന്ദര്യത്തിലുമാണ്, നമ്മൾ സന്തോഷവും ആനന്ദവും കണ്ടെത്തുക. നമ്മെ വെറും വിൽപ്പനച്ചരക്കായി കാണുന്നവർ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളും സത്യവും മാറ്റി പ്രതിഷ്ഠിക്കുന്നു.

സൗഹൃദം എന്ന ആശയം കഴിഞ്ഞ കുറേ കാലമായി ഡിജിറ്റൽ ലോകത്തിലെ സാമൂഹികശൃംഖലകളിലെ പദസമുച്ചയത്തിൽ വീണ്ടും പ്രഥമസ്ഥാനം കൈക്കലാക്കിയിരിക്കയാണ്. പ്രസ്തുത ആശയം മനുഷ്യസംസ്കാരത്തിന്റെ സമുന്നതമായ നേട്ടം തന്നെയാണ്. നാം നമ്മുടെ സുഹൃദ്ബന്ധങ്ങളിലൂടെയാണ് മനുഷ്യരായി വളരുന്നതും വികസിക്കുന്നതും. ഇക്കാരണത്താൽ യഥാർത്ഥ സൗഹൃദം എക്കാലത്തും മനുഷ്യനു ഭവിക്കാവുന്ന ഏറ്റവും വലിയ നന്മയായി പരിഗണിക്കപ്പെടുന്നു. ആയതിനാൽ സുഹൃദ്ബന്ധം എന്ന ആശയത്തെ നാം ഒരിക്കലും നിസ്സാരവത്കരിക്കരുത്. നമ്മുടെ സൈബർസൗഹൃദങ്ങൾ കുടുംബബന്ധങ്ങളെയും അയൽബന്ധങ്ങളെയും, ജോലിസ്ഥലത്തും സ്കൂളിലും കളിസ്ഥലത്തും ഉള്ള സൗഹൃദങ്ങളെയും ഉലയ്ക്കുന്നതാകാൻ പാടില്ല. ഇന്റർനെറ്റിലെ സാങ്കല്പികബന്ധങ്ങൾക്ക് അമിതപ്രാധാന്യം നല്കാൻ തുടങ്ങിയാൽ അത് വ്യക്തികളെ സാമൂഹികബന്ധങ്ങളിൽ നിന്ന് അകറ്റുകയും; വിശ്രമം, നിശ്ശബ്ദത, ധ്യാനം എന്നീ മാനുഷികവളർച്ചയ്ക്കും ആരോഗ്യത്തിനും ആവശ്യമായവയിൽ നിന്നു വേർപെടുത്തി ഒറ്റപ്പെടുത്തുകയും ചെയ്യും.

സുഹൃദ്ബന്ധം ഒരു വലിയ മാനുഷികഗുണമാണ്, എന്നാൽ അതിന്റെ പരമമായ ലക്ഷ്യത്തിൽനിന്നു വ്യതിചലിച്ച് അതിനെത്തന്നെ ലക്ഷ്യമാക്കിയാൽ അതിന്റെ മഹത്വം നഷ്ടപ്പെടുന്നതാണ്. സുഹൃത്തു

ക്കൾ പരസ്പരം സഹായിച്ചും സഹകരിച്ചും തങ്ങളുടെ കഴിവുകൾ വളർത്തിയെടുത്തും അവ മനുഷ്യകുലത്തിന്റെ നന്മയ്ക്കായി പ്രയോജനപ്പെടുത്തണം. ഈയവസരത്തിൽ മനുഷ്യനന്മയെ മുൻനിർത്തി രൂപംകൊണ്ടിട്ടുള്ള ഡിജിറ്റൽ ശൃംഖലകളുടെ, മാനുഷികഐക്യത്തെയും സമാധാനത്തെയും നീതിയെയും വളർത്തുന്ന സമീപനം, ശ്ലാഘനീയമാണ്. ഇത്തരം ശൃംഖലകൾക്ക് വ്യത്യസ്തമേഖലകളിൽ നിന്നും സംസ്കാരങ്ങളിൽ നിന്നുമുള്ള, ജനങ്ങൾ തമ്മിലുള്ള സഹകരണം വളർത്തുന്നതിനും അന്യോന്യമുള്ള ഉത്തരവാദിത്വബോധം പൊതുനന്മക്കുവേണ്ടി വർദ്ധിപ്പിക്കുന്നതിനും കഴിയും. ആയതിനാൽ ഇത്തരം ഡിജിറ്റൽ ശൃംഖലകൾ എവിടെയെല്ലാം സാദ്ധ്യമാണോ അവിടെയൊക്കെ അവ എല്ലാവർക്കും വേണ്ടിയുള്ളതാണെന്ന് നാം ഉറപ്പുവരുത്തണം. മനുഷ്യകുലത്തിന് ആശയവിനിമയത്തിനുള്ള അതിവേഗ നൂതനമാർഗ്ഗങ്ങൾ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് അപ്രാപ്യമായിവന്നാൽ ഭാവിയിൽ അത് പാവപ്പെട്ടവരുമായുള്ള അകലം വർദ്ധിപ്പിക്കുകയും വരുംകാലത്ത് മനുഷ്യപുരോഗതിയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും.

കത്തോലിക്കാ യുവജനങ്ങളെ ഉദ്ദേശിച്ച് ചില കാര്യങ്ങൾ അവതരിപ്പിച്ചുകൊണ്ട് ഡിജിറ്റൽ ലോകത്തിനായുള്ള അവരുടെ വിശ്വാസസാക്ഷ്യം ബലപ്പെടുത്തിക്കൊണ്ട് ഞാനീ സന്ദേശം ഉപസംഹരിക്കാനുദ്ദേശിക്കുന്നു. പ്രിയ സഹോദരങ്ങളേ, ഇൻഫർമേഷൻ ടെക്നോളജിയുടെ ഈ പുതിയ സാംസ്കാരികപരിതോവസ്ഥയിലേക്ക് നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ നേടിയിട്ടുള്ള മൂല്യങ്ങൾ പ്രസരിപ്പിക്കുക. സഭയുടെ ആദ്യകാലചരിത്രത്തിൽ ശ്രേഷ്ഠരായ അപ്പോസ്തലന്മാരും അവരുടെ ശിഷ്യരും ക്രിസ്തുനാഥന്റെ സുവിശേഷം ഗ്രീസിലും റോമിലും കൊണ്ടുചെന്നു. അവരുടെ സംസ്കാരങ്ങളും ആചാരങ്ങളും മനസ്സിലാക്കിക്കൊണ്ട് അവരുടെ മനസ്സിൽതട്ടുന്ന രീതിയിലാണ് അവർ സുവിശേഷപ്രഘോഷണങ്ങൾ നടത്തിയത്, അതുപോലെതന്നെ ഇന്നും, സൈബർ സംസ്കാരത്തിന്റെ പൊരുൾ അറിഞ്ഞുകൊണ്ടേ, ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ ക്രിസ്തുവിനെ പ്രഘോഷിക്കാൻ കഴിയൂ. ഈ സംസ്കാരം ശരിക്കും മനസ്സിലാക്കിയ യുവജനങ്ങൾക്കേ ഈ ഡിജിറ്റൽ ലോകത്തെ സുവിശേഷവത്കരിക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കാൻ സാധിക്കൂ. നിങ്ങളുടെ സഹവർത്തികൾക്ക് ആവേശത്തോടെ സുവിശേഷസന്ദേശം നൽകാൻ മറക്കാതിരിക്കുക. അവരുടെ പ്രതീക്ഷകളും താത്പര്യങ്ങളും ആശങ്കകളും നിങ്ങൾക്കറിവു

ള്ളതാണല്ലോ; അവർക്ക് നൽകാനുള്ള നിങ്ങളുടെ ഏറ്റവും വലിയ സമ്മാനം മനുഷ്യനായ ദൈവത്തെയാണ് - സഹിക്കുകയും മരിക്കുകയും സർവരെയും രക്ഷിക്കുന്നതിനുവേണ്ടി ഉയിർത്തെഴുന്നേല്ക്കുകയും ചെയ്ത ദൈവത്തെക്കുറിച്ചുള്ള സുവിശേഷം. മനുഷ്യഹൃദയങ്ങൾ സ്നേഹം നിലനിൽക്കുന്ന ലോകത്തിനായി ദാഹിക്കുകയാണ്, നന്മകൾ പങ്കുവയ്ക്കുന്ന, ഐക്യം വളർത്തുന്ന; സ്വാതന്ത്ര്യം സത്യത്തിൽ അർത്ഥം കണ്ടെത്തുന്ന; ആദരത്തോടെയുള്ള ഐക്യത്തിൽ വ്യക്തിത്വം കണ്ടെത്തുന്ന ലോകം. ഈ പ്രതീക്ഷകൾക്ക് നമ്മുടെ വിശ്വാസത്തിന് ഉത്തരം നൽകാൻ കഴിയും - നിങ്ങൾ ആ വിശ്വാസത്തിന്റെ പ്രചാരകരാകുക, പാപ്പാ നിങ്ങളോടൊപ്പമുണ്ട്, തന്റെ പ്രാർത്ഥനയിലൂടെ, ആശീർവാദത്തിലൂടെ.

**വത്തിക്കാനിൽ നിന്ന് 24 ജനുവരി 2009,**
*വിശുദ്ധ ഫ്രാൻസീസ് സാലസിന്റെ തിരുനാൾദിനത്തിൽ,*
*ബനഡിക്ട് 16-ാമൻ പാപ്പാ*

---

***NB*: സമ്പർക്കമാദ്ധ്യമദിനത്തോട് അനുബന്ധിച്ചുള്ള സംഭാവനാശേഖരണം നടത്തി നവംബർ 31-നു മുമ്പ് ബഹു. പ്രൊക്യുറേറ്ററച്ചനെ ഏൽപിക്കേണ്ടതാണ്.**

W W W W W W W W W W W

## സി.ജെ. മാടപ്പാട്ട് ബൈബിൾ സാഹിത്യ അവാർഡ് സി. കൃപാ കരിശ്ശേരിൽ SABS-ന്

2009-ലെ സി.ജെ. മാടപ്പാട്ട് അവാർഡിന് സി. കൃപാ കരിശ്ശേരിൽ SABS അർഹയായിരിക്കുന്നു. **'പ്രേഷിത തീക്ഷ്ണതയാൽ ജ്വലിച്ച പൗലോസ് അപ്പസ്തോലൻ'** എന്ന വിഷയത്തെ ആസ്പദമാക്കി ഡയറിക്കുറിപ്പ് രീതിയിൽ എഴുതിയ പ്രബന്ധമാണ് അവാർഡു നേടിയത്. പതിനായിരത്തിയൊന്നു രൂപയും പ്രശസ്തിപത്രഫലകവും അടങ്ങുന്ന അവാർഡ് പാലാ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് സമ്മാനിക്കും.

പ്രോത്സാഹന സമ്മാനങ്ങൾ നേടിയവർ യഥാക്രമം സിജോ കൊച്ചുമുണ്ടൻമലയിൽ, ആലുവാ (Rs. 2000/-), അല്ലേശ്ശ് മാത്യു പാറയ്ക്കൽ, കാഞ്ഞിരത്താനം (Rs. 1500/-), ജോസഫ് തോമസ് പുത്തൻപുരയ്ക്കൽ, വള്ളിച്ചിറ, പാലാ (Rs. 1000/-) എന്നിവരാണ്.

**ഡോ. കുര്യൻ മാതോത്ത്**
കൺവീനർ (മാടപ്പാട്ട് അവാർഡ്)

W W W W W W W W W W W

# കുടുംബവും മാധ്യമങ്ങളും

## (കെ.സി.ബി.സി. ഫാമിലി കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ)

കെ.സി.ബി.സി. ഫാമിലി കമ്മീഷൻ 2009-2010 വർഷങ്ങളിൽ കുടുംബങ്ങളുടെ പഠനത്തിനും പരിചിന്തനത്തിനുമായി നിർദ്ദേശിച്ചിരിക്കുന്ന വിഷയം 'സാമൂഹ്യസമ്പർക്കമാധ്യമങ്ങളും കുടുംബവും' എന്നതാണ്. കുടുംബമൂല്യങ്ങൾ സംരക്ഷിക്കത്തക്കവിധം മാധ്യമങ്ങളെ എങ്ങനെ ഉപയോഗിക്കാമെന്നതാണ് ചിന്താവിഷയം. മാധ്യമയുഗത്തിൽ ജീവിക്കുന്ന നമ്മെ സാമൂഹ്യസമ്പർക്ക മാധ്യമങ്ങൾ വ്യാപകമായി സ്വാധീനിക്കുന്നുവെന്നത് സുനിശ്ചിതമാണ്. മനുഷ്യന്റെ എല്ലാ കണ്ടുപിടിത്തങ്ങളുടെയും കാര്യത്തിലെന്നപോലെ സാമൂഹികസമ്പർക്കമാധ്യമങ്ങളെയും നമുക്ക് നന്മയ്ക്കും തിന്മയ്ക്കും ഉപയോഗിക്കാം. വിനോദവും വിജ്ഞാനവും പ്രദാനം ചെയ്യുന്ന സാമൂഹ്യസമ്പർക്ക മാധ്യമങ്ങളെ ദൈവാനുഗ്രഹമായിട്ടും നമുക്ക് കൈവന്നിരിക്കുന്ന വലിയ അവസരമായിട്ടും വേണം നാം കാണാൻ (cf. inter mirifica, 2). എന്നാൽ, മനുഷ്യൻ നിയന്ത്രിക്കേണ്ട മാധ്യമങ്ങൾ, മനുഷ്യനെ നിയന്ത്രിക്കുന്ന ഒരവസ്ഥ സംജാതമാകുന്നത് അപകടമാണ്. പല സാങ്കേതിക വിദ്യകളുടെയും കാര്യത്തിലെന്നപോലെ മാധ്യമങ്ങൾ മനുഷ്യനെ അടിമപ്പെടുത്തുന്ന സാഹചര്യമാണ് പൊതുവിലുള്ളത്. കുടുംബത്തിലെ എല്ലാ കാര്യങ്ങളും മാധ്യമങ്ങൾ, പ്രത്യേകിച്ച് ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നിവ, കീഴടക്കുന്നു. വീട്ടുജോലി, ഭക്ഷണസമയം, പ്രാർത്ഥന, കുടുംബത്തിലെ ആശയവിനിമയം, യാത്രകൾ, സന്ദർശനങ്ങൾ, അതിഥികളോടുള്ള സമീപനം തുടങ്ങി എല്ലാ കാര്യങ്ങളെയും നിയന്ത്രിക്കുന്നത് മാധ്യമങ്ങളായിരിക്കുന്നു.

കുടുംബജീവിതത്തിന് കോട്ടമുണ്ടാകാത്ത വിധത്തിൽ മാധ്യമങ്ങളുടെ ഉപയോഗം ക്രമീകരിക്കുകയെന്ന ആവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. റ്റി.വി. ഇല്ലാതെ ജീവിക്കാൻ പറ്റാത്ത ഒരവസ്ഥയാണിന്ന് സംജാതമായിരിക്കുന്നത്. ജോലിക്കും പഠനത്തിനുമായി പുറത്തുപോയിട്ട് വൈകുന്നേരം വീട്ടിൽ തിരിച്ചെത്തുന്നവർ ആദ്യം തിരയുന്നത് റ്റി.വി.യുടെ റിമോട്ട് കൺട്രോളാണെന്നത് മിക്ക കുടുംബങ്ങളുടെയും ഗതിയാണ്. സിനിമ, സീരിയൽ, റിയാലിറ്റി ഷോ, കോമഡി ഷോ, സ്പോർട്സ് എന്നിവ കാണുന്നതിന് സമയം ചെലവഴിക്കുന്നു. അശ്ലീലതയും അക്രമവും റ്റിവിയിൽ നിരന്തരം പ്രദർശിപ്പിക്കപ്പെടുന്നു.

യഥാർത്ഥ മാനുഷികതയ്ക്കും വിവാഹത്തിനും കുടുംബത്തിനും മങ്ങ ലേല്പിക്കുന്ന സന്ദേശങ്ങളാണ് സീരിയലുകൾ അവതരിപ്പിക്കുന്നത്. ഇത്തരം ചില സീരിയൽ സന്ദേശങ്ങൾക്ക് ഉദാഹരണങ്ങൾ താഴെപ്പറ യുന്നവയാണ്. വിവാഹകുടുംബജീവിതങ്ങൾ ദുരന്തപൂർണവും നര കവുമാണ്. അവിഹിതബന്ധങ്ങൾ സർവസാധാരണമാണ്. സ്ത്രീ അബ ലയും ചപലയും ഉപഭോഗവസ്തുവും എപ്പോഴും സഹിക്കേണ്ടവളും കരയേണ്ടവളും ആണ്. പുരുഷൻ വേട്ടക്കാരനും സ്ത്രീ ഇരയുമാണ്. സമ്പത്തും ഉപഭോഗവുമാണ് ജീവിതവിജയത്തിന്റെ മാനദണ്ഡം. അവ എളുപ്പത്തിലും സൂത്രത്തിലും നേടണം. കുട്ടികൾ ബാധ്യതയും ഭാരവു മാണ്. ഗർഭച്ഛിദ്രം തിന്മയല്ല. ജീവിതപ്രശ്നങ്ങൾ നേരിടാൻ മദ്യമയ ക്കുമരുന്നുകളാണ് കുറുക്കുവഴി. ലക്ഷ്യം നേടാൻ ഏതു മാർഗവും ഉപ യോഗിക്കാം. ഉപദ്രവിച്ചവരോട് പകരം വീട്ടണം. ആരെയും വിശ്വസി ക്കാൻ പറ്റില്ല. ഇത്തരം റ്റി.വി. പ്രോഗ്രാമുകൾ അക്രമം, അഴിമതി, ഗുണ്ടായിസം, ലൈംഗികാരാജകത്വം, മദ്യപാനം, നരഹത്യ, ആത്മഹത്യ എന്നിവയുടെ ഒരു ജീർണസംസ്കാരം രൂപം കൊള്ളുന്നതിന് വഴിതെളിക്കുന്നില്ലേ?

വീട് ചന്തയാക്കപ്പെടുന്നുവെന്നതാണ് മാധ്യമങ്ങൾ വരുത്തി വയ്ക്കുന്ന മറ്റൊരു അപകടം. റ്റി.വി.യിൽ ചന്തയിലെന്നപോലെ ഉത്പ ന്നങ്ങളെക്കുറിച്ചുള്ള പരസ്യങ്ങളുടെ കോലാഹലമാണ് എപ്പോഴും കാണാനും കേൾക്കാനും കഴിയുന്നത്. വീട്ടുപകരണങ്ങൾ, സ്വർണാ ഭരണങ്ങൾ, വാഹനങ്ങൾ, വസ്ത്രങ്ങൾ, കുട്ടികളുടെ കുട, ബാഗ്, ഭക്ഷണപാനീയങ്ങൾ എന്നിവയുടെ വർണനകൾ അസത്യമായും അതി ശയോക്തി കലർത്തിയും അതിഭാവുകത്വത്തോടെയും ഇഷ്ടതാരങ്ങൾ അവതരിപ്പിക്കുന്നു. കുട്ടികൾ അവ എളുപ്പത്തിൽ വിശ്വസിക്കുകയും പരസ്യത്തിൽ കണ്ടവ തന്നെ കിട്ടണമെന്ന് നിർബന്ധം പിടിക്കുകയും ചെയ്യുന്നു. തങ്ങളുടെ സാമ്പത്തികശേഷി നോക്കാതെതന്നെ, കടം വാങ്ങിച്ചുപോലും, കുട്ടികളുടെ ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കുന്ന മാതാപിതാക്കൾ കുറച്ചൊന്നുമല്ല. കുടുംബത്തെ ടാർജറ്റ് ചെയ്തു കൊണ്ടാണ് പരസ്യങ്ങൾ എല്ലാം മുന്നേറുന്നത്. അതിൽ വീണുപോകു ന്നവർ നിരവധിയുമാണ്. ഗൃഹനാഥന്റെ സന്തോഷം, വീട്ടമ്മയുടെ അധ്വാനലാഭം, കുട്ടികളുടെ വളർച്ച, മുത്തച്ഛന്റെ ആശ്വാസം, അമ്മായി യമ്മയ്ക്ക് സംതൃപ്തി എന്നിവയ്ക്ക് പരസ്യത്തിൽ പറയുന്ന ഉത്പന്നം തന്നെ വേണമെന്നതാണ് സന്ദേശം. അടിസ്ഥാനാവശ്യങ്ങളും മാനസി കാവശ്യങ്ങളും മാറ്റി തങ്ങളുടെ ഉത്പന്നത്തിലാണ് സുഖവും

സംതൃപ്തിയും എന്ന് വരുത്തിത്തീർക്കുന്നത് എത്രയോ വലിയ വഞ്ചന യാണ്. ആർത്തിയും അസംതൃപ്തിയും വളർത്തി കുടുംബജീവിതത്തെ താറുമാറാക്കുന്ന എത്ര സംഭവങ്ങൾ നമുക്ക് ചുററുമുണ്ട്. ഇവിടെ, പരസ്യഭാഷ തിരിച്ചറിയാൻ നമുക്ക് സാധിക്കണം. അതുപോലെ ആവശ്യവും അനാവശ്യവും തിരിച്ചറിയാനും കഴിയണം. എങ്കിലേ യുക്തമായ തിരഞ്ഞെടുപ്പ് സാധിക്കൂ.

സത്യത്തിൽ, പരസ്യം വസ്തുതയ്ക്ക് നിരക്കാത്തതോ മനുഷ്യ മഹത്വത്തെ ഹനിക്കുന്നതോ വികാരങ്ങളെ ചൂഷണം ചെയ്യുന്നതോ ആർഭാടവും ധൂർത്തും പ്രോത്സാഹിപ്പിക്കുന്നതോ മനുഷ്യന്റെ ആന്തരിക സ്വാതന്ത്ര്യത്തിന്മേൽ കടന്നുകയറ്റം നടത്തുന്നതോ ആയിരിക്കാൻ പാടില്ലാത്തതാണ്. മറിച്ച്, അത് സത്യസന്ധവും സാമൂഹികോത്തരവാദിത്വമുള്ളതുമായിരിക്കണം (cf പരസ്യത്തിലെ സദാചാരം, വത്തിക്കാൻ 1997, ഫെബ്രുവരി 22).

ഇന്ന് ആളുകൾ, പ്രത്യേകിച്ച് കുട്ടികൾ, റ്റി.വി ആസക്തിക്ക് വിധേയരാകുന്നു. ജോലികൊണ്ട് മടുത്ത മാതാപിതാക്കൾ മക്കളോടൊപ്പം സമയം ചെലവഴിക്കാൻ ഊർജ്ജവും സമയവും ഇല്ലാത്തതുകൊണ്ട്, കുഞ്ഞിനെ റ്റി.വി. യുടെ മുമ്പിലിരുത്തി കാർട്ടൂൺ വച്ചുകൊടുക്കുന്നു. കുഞ്ഞ് അതിൽ ലയിക്കുന്നു. റ്റി.വി.യുമായി വൈകാരികബന്ധത്തിലാകുന്ന ഇത്തരം കുഞ്ഞുങ്ങളെക്കുറിച്ച് പറയുന്നത് റ്റിവി വളർത്തുന്ന കുഞ്ഞുങ്ങൾ എന്നാണ്. ഇവർക്ക് ക്രിയാത്മകചിന്തയോ സന്തോഷമോ കളിയോ ആരോഗ്യമോ ഇല്ലെന്നതാണ് പഠനങ്ങൾ തെളിയിക്കുന്നത്. കുട്ടികൾ സാംസ്കാരികവും ധാർമ്മികവും ആത്മീയവുമായി വികസിക്കുന്നതിന് മാധ്യമങ്ങൾ വിമർശനബുദ്ധിയോടെയും വിവേകത്തോടെയും ഉപയോഗിക്കാൻ ചെറുപ്പം മുതൽ പരിശീലിപ്പിക്കപ്പെടണം. ഏത് ഉപേക്ഷിക്കണം, ഏത് തിരഞ്ഞെടുക്കണം എന്ന് വസ്തുനിഷ്ഠമായി വിധിത്തീർപ്പുകൾ നടത്താനുള്ള പ്രാപ്തിയാണ് അവർക്ക് ഉണ്ടാകേണ്ടത്. മാതാപിതാക്കളുടെ വലിയ ഉത്തരവാദിത്വമാണ് ഇത് ഉറപ്പാക്കുക എന്നത് (cf.Familiaris Consortio, 76). വൈരൂപ്യവും അശ്ലീലതയും അക്രമവും ഒക്കെ കുട്ടികളുടെ മനോഭാവങ്ങളെയും പെരുമാറ്റങ്ങളെയും മന്ദീഭവിപ്പിക്കും. അതിനാൽ, സൗന്ദര്യപരവും ധാർമ്മികവും ശ്രേഷ്ഠവുമായ കാര്യങ്ങളോടു താത്പര്യം ഉണ്ടാകാനും സ്വാതന്ത്ര്യത്തോടെ അവ തിരഞ്ഞെടുക്കാനും അവരെ സഹായിക്കാൻ മാതാപിതാക്കൾ ശ്രദ്ധവയ്ക്കണം. അതാണ് അഗാധമായ സന്തോഷം കുട്ടികളിൽ ജനിപ്പിക്കുന്നത്.

സെൻസേഷൻ ജനിപ്പിക്കുന്ന വാർത്താവിതരണരീതിയും വില യിരുത്തപ്പെടേണ്ടതാണ്. മാധ്യമങ്ങൾ പലപ്പോഴും ഭാഗികസത്യമാണ് നല്കുന്നത്. പ്രത്യേക വിഷയങ്ങൾ തിരഞ്ഞെടുത്ത് പ്രേക്ഷകരെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ അവതരിപ്പിക്കുന്നതു വഴി വ്യക്തി കൾക്കും സമൂഹത്തിനും ഉണ്ടാകുന്ന നാശം വലുതാണ്. ഇങ്ങനെ വാർത്തകൾ അവതരിപ്പിക്കുന്നതിനു പിന്നിൽ സ്ഥാപിതതാത്പ ര്യങ്ങളും വാണിജ്യ താത്പര്യങ്ങളും രാഷ്ട്രീയ താത്പര്യങ്ങളും സാമ്പത്തിക താത്പര്യങ്ങളും ചാനലുകൾ തമ്മിലുള്ള മത്സരങ്ങളും കാരണമാണ്. വാർത്തയോടു ബന്ധപ്പെട്ടുള്ള ചർച്ചകൾ വിഭിന്ന നിലപാ ടുകൾ അവതരിപ്പിച്ചു സത്യം കണ്ടെത്താനുള്ള മാർഗമാക്കാൻ മാധ്യമ പ്രവർത്തകർ ശ്രമിക്കുന്നതായും കാണുന്നില്ല. ചർച്ച ഒരു വിചാരണയാ കുന്ന അനുഭവവും കുറവല്ല. മാധ്യമ പ്രവർത്തനം മനുഷ്യമഹത്വത്തിനും പൊതുനന്മയ്ക്കും സാർവത്രികമൂല്യങ്ങളായ സത്യത്തിനും നീതിക്കും സ്നേഹത്തിനും വേണ്ടി നിലകൊള്ളേണ്ടതാണ്. ശരിയായ സാംസ്കാ രിക സാമൂഹ്യ പുരോഗതിക്ക് അതാവശ്യമാണല്ലോ. മനുഷ്യശാസ്ത്ര പരമായ പരിപ്രേക്ഷ്യത്തിലേ മാധ്യമങ്ങളുടെ അർത്ഥവും ലക്ഷ്യവും ഉചിതമായ രീതിയിൽ സഫലമാകുകയുള്ളു. മാധ്യമപ്രവർത്തനം ഇന്ന് ബിസിനസ്സ് മത്സരമാകുന്നതുകൊണ്ട് അക്രമത്തെ ഉയർത്തുന്നു, മാനു ഷികലൈംഗികതയെ നിസ്സാരവത്കരിക്കുന്നു, വിഭാഗിയതകൾ വളർത്തുന്നു, സമൂഹവിരുദ്ധ പെരുമാറ്റങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. ഇവയെല്ലാം തീർത്തും തെറ്റാണ്, പരിവർജനീയമാണ്.

ഇന്റർനെറ്റും മൊബൈൽ ഫോണും അറിവിന്റെ വാതായനങ്ങൾ വിശാലമായി തുറക്കുന്നുണ്ടെന്നതു ശരിയാണ്. വ്യക്തിബന്ധങ്ങൾ വളർത്താൻ അവ സഹായങ്ങളുമാകുന്നു. എന്നാൽ, സ്വകാര്യസമ്പർക്ക ഉപകരണങ്ങളായി അവ തരം താഴ്ന്നതോടെ, ശുഷ്കവും സങ്കു ചിതവുമായ ബന്ധങ്ങൾ മാത്രമേ വളർത്തപ്പെടുന്നുള്ളൂ എന്ന ദു:ഖ സത്യം അവശേഷിക്കുന്നു. ലാന്റ്ഫോൺ പൊതുസ്ഥലത്തായിരുന്ന തുകൊണ്ട്, ബന്ധങ്ങളെ വിശാലമാക്കിയിരുന്നു. ഒരു നിയന്ത്രണവും ഉണ്ടായിരുന്നു. കുട്ടികൾക്കു മൊബൈൽ ഫോൺ അത്യാവശ്യമാണോ യെന്നു മാതാപിതാക്കൾ ചിന്തിക്കണം. ചാറ്റിംഗും ഓർക്കൂട്ടും സുഹൃ ത്തുക്കളെ കണ്ടെത്തുവാനും സ്വപ്നങ്ങൾ പങ്കുവയ്ക്കുവാനും സഹാ യകമാണെങ്കിലും അശ്ലീലതയിലേയ്ക്കും ഭീകരപ്രവർത്തനങ്ങ ളിലേയ്ക്കും അത് നയിക്കുന്നുണ്ടെന്നത് അവഗണിക്കാനാവില്ല. നന്മ യ്ക്കും സുരക്ഷിതത്വത്തിനും വേണ്ടി ഇന്റർനെറ്റ് സൗകര്യം വീട്ടിൽ

എല്ലാവർക്കും വീക്ഷിക്കാവുന്ന സ്ഥലത്ത് സ്ഥാപിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം.

യഥാർത്ഥ കുടുംബമൂല്യങ്ങളും മാനുഷിക മൂല്യങ്ങളും സംരക്ഷിക്കുന്നതിന് മാധ്യമങ്ങളുടെ ഉപയോഗം ചില അവസരത്തിൽ വേണ്ടെന്ന് വയ്ക്കേണ്ടി വരും (TV off  day, TV off week, TV off month). റ്റി.വി. ഉപയോഗിക്കുന്നനതിൽ ശിക്ഷണം അനുപേക്ഷണീയമാണ്. പ്രാർത്ഥന, പഠനം എന്നിവയുടെ സമയത്ത് റ്റി.വി. പ്രവർത്തിപ്പിക്കാതിരിക്കാൻ മാതാപിതാക്കൾ ഉത്സാഹിക്കണം. ഗുരുജനങ്ങൾ, പിറ്റി.എ., അധ്യാപകർ എന്നിവർ ഇക്കാര്യത്തിൽ മാതാപിതാക്കൾക്ക് സഹായകമാകണം.  സ്വതന്ത്രബുദ്ധിയും ഇച്ഛാശക്തിയും ഉപയോഗിച്ച് മനുഷ്യൻ മാധ്യമങ്ങളെ നിയന്ത്രിക്കണം.  ആത്മനിയന്ത്രണവും മിതത്വവും കൂടാതെ കാതലായ നന്മകൾ കൈവരിക്കാൻ നമുക്കാവില്ലെന്നത് ഒരു സത്യമല്ലേ? ഫാമിലി റ്റി.വി. പ്ലാൻ ഉണ്ടാക്കി കുടുംബം കഴിവതും ഒന്നിച്ചിരുന്ന് റ്റി.വി. കാണുകയും അതിനെ വിശകലനം ചെയ്യുകയും വ്യാഖ്യാനിക്കുകയും വിലയിരുത്തുകയും ചെയ്യുക നല്ല മൂല്യങ്ങളുടെ സ്വാംശീകരണത്തിന് ആവശ്യമാണ്.  മനുഷ്യജീവിതത്തെ ധന്യമാക്കുന്ന സ്നേഹം, ക്ഷമ, വിട്ടുവീഴ്ച, അധ്വാനം, ലൈംഗികവിശുദ്ധി, മനുഷ്യമഹത്വം എന്നിവ വളർത്താനുള്ള സാഹചര്യമാണ് സൃഷ്ടിക്കപ്പെടേണ്ടത്.  പ്രശ്നങ്ങൾക്കുള്ള പരിഹാരം മദ്യവും മയക്കുമരുന്നുമല്ലെന്ന് എല്ലാവർക്കും ബോധ്യമാകണം. മനുഷ്യബന്ധവും സ്നേഹവുമാണ് പണത്തെക്കാൾ പ്രധാനമെന്ന കാര്യം ഉറപ്പാക്കപ്പെടണം. വിവാഹ-കുടുംബ സമർപ്പണങ്ങൾ പ്രധാനപ്പെട്ടതാണെന്ന് എല്ലാവർക്കും ബോധ്യമുണ്ടാകുകയും വേണം.  സംരക്ഷിക്കപ്പെടേണ്ട വലിയ മനുഷ്യനന്മകളാണവ.  തരംതാണതും മലീമസവുമായ, വിദ്വേഷവും വിഭാഗീയതയും പോഷിപ്പിക്കുന്ന, പ്രോഗ്രാമുകൾ മാധ്യമങ്ങൾ അവതരിപ്പിക്കുമ്പോൾ അവയ്ക്കെതിരേ ക്രിയാത്മകമായി പ്രതികരിക്കാൻ കുടുംബങ്ങൾ തയ്യാറാവുകയെന്നതും പ്രധാനപ്പെട്ട കാര്യമാണ്.  ഇക്കാര്യങ്ങളിൽ എല്ലാവരുടെയും ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. 2010-ൽ എല്ലാ ഇടവകകളിലും മാധ്യമങ്ങളുടെ ഉപയോഗത്തെക്കുറിച്ച് മാതാപിതാക്കൾക്കുവേണ്ടി സെമിനാറും പ്രായോഗികമായി ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ചയും നടത്തണം. കുടുംബകൂട്ടായ്മകളിൽ (BCC) ഈ വിഷയം ചർച്ചയ്ക്കെടുക്കുന്നതും ഉചിതമാണ്.

ഇത്തരുണത്തിൽ ഒരു വിഷയത്തെക്കുറിച്ച്, നാം നടത്തുന്ന വിവാഹഒരുക്കസെമിനാറിനെക്കുറിച്ച്, ചില കാര്യങ്ങൾ എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. എല്ലാ രൂപതകളും ഗൗരവപൂർവം സംഘടിപ്പിക്കുന്ന ഒരു പരിപാടിയാണ് വിവാഹത്തിനു ഒരുക്കമായുള്ള സെമിനാർ. ഏവരുടെയും പ്രശംസയും അംഗീകാരവും അതിനുണ്ട്. മൂന്നുദിവസം നീണ്ടുനില്ക്കുന്ന ഒരു റസിഡൻഷ്യൽ കോഴ്സായിട്ട് അത് നടത്തണമെന്നാണ് പൊതുനിർദ്ദേശം. വിവാഹാലോചനകൾക്കു മുൻപേ തന്നെ അതിൽ പങ്കെടുക്കാൻ യുവതീയുവാക്കൾ ശ്രദ്ധിക്കണം. പ്രാർത്ഥനാപൂർവം കുർബാന, കുമ്പസാരം എന്നിവയോടെയും പൊതുവിൽ അംഗീകരിച്ചിട്ടുള്ള സിലബസ്സോടെയും കോഴ്സുകൾ നടത്തണം. വിദേശത്തുനിന്നുകൊണ്ടുവരുന്ന സർട്ടിഫിക്കറ്റുകൾ മൂന്നു ദിവസം നീണ്ടുനില്ക്കുന്ന കോഴ്സിന്റേത് ആയിരിക്കണം. അവിടുത്തെ രൂപതയുടെ അംഗീകാരവും പൊതുവായ എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്തിട്ടുള്ളവയും ആയിരിക്കണം. മൂന്നു ദിവസം നീണ്ടുനിൽക്കുന്ന കോഴ്സിൽ ഒരിക്കൽ പങ്കെടുത്തവരെ വീണ്ടുംകൂടാൻ നിർബന്ധിക്കേണ്ടതില്ല. വികാരിയച്ചന്മാർ നമസ്കാരം കേൾക്കുന്നതും ഉപദേശം കൊടുക്കുന്നതും ഉപേക്ഷിക്കരുതെന്ന കാര്യവും ഓർമ്മിപ്പിക്കട്ടെ. +1, +2 കാലഘട്ടത്തിൽ കുമാരീകുമാരന്മാർക്ക് ലൈഫ് ഗൈഡൻസ് കോഴ്സുകളും ആസൂത്രണം ചെയ്ത് നടപ്പാക്കണം. വിവാഹിതർക്ക്, പ്രത്യേകിച്ച് യുവദമ്പതികൾക്ക്, ദാമ്പത്യ പോഷകസെമിനാറുകൾ കൂടെക്കൂടെ സംഘടിപ്പിക്കുക ആവശ്യമാണ്. കുടുംബങ്ങൾ വിവിധതലങ്ങളിൽ നിന്ന്, പ്രത്യേകിച്ച് മാധ്യമങ്ങളിൽ നിന്ന്, നിരവധി വെല്ലുവിളികളെ അഭിമുഖീകരിക്കുന്ന ഇക്കാലഘട്ടത്തിൽ കുടുംബ പ്രേഷിതപ്രവർത്തനം ഊർജ്ജിതമാക്കാൻ എല്ലാവരും പരിശ്രമിക്കണം. തിരുക്കുടുംബത്തിന്റെ മാതൃക നമുക്ക് പ്രചോദനവും മധ്യസ്ഥത നമുക്ക് ശക്തിയുമാകട്ടെ. എല്ലാ നന്മകളും ദൈവാനുഗ്രഹവും പ്രാർത്ഥിച്ചുകൊണ്ട്,

പി.ഒ.സി. — മാർ മാത്യു ആനിക്കുഴിക്കാട്ടിൽ
17.10.2009 — **ചെയർമാൻ, കെ.സി.ബി.സി. ഫാമിലി കമ്മീഷൻ**

---

**P.S.** *ഏറ്റവും സൗകര്യപ്രദവും അടുത്തതുമായ ഒരു ഞായറാഴ്ച പള്ളിയിൽ ഈ സർക്കുലർ വായിക്കുകയോ ഇതിലെ പ്രധാനപ്പെട്ട ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.*

# ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

## I പുതിയ പിറവിത്തിരുനാൾ, വലിയ ആഴ്ച തിരുക്കർമ്മങ്ങൾ

പിറവിത്തിരുനാളിന്റെയും വലിയ ആഴ്ചയുടെയും പുതുക്കിയ ടെക്സ്റ്റുകൾ 2009 ഡിസംബർ മുതൽ നിലവിൽ വരുകയാണ്. സെന്റ് തോമസ് ബുക്ക് സ്റ്റാളിൽനിന്ന് തിരുക്കർമ്മ പുസ്തകങ്ങൾ വാങ്ങാവുന്നതാണ്. ഉപയോഗക്രമം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ അടുത്ത ബുള്ളറ്റിനിൽ അറിയിക്കുന്നതാണ്.

## II പാരീഷ് സോഫ്റ്റ്‌വെയർ

നമ്മുടെ രൂപതയിൽ നാം ഇതിനോടകം ആരംഭിച്ച് നടപ്പിലാക്കി വരുന്ന പാരീഷ് സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട ഏതാനും കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1) 2009 ജനുവരി ലക്കം സാന്ത്വനപ്രകാശത്തിൽ അഭിവന്ദ്യപിതാവ് നൽകിയിരുന്ന 69-ാം നമ്പർ സർക്കുലറും 2009 സെപ്റ്റംബർ ലക്കത്തിൽ നൽകിയിരുന്ന Contact Numbers-ഉം ശ്രദ്ധിക്കുമല്ലോ.

2) നമ്മുടെ അജപാലനശുശ്രൂഷ കുറച്ചുകൂടി കാര്യക്ഷമവും ആനുകാലികവും ആക്കുവാൻ ഉപയുക്തമായ രീതിയിലാണ് ഈ പ്രോഗ്രാം സംവിധാനം ചെയ്തിരിക്കുന്നത്. ഇനിയും കൂടുതൽ സാദ്ധ്യതകൾ ഉൾപ്പെടുത്തുവാൻ നമുക്ക് കഴിയുന്നതാണ്.

3) *ചുവടെ ചേർക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.*

* വ്യക്തിവിവരങ്ങൾ ശേഖരിക്കുമ്പോൾ തീയതികൾ എല്ലാം കിട്ടിയില്ലെങ്കിലും അങ്ങനെയുള്ളവരുടെ പേരുകൾ നിർബന്ധമായും ചേർത്ത് ലഭ്യമായ ഇതര വിവരങ്ങളും ചേർത്ത് പ്രോഗ്രാം മുന്നോട്ടുപോകാവുന്നതാണ്. മുഴുവൻ വിവരങ്ങൾ കിട്ടാത്തതിന്റെ പേരിൽ അയാളുടെ വിവരങ്ങൾ പ്രോഗ്രാമിൽ കയറ്റാതിരിക്കുകയോ, ഡേറ്റാ എൻട്രി നിർത്തിവയ്ക്കുകയോ ചെയ്യരുത്. ഇടവകയിൽ നടക്കുന്ന കൂദാശകളുടെ വിവരങ്ങൾ ഇനിമുതൽ കൃത്യമായി ചേർത്തുപോകാവുന്നതാണ്.

* വ്യക്തിവിവരങ്ങൾ അടങ്ങുന്ന ഫോറത്തിലെ വിവരങ്ങൾ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ മാത്രമേ ശരിയെന്ന് ഉറപ്പുവരുത്താവൂ. ഇപ്രകാരം ഉറപ്പു

വരുത്തിയ വ്യക്തിവിവരങ്ങളാണ് സോഫ്റ്റ്‌വെയർ പ്രോഗ്രാമിൽ ചേർത്തുപോകേണ്ടത്.

* മറ്റു പള്ളികളിൽനിന്നും സർട്ടിഫിക്കറ്റുകൾ വാങ്ങിക്കൊണ്ടുവരുമ്പോൾ അവ വിട്ടുപോകാതെ ഇടവകപള്ളിയുടെ അതാതു രജിസ്റ്ററുകളിൽ ചേർത്ത് Software reference കോളത്തിലും reference കൊടുക്കുക (eg. Vol. III, P. 25, Sl. No. 2/09). ഔദ്യോഗിക സർട്ടിഫിക്കറ്റ് കൊടുക്കുമ്പോൾ Software Reference കോളംനോക്കി ബുക്കു പരിശോധിച്ച് വിവരങ്ങൾ ഒത്തുനോക്കി ഉറപ്പുവരുത്തിയ ശേഷമേ Computer print certificate കൊടുക്കാവൂ.
* Software programme-മുമായി ബന്ധപ്പെട്ട സംശയങ്ങളുമായി ആൾക്കാർ വരുമ്പോൾ അവ വിശദീകരിച്ചു കൊടുക്കുവാനും ആവശ്യമായ സർട്ടിഫിക്കറ്റുകൾ കൊടുക്കുവാനും ബഹു. അച്ചന്മാർ ശ്രദ്ധിക്കുമല്ലോ.
* ആത്മസ്ഥിതിയിൽ വരാത്തവരുടെ (Non Parishners) ചടങ്ങുകൾ ഇടവകയിൽവച്ച് നടത്തുമ്പോൾ അവ Non Parishners രജിസ്റ്ററിൽ ചേർത്ത് print കൊടുത്താൽ മതിയാകും.
* വ്യക്തിവിവരഫോറത്തിൽ Nos. 24-34 വരെ ഭാര്യാഭർത്താക്കന്മാരുടെ വിവരങ്ങൾ ആവർത്തിച്ചുചോദിക്കുന്നത് കമ്പ്യൂട്ടറിൽ enter ചെയ്യുമ്പോൾ തെറ്റുപറ്റാതെയും എളുപ്പത്തിൽ ചെയ്യുവാനും വേണ്ടിയാണ്.
* കുടുംബത്തിൽ വൈദികർ / സിസ്റ്റേഴ്സ് ഉള്ളവരും ഒരു വ്യക്തിഗതഫോറം പൂരിപ്പിക്കണം.

4. ഇടവകയെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളുടെയും റിപ്പോർട്ട് കിട്ടത്തക്ക വിധത്തിൽ തയ്യാറാക്കിയിട്ടുള്ള പ്രോഗ്രാം ആയതുകൊണ്ടാണ് പള്ളിയുടെ ആത്മസ്ഥിതിയിൽനിന്നും വ്യത്യസ്ഥമായി ധാരാളം കാര്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇതിനോടകം ഇടമറുക്, മംഗളഗിരി, മോനിപ്പള്ളി തുടങ്ങിയ ഇടവകകളിൽ നമ്മുടെ ഈ പ്രോഗ്രാം full functioning ആയത് ബഹു. അച്ചന്മാർക്ക് നേരിൽകണ്ട് ഈ പ്രോഗ്രാമിന്റെ ഉപയോഗങ്ങളും സാദ്ധ്യതകളും പഠിക്കാവുന്നതാണ്.

ബഹു. അച്ചന്മാരുടെ നിർല്ലോഭമായ സഹകരണത്തിന് നന്ദി പറയുന്നു.

**പാരീഷ് സോഫ്റ്റ്‌വെയർ കോർ കമ്മിറ്റി**

## III സെനക്കിൾ വൈദിക കൂട്ടായ്മ

നവംബർ മാസത്തിലെ സെനക്കിൾ കൂട്ടായ്മ 16, 17 തിങ്കൾ, ചൊവ്വാ തീയതികളിൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് നടക്കുന്നതാണ്. തിങ്കൾ വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് ചൊവ്വാഴ്ച ഉച്ചഭക്ഷണത്തോടുകൂടി സമ്മേളനം തീരുന്നതാണ്. പുതിയതായി പങ്കെടുക്കുവാൻ താത്പര്യമുള്ള അച്ചന്മാർക്ക് ഇനിയും വരാവുന്നതാണ്.


### സെന്റ് തോമസ് ബുക്ക്സ്റ്റാളിലേക്ക് സ്വാഗതം

- പുതിയ ക്രിസ്തുമസ് കാർഡുകൾ, ക്രിബ് സെറ്റുകൾ, ക്രിസ്തുമസ് ട്രീ.
- കമ്പ്യൂട്ടർ ഡിസൈൻഡ് ആരാധനാക്രമ തിരുവസ്ത്രങ്ങൾ (ലത്തീൻ റീത്ത് ഉൾപ്പെടെ)
- അൾത്താരയിലേക്ക് ആവശ്യമുള്ള തിരികൾ, ശുദ്ധമായ കുന്തിരിക്കം.
- തിരുപാത്രങ്ങൾ, മുത്തുക്കുടകൾ, പൊൻവെള്ളി ക്കുരിശുകൾ, സക്രാരികൾ.
- വിവിധ ഭക്തസാധനങ്ങൾ.
- വിവിധ ഭക്തിഗാന സിഡികൾ.
- വിശുദ്ധ ജോൺ വിയാനിയെക്കുറിച്ചുള്ള പുസ്തകങ്ങൾ.
- ഏറ്റവും പുതിയ മറ്റു പുസ്തകങ്ങൾ തുടങ്ങിയവ മിതമായ വിലയ്ക്കു ലഭിക്കുന്നു.

### സെന്റ് തോമസ് പ്രസ്, പാലാ

തിരുനാൾ നോട്ടീസുകൾ, പോസ്റ്ററുകൾ, സുവനീറുകൾ, പുസ്തകങ്ങൾ, കല്യാണക്കുറികൾ, വിസിറ്റിംഗ് കാർഡുകൾ തുടങ്ങിയ ഏതുവിധ പ്രിന്റിംഗ് ജോലികളും ഉത്തരവാദിത്വത്തോടുകൂടി, ഏറ്റവും ഗുണമേന്മയിൽ, കൃത്യസമയത്ത്, മിതമായ നിരക്കിൽ ചെയ്തുകൊടുക്കുന്നതാണ്.

*പ്രത്യേക അറിയിപ്പ്*

# വൈദിക സമ്മേളനവും ബൈബിൾ കൺവൻഷനും

2009 ഡിസംബർ 19 മുതൽ നടക്കാനിരിക്കുന്ന പാലാ രൂപതാ ബൈബിൾ കൺവൻഷനെക്കുറിച്ച് ആലോചിക്കാനായി ഫൊറോനാ വികാരിമാരുടെയും ഫൊറോനാ കോ-ഓർഡിനേറ്റേഴ്സിന്റെയും പാലാ, ഭരണങ്ങാനം, ചേർപ്പുങ്കൽ, രാമപുരം ഫൊറോനാകളിൽപ്പെട്ട ഇടവ കകളിലെ വൈദികരുടെയും സംയുക്ത സമ്മേളനം അഭിവന്ദ്യപിതാവ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അദ്ധ്യക്ഷതയിൽ 30-10-2009-ൽ ബിഷപ്സ് ഹൗസിൽ ചേർന്നു. സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. കൺവൻഷനെ കേവലം ഒരു വചനശ്രവണവേദി എന്നതിനേക്കാൾ രൂപതയുടെ കുടുംബനാഥനായ രൂപതാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ വൈദികരും സന്യസ്തരും അൽമായരും അഞ്ചു ദിവസം ഒരുമിച്ച് പ്രാർത്ഥിച്ച്, ബലിയർപ്പിച്ച്, വചനം ശ്രവിച്ച്, ധ്യാനിച്ച് ദൈവസാന്നിദ്ധ്യവും ദൈവസ്നേഹവും ആഘോഷിക്കുന്ന ഒരു കൂട്ടായ്മയായി കാണണമെന്ന് നിർദ്ദേശിക്കുകയുണ്ടായി.
2. വചനാഭിഷേകത്തിലൂടെ ദൈവസാന്നിദ്ധ്യവും ദൈവാനുഭവവും വിശുദ്ധിയും പ്രശാന്തതയും ആശ്വാസവും ആനന്ദവും ഉണർവ്വും ഉന്മേഷവും പ്രദാനംചെയ്യുന്ന ഒരു ആത്മീയ അനുഭവമായി കൺവൻഷൻ മാറണം.
3. ഈ വർഷംമുതൽ Mobilization രൂപതാകേന്ദ്രത്തിൽനിന്നു നേരിട്ടു നടത്തുന്നതിനു പകരം ഫൊറോനാ വികാരിമാരുടെയും ഫൊറോനാ കോ-ഓർഡിനേറ്റേഴ്സിന്റെയും മേൽനോട്ടത്തിൽ അതതു ഫൊറോനാകളിൽപ്പെട്ട ഇടവകകളിൽ നടത്തുന്നതാണ് കൂടുതൽ ഫലപ്രദം.
4. ഓരോ ഇടവകയിലെയും വികാരിമാർ കൊടുക്കുന്ന മുൻഗണനയും ഉണർവ്വും ഉത്തേജനവും നേതൃത്വവും അനുസരിച്ചാണ് ബൈബിൾ കൺവൻഷനിൽ ജനപങ്കാളിത്തം വർദ്ധിക്കുന്നത്.
5. ഇടവകയിൽ ശുശ്രൂഷചെയ്യുന്ന വൈദികർ കൺവൻഷന്റെ സന്ദേശം എല്ലാ വീടുകളിലും എത്തിക്കാനായി യോഗപ്രതി

നിധികൾ, ഇടവകയിലെ സംഘടനാംഗങ്ങൾ, കുടുംബക്കൂട്ടായ്മാ ലീഡേഴ്സ്, ബഹു. സിസ്റ്റേഴ്സ്, സൺഡേസ്കൂൾ അദ്ധ്യാപകർ, പ്രാർത്ഥനാഗ്രൂപ്പ് ലീഡേഴ്സ് എന്നിവരെ വിളിച്ചുകൂട്ടി കുടുംബ ക്കൂട്ടായ്മാ യൂണിറ്റുകളിലെ എല്ലാ ഭവനങ്ങളിലും കൺവൻഷന്റെ നോട്ടീസുകളും പ്രാർത്ഥനകളും അവരുടെ സഹകരണത്തോടെ എത്തിച്ചുകൊടുക്കുന്ന സംവിധാനം കൂടുതൽ ഏർപ്പെടുത്തുക യാണ് പ്രായോഗികം.

6. വൈദികവർഷം പ്രമാണിച്ച് വൈദികർക്കു ചെയ്യാവുന്ന ഏറ്റവും വലിയ ശുശ്രൂഷ പരമാവധി ആളുകൾക്ക് കൺവൻഷനിൽ സംബന്ധിക്കാൻ സാഹചര്യം ഒരുക്കുന്നതാണ്. അതിനായി പള്ളിയുടെ ചെലവിൽ പ്രത്യേകം വാഹനങ്ങൾ ഏർപ്പെടുത്തു കയും അച്ചന്മാരുടെ നേതൃത്വത്തിലും സാന്നിദ്ധ്യത്തിലും ജന ങ്ങൾ എത്തുകയും ചെയ്യുന്നത് ഏറ്റം ഉത്തമമാണ്.

7. പാവപ്പെട്ടവരുടെയും കൂലിപ്പണിക്കാരുടെയും പങ്കാളിത്തം ഉറ പ്പാക്കാൻ അവർക്ക് ഒരാഴ്ചത്തെ വേതനം പള്ളിയിൽനിന്നു പണ മായോ, ഭക്ഷണമായോ നൽകുന്നത് ഏറ്റം ശ്രേഷ്ഠമാണ്.

8. മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ശക്തിയെ ആശ്രയിച്ചാണ് കൺവൻഷ നിൽ ജനപങ്കാളിത്തം വർദ്ധിക്കുന്നതും ശുശ്രൂഷകൾ ഹൃദയ സ്പർശിയായ അനുഭവമായി മാറുന്നതും. അതിനാൽ രൂപതാ തലത്തിൽ നടത്തുന്ന മദ്ധ്യസ്ഥപ്രാർത്ഥനകൾക്കു പുറമേ പള്ളി കളിലും മഠങ്ങളിലും പ്രത്യേകം ദിവ്യകാരുണ്യ ആരാധനാശു ശ്രൂഷകളും കുടുംബങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന മദ്ധ്യസ്ഥ പ്രാർത്ഥനകളിലും നിർബന്ധമായും നടത്തേണ്ടതാണ്.

9. നവംബർ 15-നു മുമ്പായി പബ്ലിസിറ്റി മെറ്റീരിയൽസ്, സംഭാവ നാ കൂപ്പണുകൾ എന്നിവ ഫൊറോനാകേന്ദ്രങ്ങളിൽ എത്തിക്ക ണം. നവംബർ 15-നും 30-നും ഇടയിൽ ഇടവകകളിൽ Mobilization നടത്തുകയും നവംബർ 30-നു മുമ്പായി മൊബി ലൈസേഷൻ രേഖകളും പള്ളികളിലും സ്ഥാപനങ്ങളിലും ഭവ നങ്ങളിലുംനിന്നു സ്വീകരിക്കുന്ന സംഭാവനകളും മിച്ചമുള്ള കൂപ്പ ണുകളോടെ ഷലോമിലുള്ള ബൈബിൾ കൺവൻഷൻ ഓഫീ സിൽ എത്തിക്കേണ്ടതുമാണ്.

അരമന, പാലാ
31.10.2009

**റവ. ഫാ. ജോസഫ് കുഴിഞ്ഞാലിൽ**
പാസ്റ്ററൽ കോ-ഓർഡിനേറ്റർ

## പൗരോഹിത്യ ആദ്ധ്യാത്മികത : ധ്യാനചിന്തകൾ

# ഉത്ഥാനത്തിന്റെ സുവിശേഷം

*ഫാദർ മാത്യു വെള്ളാനിക്കൽ*

### (തിരുവചനഭാഗം 1 കൊറി. 15:1-50)

**ആമുഖം**

മിശിഹായുടെ ഉത്ഥാനത്തെപ്പറ്റിയും മരിച്ചവരുടെ ഉത്ഥാനത്തെപ്പറ്റിയുമുള്ള വി. പൗലോസിന്റെ പ്രബോധനമാണ് ഈ വചനഭാഗത്തിന്റെ ഉള്ളടക്കം. ഈ പ്രബോധനത്തിന് യഹൂദ ഗ്രീക്കു പശ്ചാത്തലങ്ങളുണ്ട്. യഹൂദർക്ക് മരണശേഷം പാതാളമെന്ന വിശ്വാസമാണ് ഉണ്ടായിരുന്നത്. പാതാളം ശരിയായ ജീവനില്ലാത്ത ഒരു അവസ്ഥയാണ്; "മൃതരുടെ ലോകത്ത്, ആരും അങ്ങയെ അനുസ്മരിക്കുന്നില്ല; പാതാളത്തിൽ ആര് അങ്ങയെ സ്തുതിക്കും?" (സങ്കീ. 6:5). അവസാനഘട്ടമായപ്പോൾ ഉത്ഥാനത്തിൽ നേരിയ വിശ്വാസം കാണപ്പെടുന്നുണ്ട് (ജോബ് 19:25-27). എങ്കിലും, പുനരുത്ഥാനത്തിൽ വിശ്വസിക്കാത്ത സദുക്കായരെയും ഈശോയുടെ കാലത്ത് നാം കണ്ടുമുട്ടുന്നുണ്ട്.

ഗ്രീക്കുകാർ ആത്മാവിന്റെ മരണാനന്തര ജീവിതത്തിൽ വിശ്വസിക്കുന്നവരായിരുന്നു. എന്നാൽ, ശരീരത്തോട് നിഷേധാത്മകമായ നിലപാടാണ് അവർക്കുണ്ടായിരുന്നത്. ആത്മാവിനു പരിമിതികൾ ഉളവാക്കുന്ന ഒന്നായിട്ട് മനുഷ്യശരീരത്തെ അവർ കണ്ടു. എന്നാൽ, ക്രിസ്തീയ കാഴ്ചപ്പാട് ഇതിൽനിന്നും തികച്ചും വ്യത്യസ്തമാണ്. ത്രിത്വത്തിലെ രണ്ടാമാളായ പുത്രൻ മനുഷ്യനായി അവതരിച്ചതോടെ മനുഷ്യശരീരം മാഹാത്മ്യമേറിയതായി. ദൈവത്തിന്റെയും ദൈവാത്മാവിന്റെയും വാസസ്ഥലമായി. അതുകൊണ്ട് ആത്മാവിനോടൊപ്പം ശരീരവും മഹത്വീകൃതമാകുമെന്ന കാഴ്ചപ്പാടുമുണ്ടായി. അതിനുള്ള ഉറപ്പ് മിശിഹായുടെ ഉത്ഥാനമാണ്.

### 1) വിശ്വാസത്തിന്റെ വിഷയം: സുവിശേഷം

"സഹോദരരെ, നിങ്ങൾ സ്വീകരിച്ചതും നിങ്ങളുടെ അടിസ്ഥാനമായി നിലകൊള്ളുന്നതും നിങ്ങൾക്കു രക്ഷ പ്രദാനം ചെയ്തതുമായ സുവിശേഷം ഞാൻ എപ്രകാരമാണ് നിങ്ങളോടു പ്രസംഗിച്ചതെന്ന് ഇനി നിങ്ങളെ അനുസ്മരിപ്പിക്കാം" (വാ. 1).

ക്രിസ്തീയ വിശ്വാസത്തിന്റെ വിഷയം 'സുവിശേഷ'മാണ്. സുവിശേഷം എന്നുവച്ചാൽ 'നല്ല വാർത്ത' എന്നാണർത്ഥം. അത് മറ്റൊരു വാർത്തയുമല്ല. ഈശോ ലോകത്തിലേക്കു വന്നപ്പോൾ പ്രഖ്യാപിക്കപ്പെട്ട രക്ഷയുടെ നല്ല വാർത്തയാണ് (ലൂക്കാ 2:10). ഈശോ പരസ്യജീവിതത്തിലേക്കു കടന്നുവന്നപ്പോൾ പ്രസംഗിച്ച ദൈവരാജ്യത്തിന്റെ നല്ലവാർത്തയാണത് (മർക്കോ. 1:14-15); അവസാനം പാപത്തെയും മരണത്തെയും ജയിച്ച മിശിഹായുടെ ഉത്ഥാനത്തിന്റെ നല്ല വാർത്തയാണ് അത്. വി. പൗലോസ് തന്റെ ലേഖനങ്ങളിൽ അൻപതിൽപ്പരം പ്രാവശ്യം 'സുവിശേഷം' എന്ന വാക്ക് ഉപയോഗിക്കുന്നുണ്ട്. തന്റെ ജീവിതംതന്നെ സുവിശേഷത്തിനു വേണ്ടി മാറ്റിവയ്ക്കപ്പെട്ട ഒന്നായി അദ്ദേഹം കരുതി (റോമാ. 1:1). ഈശോ തന്റെ വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും ജീവിതത്തിലൂടെയും പ്രഘോഷിച്ചത് സുവിശേഷമാണ്. അതിന്റെ ഫലമായി ഈശോ തന്നെ സുവിശേഷമായി മാറി (1 കൊറി. 1:23). ഈ സുവിശേഷത്തിൽ വിശ്വസിക്കുന്നവരുടെ സമൂഹമാണ് സഭ. അതുകൊണ്ട് നമ്മുടെ വിശ്വാസം നമുക്ക് ഒരു സദ്വാർത്തയായി ത്തീരണം. നമ്മുടെ വിശ്വാസപരിശീലനപ്രസംഗങ്ങളും പ്രബോധനങ്ങളും വിശ്വാസികൾക്ക് ഒരു സദ്വാർത്തയായി അനുഭവപ്പെടണം.

സുവിശേഷത്തെപ്പറ്റി മൂന്നു കാര്യങ്ങളാണ് വി. പൗലോസ് ശ്ലീഹാ ഇവിടെ പറയുന്നത്. ഒന്ന്, സുവിശേഷത്തിലുള്ള നമ്മുടെ വിശ്വാസം നാം സ്വീകരിച്ച ഒന്നാണ്; രണ്ട് വിശ്വാസം നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനമാണ്; മൂന്ന്, സുവിശേഷം നമുക്ക് രക്ഷ പ്രദാനം ചെയ്യുന്ന ശക്തിയാണ്. സുവിശേഷത്തിലുള്ള വിശ്വാസം നാം സ്വീകരിക്കുന്ന ഒന്നാണ്. സ്വയം നേടിയെടുക്കുന്നതല്ല. സഭയുടെ വിശ്വാസം നാം സ്വീകരിക്കുകയാണ്. മാമ്മോദീസായിൽ സഭയാകുന്ന അമ്മ നമ്മെ തന്റെ വിശ്വാസജീവിതത്തിലേക്ക് ജനിപ്പിക്കുകയാണ്. സ്വന്തം ഇഷ്ടാനിഷ്ടമനുസരിച്ച് മാറ്റം വരുത്താവുന്ന ഒന്നല്ല ക്രിസ്തീയവിശ്വാസം. രണ്ടാമതായി, സുവിശേഷം നമ്മുടെ ജീവിതത്തിനടിസ്ഥാനമാണ്. പ്രശ്നങ്ങളിൽ പതറാതെ മുന്നോട്ടുനീങ്ങുവാൻ നമുക്ക് ശക്തി പകരുന്നത് സുവിശേഷത്തിലുള്ള നമ്മുടെ വിശ്വാസമാണ്. മൂന്നാമതായി, സുവിശേഷം രക്ഷാകരമായ ഒരു ശക്തിയാണ്: "സുവിശേഷത്തെപ്പറ്റി ഞാൻ ലജ്ജിക്കുന്നില്ല. എന്തെന്നാൽ വിശ്വസിക്കുന്ന ഏവർക്കും, ആദ്യം യഹൂദർക്കും, പിന്നീട് ഗ്രീക്കുകാർക്കും അതു രക്ഷയിലേക്കു നയിക്കുന്ന ദൈവശക്തിയാണ്" (റോമാ. 1:16). ഈശോയുടെ ഉത്ഥാന

ത്തിന്റെ സുവിശേഷം വെറുമൊരു ബുദ്ധിപരമായ ബോദ്ധ്യമായി നിൽക്കുകയല്ല, ഉത്ഥാനത്തിലൂടെ അരൂപിയായി മാറിയ ഈശോ നമ്മിൽ പാപത്തെയും മരണത്തെയും ജയിക്കുന്ന ഒരു ശക്തിയായി നമുക്ക് അനുഭവവേദ്യനാവുകയാണ്. അതുകൊണ്ട് സുവിശേഷത്തിലുള്ള ഈ വിശ്വാസത്തിൽ നാം അചഞ്ചലരായി നിലകൊള്ളണമെന്ന് ഇവിടെ വി. പൗലോസ് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു.

## 2) വിശ്വാസത്തിന്റെ കേന്ദ്രം: മിശിഹായുടെ ഉത്ഥാനം

"എനിക്കു ലഭിച്ചത് സർവ്വപ്രധാനമായി കരുതി ഞാൻ നിങ്ങൾക്ക് ഏൽപ്പിച്ചുതന്നു. വിശുദ്ധ ലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ, മിശിഹാ നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരുന്നതുപോലെ മൂന്നാംനാൾ ഉയിർപ്പിക്കപ്പെടുകയും ചെയ്തു. അവൻ കേപ്പായ്ക്കും പിന്നീട് പന്ത്രണ്ടു പേർക്കും പ്രത്യക്ഷനായി" (വാ. 3-5).

വിശ്വാസത്തിന്റെ സർവ്വപ്രധാന വിഷയമായി വി. പൗലോസ് ശ്ലീഹാ കാണുന്നത് മിശിഹായുടെ ഉത്ഥാനമാണ്. "തനിക്കു ലഭിച്ചതും കൊറീന്ത്യാ സഭാംഗങ്ങൾക്ക് ഏൽപിച്ചുകൊടുത്തതും" എന്നു പറയുന്നതിൽനിന്നും നാം മനസ്സിലാക്കുന്നത് ഈ വിശ്വാസം സഭയുടെ പാരമ്പര്യത്തിൽനിന്നും പൗലോസ് ശ്ലീഹായ്ക്ക് ലഭിച്ചതാണെന്നാണ്. ദൈവത്താൽ നേരിട്ടും അത്ഭുതകരമായും വിളിക്കപ്പെട്ട വ്യക്തിയാണെങ്കിലും തന്റെ വിശ്വാസം അധിഷ്ഠിതമായിരിക്കുന്നത് സഭയുടെ ശ്ലൈഹിക പാരമ്പര്യത്തിലാണെന്ന് ഇവിടെ പൗലോസ് ശ്ലീഹാ വ്യക്തമാക്കുന്നു.

വിശ്വാസത്തിന്റെ വിഷയങ്ങളായി നാലു കാര്യങ്ങളാണ് ഇവിടെ ശ്ലീഹാ എടുത്തുപറയുന്നത്. ഈശോയുടെ മരണം, സംസ്കാരം, ഉത്ഥാനം, പ്രത്യക്ഷീകരണം. സംസ്കാരം മരണത്തെ ഉറപ്പിക്കുന്നു. മരണം ഉത്ഥാനത്തെയും. ഉത്ഥാനത്തിനു തെളിവ് പ്രത്യക്ഷീകരണമാണ്. കേപ്പായ്ക്കും പന്ത്രണ്ടു പേർക്കുമുള്ള പ്രത്യക്ഷീകരണമാണ് ആദ്യം കൊടുക്കുന്നത്. ഇതിലൂടെ ഉത്ഥാനത്തിലുള്ള വിശ്വാസത്തിന്റെ ശ്ലൈഹികമായ ആധികാരികതയാണ് വ്യക്തമാക്കുന്നത്. ശ്ലൈഹികതയാണല്ലോ ക്രൈസ്തവ വിശ്വാസത്തിന് ആധികാരികത നൽകുന്നത്. അതോടൊപ്പം കേപ്പായ്ക്കും യാക്കോബിനും പ്രത്യക്ഷപ്പെട്ടു എന്നു പറയുന്നതിലൂടെ, ഉത്ഥാനാനുഭവം കർത്താവിന്റെ രക്ഷാകര സ്നേഹത്തിന്റെ അനുഭവമാണെന്നും സൂചനയുണ്ട്. കേപ്പാ ഈശോയെ നിഷേധിച്ചവനാണല്ലോ. യാക്കോബ് ഈശോയെ വിശ്വസിക്കാതിരുന്ന

സഹോദരരിൽ ഒരുവനുമാണ് (യോഹ. 7:5). തന്നെ നിഷേധിച്ചുപറഞ്ഞവനും തന്നെ വിശ്വസിക്കാതിരുന്നവർക്കും പ്രത്യക്ഷപ്പെട്ടുകൊണ്ട് ഈശോ തന്റെ രക്ഷാകരസ്നേഹം വെളിപ്പെടുത്തി. സഭയെ പീഡിപ്പിച്ച പൗലോസിനു പ്രത്യക്ഷപ്പെട്ടതും ഈ രക്ഷാകരസ്നേഹത്തിന്റെ വെളിപ്പെടുത്തലാണ്. അതുകൊണ്ട് ഉത്ഥാനാനുഭവം നമുക്കും മിശിഹായിലൂടെയുള്ള ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിന്റെ അനുഭവമാകണം.

## 3) മരിച്ചവരുടെ ഉത്ഥാനം

"മരിച്ചവർക്കു പുനരുത്ഥാനം ഇല്ലെങ്കിൽ മിശിഹായും ഉയിർപ്പിക്കപ്പെട്ടിട്ടില്ല. മിശിഹാ ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (വാ. 13-14).

ഉത്ഥാനം വെറും മരണാനന്തരജീവിതമല്ല. അത് ദൈവത്തിന്റെ പ്രവർത്തനമാണ്. പാപത്തിന്മേലും മരണത്തിന്മേലുമുള്ള ദൈവത്തിന്റെ വിജയമാണ്. ഈശോയുടെ ഉത്ഥാനവും നമ്മുടെ മരണാനന്തര ഉത്ഥാനവും ദൈവത്തിന്റെ രക്ഷാകരപ്രവർത്തികളാണ്. നമ്മിലുള്ള ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ ആത്യന്തികരൂപമാണ് ഉത്ഥാനം. അതുകൊണ്ട് ഉത്ഥാനമില്ലെങ്കിൽ നമ്മുടെ പാപങ്ങളിൽത്തന്നെ നാം നിലനിൽക്കുന്നു. അതുകൊണ്ട് രക്ഷയുടെ സുവിശേഷപ്രസംഗവും സുവിശേഷത്തിലുള്ള വിശ്വാസവും വ്യർത്ഥമാണ്.

ഉത്ഥാനമില്ലെങ്കിൽ നാം മിശിഹായിൽ പ്രത്യാശവച്ച് ജീവിച്ചിട്ടു പ്രയോജനമില്ല. മാത്രമല്ല നാം, മറ്റുള്ളവരേക്കാൾ നിർഭാഗ്യവാന്മാരുമാണ്. കാരണം ഉത്ഥാനത്തിന്റെ പ്രത്യാശയില്ലാത്തവർ ഈലോകജീവിതം ആസ്വദിക്കുമ്പോൾ മിശിഹായിൽ പ്രത്യാശ വയ്ക്കുന്നതിന്റെ പേരിൽ ഈലോകജീവിതത്തിൽ ആസ്വദിക്കാവുന്ന പലതും നാം ത്യജിക്കുന്നു. അങ്ങനെ ഈ ജീവിതവും പരലോകജീവിതവും നഷ്ടപ്പെടുന്ന അവസ്ഥാവിശേഷമായിരിക്കും ഉണ്ടാവുക. ഇത് തികച്ചും നിർഭാഗ്യകരമാണ്.

അതുകൊണ്ട് മിശിഹായുടെ ഉത്ഥാനം നമ്മുടെ ഉത്ഥാനത്തിന്റെ അച്ചാരമാണ്. മിശിഹാ മരിച്ചവരുടെയെല്ലാം ആദ്യഫലമാണ്. അതുകൊണ്ട് മിശിഹായിൽ മരിക്കുന്നവരെല്ലാം തങ്ങൾ ഉത്ഥാനം ചെയ്യുമെന്ന് ഉറപ്പുള്ളവരാണ്. മാമ്മോദീസായിലാണല്ലോ നാം മിശിഹായിൽ മരിച്ച് മിശിഹായോടൊപ്പം ജീവിക്കാൻ തുടങ്ങുക. മിശിഹായുടെ ഉത്ഥാനത്തിലുള്ള വിശ്വാസും ആ ഉത്ഥാനത്തിൽ പങ്കുചേരാൻ സാധിക്കും എന്ന പ്രത്യാശയും നമ്മുടെ ജീവിതം അർത്ഥപൂർണ്ണമായി നയിക്കാൻ നമ്മെ സഹായിക്കുന്നു.

## 4) ഉത്ഥാനത്തിൽ വിശ്വസിക്കുന്നവരുടെ ജീവിതം

"സഹോദരരേ, നമ്മുടെ കർത്താവായ ഈശോമിശിഹായിൽ നിങ്ങളേക്കുറിച്ച് എനിക്കുള്ള അഭിമാനത്തെ ആധാരമാക്കി ഞാൻ പറയുന്നു: ഞാൻ പ്രതിദിനം മരിച്ചുകൊണ്ടിരിക്കുന്നു" (വാ. 31).

ഉത്ഥാനത്തിൽ വിശ്വസിക്കുന്ന ജീവിതത്തിന്റെ സവിശേഷതകൾ വിവിധങ്ങളാണ്. അവയിൽ ചിലത് വി. പൗലോസ് ഇവിടെ സൂചിപ്പിക്കുകയാണ്. ഒന്നാമത്, ഉത്ഥാനത്തിലുള്ള വിശ്വാസം സഹനജീവിതത്തിന് പ്രചോദനവും ശക്തിയും നൽകുന്നു. ഈലോകജീവിതം അവശ്യം സഹനജീവിതമാണ്. പ്രത്യേകിച്ച്, മിശിഹായെ അനുഗമിക്കുന്ന ക്രിസ്തീയജീവിതം സമർപ്പണജീവിതവും അനുദിനസഹനത്തിന്റെ ജീവിതവുമായിരിക്കും. വി. പൗലോസിന്റെ പ്രേഷിതജീവിതം ഇതിന് ഉത്തമോദാഹരണമാണ്. "ഞങ്ങൾ തന്നെയും സദാസമയവും അപകടത്തെ അഭിമുഖീഭവിക്കണം" (വാ. 30). തന്റെ പ്രേഷിതജീവിതം മിശിഹായോടുകൂടി അനുദിനം മരിച്ചുകൊണ്ടിരിക്കുന്ന ഒരു ജീവിതമായി വി. പൗലോസ് മനസ്സിലാക്കുന്നു. അതിന് പ്രചോദനം നൽകുന്നത് മിശിഹായോടുകൂടി ഉത്ഥാനംചെയ്യാമെന്ന പ്രത്യാശയാണ്.

രണ്ടാമത്, ഉപഭോഗസംസ്കാരത്തിന് അടിമപ്പെടാതിരിക്കാൻ ഉത്ഥാനത്തിലുള്ള വിശ്വാസം നമ്മെ ശക്തിപ്പെടുത്തും. "പുനരുത്ഥാനമില്ലെങ്കിൽ നമുക്കു തിന്നുകയും കുടിക്കുകയും ചെയ്യാം. എന്തെന്നാൽ നാളെ നമ്മൾ മരിച്ചുപോകും" (വാ. 32). ഇത് വിജ്ഞാനസാഹിത്യപാരമ്പര്യമാണ് (ജ്ഞാനം 2:6-9). ഇന്നത്തെ ഉപഭോഗസംസ്കാരത്തിന്റെ പ്രത്യേകതയുമാണ്. അതുകൊണ്ട് ഇന്നത്തെ സാഹചര്യത്തിൽ മനുഷ്യോചിതമായി ജീവിക്കാൻ ഉത്ഥാനത്തിലുള്ള വിശ്വാസം നമ്മെ സഹായിക്കും.

മൂന്നാമതായി, സമൂഹത്തിൽ സദാചാരബോധം നിലനിർത്താനും സദാചാരജീവിതം പരിപോഷിപ്പിക്കുവാനും ഉത്ഥാനത്തിലുള്ള വിശ്വാസം നമ്മെ സഹായിക്കും. കോറിന്തോസിലെ അധാർമ്മികതയുടെ പ്രത്യേക സാഹചര്യത്തിൽ ശ്ലീഹാ പറയുന്നു: "അധമമായ സംസർഗ്ഗം സദാചാരങ്ങളെ ദുഷിപ്പിക്കും" (വാ. 33). ഈലോകത്തിൽ സദാചാരനിയമങ്ങൾ പാലിച്ചുകൊണ്ട് ജീവിക്കുവാൻ മരണാനന്തര ഉത്ഥാനത്തിലുള്ള വിശ്വാസം നമ്മെ പ്രേരിപ്പിക്കുന്നു.

നാലാമതായി, സമചിത്തത പാലിച്ചുകൊണ്ട് ജീവിതത്തെ അഭിമുഖീകരിക്കുവാൻ ഉത്ഥാനത്തിലുള്ള വിശ്വാസം ഒരുവനെ പ്രാപ്ത

നാക്കും: "നിങ്ങൾ നീതിപൂർവ്വം സമചിത്തത പാലിക്കുകയും പാപം വർജ്ജിക്കുകയും ചെയ്യുവിൻ" (വാ. 34). "സമചിത്തത" എന്നത് വികാരങ്ങൾക്കടിമപ്പെടാതെ ജീവിതാനുഭവങ്ങളെ ശാന്തമായി നേരിടുവാനുള്ള കഴിവാണ്. ഈശോ തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കിയതും തന്നെ കണ്ടു പഠിക്കാൻ ശിഷ്യരെ ആഹ്വാനം ചെയ്തതുമായ ഒരു സവിശേഷതയാണ് സമചിത്തത (മത്താ. 11:28). പാപം ചെയ്യാതെ ജീവിക്കുവാനും അത് നമ്മെ സഹായിക്കും.

## 5) ഉത്ഥിതമായ ശരീരം

"ആരെങ്കിലും ചോദിച്ചേക്കാം: മരിച്ചവർ എങ്ങനെയാണ് ഉയിർപ്പിക്കപ്പെടുക? ഏതുതരം ശരീരത്തോടുകൂടെയായിരിക്കും അവർ പ്രത്യക്ഷപ്പെടുക?" (വാ. 35).

ഉത്ഥിതമായ അവസ്ഥയെപ്പറ്റി വി. പൗലോസ് ഇവിടെ പ്രതിപാദിക്കുകയാണ്. അത് വെറും ആത്മാവിന്റെ ഒരവസ്ഥയല്ല. ശരീരത്തോടുകൂടിയ ഉയിർത്തെഴുന്നേൽപ്പിന്റെ അവസ്ഥയാണ്. 'ശരീര'മാണല്ലോ ഒരു വ്യക്തിയെ മറ്റൊരു വ്യക്തിയിൽനിന്നും വ്യതിരിക്തനാക്കുന്നത്. ഈ വ്യതിരിക്തത ഉത്ഥിതമായ അവസ്ഥയിലും ഉണ്ടായിരിക്കുമെന്നാണ് വി. പൗലോസ് ഇവിടെ വ്യക്തമാക്കുക.

ഉത്ഥിതശരീരത്തിന്റെ സ്വഭാവസവിശേഷതകൾ എന്തൊക്കെയായിരിക്കുമെന്ന് വ്യക്തമാക്കാൻ ശ്ലീഹാ പരിശ്രമിക്കുന്നുണ്ട്. 'ആത്മീയശരീരം' എന്നാണ് വിശുദ്ധ പൗലോസ് ശ്ലീഹാ അതിനെ വിശേഷിപ്പിക്കുക. സ്ഥലകാല പരിമിതികൾക്കതീതമായ ഒരു ശരീരമായിരിക്കും അത്. അടച്ചിട്ടിരുന്ന വാതിലിലൂടെ അകത്തു പ്രവേശിക്കാൻ കഴിവു നൽകുന്ന ഒരു ശരീരമാണ് അത് എന്ന് ഉത്ഥിതനായ ഈശോയുടെ പ്രത്യക്ഷീകരണങ്ങൾ വ്യക്തമാക്കുന്നുണ്ട് (യോഹ. 20:19). ഉത്ഥിതശരീരത്തിന്റെ സവിശേഷതകൾ മനസ്സിലാക്കുവാൻ സഹായിക്കുന്ന ഒരു വിവരണമാണ് വി. പൗലോസ് ശ്ലീഹാ ഇവിടെ നൽകുന്നത്. ഭൗതികശരീരവും ആത്മീയ ശരീരവും തമ്മിൽ താരതമ്യപ്പെടുത്തിക്കൊണ്ട് ശ്ലീഹായുടെ വാക്കുകളിൽ ഒന്ന്, നശ്വരമെങ്കിൽ മറ്റേത് അനശ്വരമാണ്; ഒന്ന്, അവമാനിതമെങ്കിൽ മറ്റേത് മഹത്വീകൃതമാണ്; ഒന്ന് ബലഹീനമെങ്കിൽ മറ്റേത് ശക്തിയുള്ളതാണ്; ഒന്ന് ഭൗമികമെങ്കിൽ മറ്റേത്, സ്വർഗ്ഗീയമാണ്; ഒന്ന് ജീവനുള്ളതെങ്കിൽ, മറ്റേത് ജീവദായകമാണ്. ഈ ഉത്ഥിതാവസ്ഥ പ്രാപിക്കാമെന്ന പ്രത്യാശ സ്ഥിരചിത്തരും അചഞ്ചലരുമായി വിശ്വാസജീവിതം നയിക്കുവാൻ നമുക്ക് പ്രേരകമാകണം.

പൗരസ്ത്യസഭകളുടെ വിശ്വാസപാരമ്പര്യങ്ങളെല്ലാം ഊന്നൽ കൊടുക്കുന്ന വിശ്വാസസത്യമാണ് മിശിഹായുടെ ഉത്ഥാനം. രൂപമില്ലാത്ത കുരിശുകൾ പൗരസ്യസഭകളെല്ലാം ഉപയോഗിക്കുന്നു എന്നത് ഈ വിശ്വാസത്തിന്റെ അടയാളമാണ്. സീറോ മലബാർ സഭയിൽ മാർത്തോമ്മാ സ്ലീവായ്ക്ക് കൊടുക്കുന്ന പ്രാധാന്യവും സൂചിപ്പിക്കുന്നത് മറ്റൊന്നല്ല. കുരിശുരൂപങ്ങൾ കണ്ട് ശീലിക്കുകയും കുരിശുരൂപങ്ങളോടുള്ള ഭക്തിയിൽ അഭ്യസിപ്പിക്കപ്പെടുകയും ചെയ്ത പശ്ചാത്തലത്തിൽ 'മാർത്തോമ്മാസ്ലീവാ' ഒരു തർക്കവിഷയമായതിന്റെ സ്വാധീനം ഇന്നും സീറോ മലബാർ സഭയിൽ നിലവിലുണ്ട്. കാലക്രമത്തിൽ ഈ വിഭാഗീയചിന്തകളും നിലപാടുകളും മാറുമെന്നു പ്രതീക്ഷിക്കാം. നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രബിന്ദുവായ മിശിഹായുടെ ഉത്ഥാനവും നമ്മുടെ മരണാനന്തരോത്ഥാനവും നമ്മെ അനുസ്മരിപ്പിക്കുന്ന മാർത്തോമ്മാ സ്ലീവാ നമ്മുടെ സഭയുടെ പ്രതീകമായി എല്ലാവരും അംഗീകരിക്കുവാൻ ഇടയാകുമെന്നു കരുതാം. അങ്ങനെ, ഉത്ഥാനത്തിന്റെ സുവിശേഷത്തിൽ അധിഷ്ഠിതമായ വിശ്വാസജീവിതവും ആദ്ധ്യാത്മിക ജീവിതവും നയിക്കുവാൻ വിശുദ്ധ പൗലോസിന്റെ പ്രബോധനങ്ങൾ നമുക്കു പ്രചോദനം നൽകട്ടെ.

***ജീവിതസൂചിക***

1) സുവിശേഷം രക്ഷാകരമായ ഒരു സദ്വാർത്തയായും ശക്തിയായും എനിക്ക് അനുഭവപ്പെടുന്നുണ്ടോ?
2) ഉത്ഥാനം ചെയ്ത ഈശോയെ ഞാൻ ഇന്ന് എങ്ങനെയെല്ലാം അനുഭവിച്ചറിയുന്നു?
3) ഉത്ഥാനത്തിലുള്ള പ്രത്യാശ എന്റെ ജീവിതത്തെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നു?
4) ഉത്ഥാനത്തിലുള്ള വിശ്വാസം സഹനജീവിതവും സദാചാരജീവിതവും നയിക്കുവാൻ നയിക്കുവാൻ എനിക്ക് പ്രചോദനമാകുന്നുണ്ടോ?
5) സമചിത്തതയോടെ ജീവിതത്തെ നേരിടുവാനും പാപം ചെയ്യാതെ ജീവിക്കുവാനും ഉത്ഥാനത്തിലുള്ള വിശ്വാസം എന്നെ എത്രമാത്രം സഹായിക്കുന്നു?
6) ഉത്ഥാനത്തിലുള്ള വിശ്വാസം ഭൗതികതയിൽനിന്നും ആത്മീയതയിലേക്ക് സാവകാശം രൂപാന്തരപ്പെടുവാൻ എന്റെ ജീവിതത്തിന് പ്രചോദനമാകുന്നുണ്ടോ?

# GOOD SHEPHERD MINOR SEMINARY

സ്നേഹ ബഹുമാനപ്പെട്ട അച്ചാ,

കഴിഞ്ഞ സെപ്റ്റംബർ 27, 28 തീയതികളിൽ ഇവിടെ വച്ചു നടത്തിയ *'Come and See'* പ്രോഗ്രാം വൻ വിജയമെന്നു പറയാനാവില്ലെങ്കിലും സാമാന്യം നന്നായിരുന്നു. അച്ചന്റെ സ്നേഹപൂർവ്വകമായ സഹകരണത്തിന് നന്ദിപറയട്ടെ. അന്നു കുട്ടികളെ പറഞ്ഞയയ്ക്കണമെന്നാവശ്യപ്പെട്ട് കത്തയച്ചപ്പോൾ യോഗ്യതയും താൽപര്യവുമുള്ള കുട്ടികളെ കിട്ടാനുള്ള ബുദ്ധിമുട്ട് പല അച്ചന്മാരും അറിയിക്കുകയുണ്ടായി.

വൈദികരും സന്ന്യസ്തരും ഏറെ അവമതിക്കപ്പെടുകയും അധിക്ഷേപിക്കപ്പെടുകയും അവഹേളിക്കപ്പെടുകയും ചെയ്യുന്ന ഇക്കാലത്ത് ഇളം തലമുറയ്ക്ക് ഈ ജീവിതാന്തസ്സുകളോട് അകൽച്ച തോന്നുക സ്വാഭാവികം മാത്രം. അതാണ് കുട്ടികൾ ഈ രംഗത്തേയ്ക്ക് കടന്നു വരുവാൻ വൈമുഖ്യം കാണിക്കുന്നതിന്റെ മുഖ്യകാരണം.

പക്ഷേ, സഭയുടെ നിലനിൽപുതന്നെ ഈ ജീവിതാന്തസ്സുകളെ ആശ്രയിച്ചാണല്ലോ ഇരിക്കുന്നത്. അതുകൊണ്ട് യോഗ്യതയുള്ള കുട്ടികളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിച്ച് പരിശീലിപ്പിച്ചെടുക്കേണ്ടത് സഭയുടെ ഇന്നത്തെ ഏറ്റവും വലിയ ആവശ്യവും വെല്ലുവിളിയുമാണ്. അതിനുവേണ്ടി ഈ വൈദിക വർഷത്തിൽ നമ്മുടെ സെമിനാരിയിൽ 'TEEN TO TEEN' എന്നൊരു പ്രോഗ്രാം സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

കുട്ടികൾ വൈദികരെ കാണുകയും ബന്ധപ്പെടുകയും ചെയ്യുന്നുണ്ടെങ്കിലും അവർ പരിശീലനം നേടുന്ന സെമിനാരിയോ അവിടുത്തെ ജീവിതരീതികളോ പരിശീലന പരിപാടികളോ ഒന്നും അവർക്ക് വ്യക്തമല്ല. അൾത്താരബാലന്മാരുടെ ക്യാമ്പിൽ പോലും അവർ സെമിനാരി കാണുന്നുണ്ടെങ്കിലും സെമിനാരിയിലെ ജീവിതം കാണുന്നില്ലല്ലോ. അതുകൊണ്ട് സെമിനാരി ജീവിതമെന്തെന്ന് കുട്ടികൾക്ക് നേരിൽക്കണ്ടു മനസ്സിലാക്കുന്നതിന് ഒരു വേദി ഒരുക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഒരു വിദഗ്ദ്ധ ടീമിന്റെ നേതൃത്വത്തിൽ ദൃശ്യശ്രാവ്യോപാധികളുടെ സഹായത്തോടുകൂടിയാണ് ഈ പ്രോഗ്രാം നടത്തുന്നത്.

**എട്ട്, ഒമ്പത്, പത്ത്** ക്ലാസ്സുകളിൽ പഠിക്കുന്ന സമർത്ഥരും സൽസ്വഭാവികളും വൈദികജീവിതത്തോട് ആഭിമുഖ്യമുള്ളവരുമായ കുട്ടികളെ ഉദ്ദേശിച്ചാണ് ഈ പരിപാടി നടത്തുന്നത്. **നവംബർ 27-ാം തീയതി രാവിലെ 9.30-ന് ആരംഭിച്ച് പിറ്റേന്ന് രാവിലെ 9.30-ന് സമാപിക്കത്തക്ക** രീതിയിലാണ് പരിപാടികൾ ക്രമീകരിച്ചിരിക്കുന്നത്.

ആയതിനാൽ, അങ്ങയുടെ ഇടവകയിൽ നിന്ന് യോഗ്യരായ കുട്ടികളെ തെരഞ്ഞെടുത്ത് 'TEEN TO TEEN' പ്രോഗ്രാമിലേയ്ക്ക് പറഞ്ഞുവിടുമല്ലോ.

സ്നേഹാദരവുകളോടെ,

**ഫാ. തോമസ് മൂലയിൽ**
(റെക്ടർ)

---

**N.B.** (1) അൾത്താര ബാലന്മാർക്കാണ് മുൻഗണന. (2) ഒരിടവകയിൽ നിന്ന് 4 പ്രതിനിധികൾ വരെയാകാം. (3) രജിസ്ട്രേഷൻ ഫീസ് ഇല്ല. (4) ഒരു ദിവസം താമസിക്കാനുള്ളതിനാൽ ബഡ്ഷീറ്റും ടോയിലറ്റ് സാധനങ്ങളും മറ്റും കൊണ്ടുവരണം. (5) സംബന്ധിക്കുന്ന കുട്ടികളുടെ പേരുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തീയതി നവംബർ 15 ആണ്.

# വാർത്തകൾ

## വിശ്വാസപരിശീലനരംഗം

ഒക്ടോബർ 10 ശനിയാഴ്ച പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽവച്ച് നടന്ന മത്സരത്തിൽ പങ്കെടുത്ത് സമ്മാനാർഹരായവർക്കും പങ്കെടുത്തവർക്കും അനുമോദനങ്ങൾ.

**കലോത്സവത്തിൽ 1, 2, 3 സ്ഥാനങ്ങൾക്ക് അർഹത നേടിയ സ്കൂളുകൾ.**

| | | | |
|---|---|---|---|
| **A വിഭാഗം -** | Ist അടിവാരം | IInd മാവടി | IIIrd വാലാച്ചിറ |
| **B വിഭാഗം -** | Ist മലയിഞ്ചിപ്പാറ | IInd സിബിഗിരി | IIIrd മാനത്തൂർ |
| **C വിഭാഗം -** | Ist ചേർപ്പുങ്കൽ | IInd മൂലമറ്റം | IIIrd മുട്ടുചിറ |

വൈദികവർഷം പ്രമാണിച്ച് വി. ജോൺ മരിയ വിയാനിയുടെ ലഘുജീവ ചരിത്രം 'മതദർശന'ത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. എല്ലാ വിശ്വാസപരി ശീലകരും ഈ ലക്കം മതദർശനം പ്രയോജനപ്പെടുത്തുമല്ലോ.

'സുവിശേഷദൂതരായ്' ഓഡിയോ സിഡി, 62-ാമത് ചെറുപുഷ്പ മിഷൻലീഗ് രൂപതാ വാർഷികത്തോടനുബന്ധിച്ച് ചേർപ്പുങ്കൽ മേഖല പുറത്തിറക്കിയ ഓഡിയോ സി.ഡി. രൂപതാവിശ്വാസപരിശീലന കേന്ദ്രത്തിൽ ലഭ്യമാണ്. വില 50 രൂപാ.

### തിരുബാലസഖ്യം

ആദ്യകുർബാന സ്വീകരിക്കുന്ന പ്രായംവരെയുള്ള കുട്ടികളെ ചേർത്ത് നമ്മുടെ ഇടവകയിൽ 'പൊന്തിഫിക്കൽ തിരുബാലസഖ്യം' എന്ന സംഘടന സ്ഥാപിച്ച് ഊർജ്ജിതമായി പ്രവർത്തനങ്ങൾ നടത്തിവരുന്നു. അംഗത്വരജിസ്റ്റർ പൂരിപ്പിച്ച് വിശ്വാസപരിശീലനകേന്ദ്ര ഓഫീസിൽ എത്തിക്കുന്നവർക്ക് കുട്ടി കൾക്കുള്ള അംഗത്വകാർഡ്, സമ്മാനങ്ങൾ എന്നിവ കൊണ്ടുപോകാവുന്നതാണ്. പ്രാർത്ഥനാപുസ്തകത്തിന് ഒന്നിന് മൂന്നു രൂപയാണ്. അംഗത്വകാർഡുൾപ്പെടെ ചെലവിനായി ഓരോ കുട്ടിയും അഞ്ചു രൂപാ നൽകേണ്ടതാണ്.

### പ്രൊമോട്ടേഴ്സ് ടീം മീറ്റിംഗ്

ഈ വർഷം സൺഡേ സ്കൂളുകൾ സന്ദർശിച്ച് പ്രൊമോട്ടർമാരുടെ ഒരു പ്രധാന മീറ്റിംഗ് നവംബർ 14-ാം തീയതി ശനിയാഴ്ച 3 pm-ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെടുന്നു. പ്രൊമോട്ടേഴ്സ് പങ്കെടുക്കണം.

**കൈയെഴുത്തു പ്രസിദ്ധീകരണ സമ്മാനാർഹരുടെ ലിസ്റ്റ്**

| | | | |
|---|---|---|---|
| **A വിഭാഗം -** | Ist അടിവാരം | IInd വേദഗിരി | IIIrd പാലാക്കാട് |
| **B വിഭാഗം -** | Ist കാളികാവ് | IInd മൂന്നിലവ് | IIIrd മുണ്ടാങ്കൽ |
| **C വിഭാഗം -** | Ist തീക്കോയി | IInd പാലാ കത്തീഡ്രൽ | IIIrd മൂലമറ്റം |

## സർട്ടഫിക്കറ്റ് വിതരണം

സി.റ്റി.പി., ജീവദർശൻ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് 2009 നവംബർ 15-ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ച് അഭിവന്ദ്യപിതാവ് വിതരണം ചെയ്യുന്നതാണ്.

**സി.റ്റി.പി. റാങ്ക് ജേതാക്കൾ**

I *ജിൻസി ജോസ് അഞ്ചാനിക്കൽ, ചെമ്പിളാവ്*
II *മെൽഷ എം. സെബാസ്റ്റ്യൻ മണിമലക്കുന്നേൽ, ചിറ്റാർ*
III *സി. എൽസാ ടോം എസ്.എച്ച്. പാലാ*
IV *റെജി ജോർജ് കൊച്ചുമലയിൽ, വാക്കാട്*

**2009 മേയ് 23-ാം തീയതി നടത്തിയ സ്കോളർഷിപ്പ് പരീക്ഷയിൽ പഠനത്തിനുള്ള എവർറോളിംഗ് ട്രോഫിക്കർഹരായ സൺഡേ സ്കൂളുകൾ**

| | | |
|---|---|---|
| A വിഭാഗം | I – അടിവാരം | II – ശാന്തിഗിരി |
| B വിഭാഗം | I – ചക്കാമ്പുഴ | II – മാനത്തൂർ |
| C വിഭാഗം | I – തിടനാട് | II – പ്ലാശനാൽ |

**റവ. ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ**
(ഡയറക്ടർ)

# സുവിശേഷവത്കരണം

## ഉപവാസ മദ്ധ്യസ്ഥ പ്രാർത്ഥന

ഒക്ടോബർ മാസം 2, 9 , 16, 23, 30 തീയതികളിൽ പാലാ കത്തീഡ്രലിൽവച്ച് രാവിലെ 9 മണി മുതൽ 3 മണി വരെ ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. ബ്ര. അഗസ്റ്റിൻ പുളിക്കൽ, ബ്ര. ജോർജ് (മുരിങ്ങൂർ), ബ്ര. ഷാജി (പാമ്പാടി), ബ്ര. ജോണി (മുരിങ്ങൂർ), ഫാ. കുര്യൻ മറ്റം, റ്റി.പി. ജോസഫ്, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

## കുടുംബക്കൂട്ടായ്മ റിസോഴ്സ് ടീം

ഒക്ടോബർ മാസം 6-ാം തീയതി രൂപതയിൽ പ്രവർത്തിക്കുന്ന കുടുംബകൂട്ടായ്മ റിസോഴ്സ് ടീം അംഗങ്ങൾ ഷാലോമിൽ കൂടി. കഴിഞ്ഞമാസം പോയ പള്ളികളിലെ സെമിനാറുകളെക്കുറിച്ച് വിലയിരുത്തുകയും നവംബർ മാസം 8-ാം തീയതി എല്ലാ ഇടവകകളിലേയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കുവേണ്ടി ബൈബിൾ കൺവൻഷന് ഒരുക്കമായി സെമിനാർ നടത്തുവാൻ പ്ലാൻ ചെയ്യുകയും ചെയ്തു. ഫാ. കുര്യൻ മറ്റം, ഇ.എം. ദേവസ്യ ഈരൂരിക്കൽ, തോമസ് വടക്കേൽ എന്നിവർ നേതൃത്വം നൽകി.

## ഇവാൻജലൈസേഷൻ മിനിസ്ട്രി പ്രോഗ്രാം

രൂപതയിൽ പ്രവർത്തിക്കുന്ന കോളനി, ആശുപത്രി, മദ്യപാനം, ജയിൽ, ഗുഡ് സമരിറ്റൻ, മദ്ധ്യസ്ഥപ്രാർത്ഥന, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രികളിൽ പ്രവർത്തിക്കുന്നവർ ഈ മാസം 17-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 1.00 മണി വരെ ഷാലോമിൽ ഒന്നിച്ചുകൂടി. കഴിഞ്ഞമാസം പ്രവർത്തിച്ച കാര്യങ്ങൾ ചർച്ച ചെയ്യുകയും അടുത്തമാസം ചെയ്യുവാനുള്ള കാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു. റവ. സി. സെസിൽ (സെന്റ് മർത്താസ്) വചനം പങ്കുവച്ചു. റ്റി.പി. ജോസഫ്, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

## കുടുംബകൂട്ടായ്മ പ്രോഗ്രാം - ഉള്ളനാട്

ഈ മാസം 18-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഉള്ളനാടു പള്ളിയിലെ കുടുംബകൂട്ടായ്മ ലീഡേഴ്സിനുവേണ്ടി സെമിനാർ നടത്തി. ഇ.എം. ദേവസ്യാ ഈരൂരിക്കൽ ക്ലാസ്സുകൾ നയിച്ചു.

## ജയിൽ സന്ദർശനം

പാലാ അഡാർട്ടുമായി സഹകരിച്ചുകൊണ്ട് ഈ മാസം 18-ാം തീയതി ഞായറാഴ്ച 3 മണി മുതൽ 4 വരെ ഇവാൻജലൈസേഷൻ ടീമംഗങ്ങൾ പാലാ സബ്ജയിൽ സന്ദർശിച്ചു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, തങ്കച്ചൻ ശ്രാമ്പിക്കൽ, രമാമറിയം, കെ.ജി. പീറ്റർ തുടങ്ങിയവർ നേതൃത്വം നൽകി. അരുവിത്തുറ ശാലോം ഓർഫനേജിലെ പെൺകുട്ടികൾ കലാപരിപാടികൾ അവതരിപ്പിച്ചു.

## വൈദിക സമ്മേളനം

ബൈബിൾ കൺവൻഷന് ഒരുക്കമായി ഫൊറോനാ വികാരിമാരും കോ-ഓർഡിനേറ്റേഴ്സും പാലാ, ചേർപ്പുങ്കൽ, ഭരണങ്ങാനം, രാമപുരം ഫൊറോനാകളിലെ വൈദികരും അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ഒക്ടോബർ 30-ന് ബിഷപ്സ് ഹൗസിൽ സമ്മേളിക്കുകയും ഇക്കൊല്ലത്തെ ബൈബിൾ കൺവൻഷൻ സംബന്ധിച്ചുള്ള പ്ലാനുകളും പദ്ധതികളും ആലോചിച്ചു.

## ഇന്ത്യൻ മിഷൻ കോൺഗ്രസ് - ബോംബെ

ഇന്ത്യയിലെ മൂന്നു റീത്തുകളും ചേർന്ന് ആദ്യമായി നടത്തിയ ഇന്ത്യൻ മിഷൻ കോൺഗ്രസ് ബോംബെ St. Pious X കോളേജിൽ ഒക്ടോ. 14-18 തീയതികളിൽ നടന്നു. ഇന്ത്യയിലെ 160 രൂപതകളിൽനിന്നുള്ള 120 മെത്രാന്മാരും ഇരുനൂറിലധികം വൈദികരും 1200 അൽമായരും സംബന്ധിച്ചു. പേപ്പൽ നുൺഷ്യോ കോൺഗ്രസ് ഉദ്ഘാടനം ചെയ്തു. “Let your light shine and become the message and the messenger” എന്നതായിരുന്നു പ്രമേയം. സുവിശേഷവത്കരണയത്നങ്ങൾ സജീവവും തീക്ഷ്ണവുമാക്കാൻ കോൺഗ്രസ് തീരുമാനമെടുത്തു. പാലാ രൂപതയെ പ്രതിനിധീകരിച്ച് ഫാ. കുര്യൻ മറ്റം, ഫാ. മാത്യു പുതിയിടം എന്നിവർ സംബന്ധിച്ചു.

**ഫാ. കുര്യൻ മറ്റം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ**
(ഡയറക്ടേഴ്സ്)

# കരിസ്മാറ്റിക് പ്രോഗ്രാമുകൾ

**കരിസ്മാറ്റിക് കൂട്ടായ്മ**

കരിസ്മാറ്റിക് ശുശ്രൂഷകരുടെ കൂട്ടായ്മ ഒക്ടോബർ 3-ന് ഷാലോമിൽ ചേർന്നു. ബ്ര. ജോർഡി വചനപ്രഘോഷണം നടത്തി.

**ഭവനസന്ദർശനം - കാവുകണ്ടം**

വചനദീപ്തി ധ്യാനത്തിന് ഒരുക്കമായുള്ള ദിവ്യകാരുണ്യആരാധനയും ഭവനസന്ദർശനവും ഒക്ടോബർ 6, 7 തീയതികളിൽ കാവുങ്കണ്ടം ഇടവകയിൽ നടന്നു. ഫാ. കുര്യൻ മറ്റം, ഫാ. കുരുവിള തുടിയൻപ്ലാക്കൽ, സണ്ണി പള്ളിവാതുക്കൽ, ബാബു തട്ടാംപറമ്പിൽ, സാബു കോഴിക്കോട്ട് എന്നിവർ നേതൃത്വം നൽകി.

**തുടർച്ചാധ്യാനം - രാമപുരം**

വചനദീപ്തി ധ്യാനത്തിന്റെ തുടർച്ചാശുശ്രൂഷയായി രാമപുരം ഇടവകയിൽ ഒക്ടോബർ 2-ന് വചനപ്രഘോഷണവും ദിവ്യകാരുണ്യ ആരാധനയും നടന്നു. സാബു കോഴിക്കോട്ട് വചനശുശ്രൂഷ നടത്തി.

**വചനശുശ്രൂഷ - വേഴങ്ങാനം**

വചനദീപ്തി ധ്യാനത്തിന്റെ അനുബന്ധമായി വചനപ്രഘോഷണവും ആരാധനാശുശ്രൂഷയും വേഴങ്ങാനം ഇടവകയിൽ ഒക്ടോബർ 9-ന് നടന്നു. മാത്യു കല്ലേപ്ലാക്കൽ വചനപ്രഘോഷണം നടത്തി.

**വചനപ്രഘോഷണവും ദിവ്യകാരുണ്യആരാധനയും - കുന്നോന്നി**

വചനദീപ്തി ധ്യാനത്തിന്റെ തുടർപ്രോഗ്രാമായി കുന്നോന്നി ഇടവകയിൽ ഒക്ടോബർ 9-ന് വചനപ്രഘോഷണവും ആരാധനയും നടന്നു. സാബുകോഴിക്കോട്ട് ശുശ്രൂഷകൾ നയിച്ചു.

**വചനദീപ്തി ധ്യാനം - കാവുകണ്ടം**

കാവുങ്കണ്ടം ഇടവകയിൽ ഒക്ടോബർ 11, 12, 13, 14, 15 തീയതികളിൽ വചനദീപ്തി ധ്യാനം നടന്നു. ഫാ. കുര്യൻ മറ്റം, ഫാ. ജോർജ് വെട്ടുകല്ലേൽ, ഫാ. തോമസ് മണ്ണൂർ, ഔതച്ചൻ കൂടല്ലൂർ, ഫാ. ജോസ് അഞ്ചാനി, സാബു കോഴിക്കോട്ട്, രവി തോമസ്, സണ്ണി പള്ളിവാതുക്കൽ എന്നിവർ ധ്യാനശുശ്രൂഷകൾ നയിച്ചു. വികാരി ഫാ. കുരുവിള തുടിയൻപ്ലാക്കൽ സമാപനദിവ്യകാരുണ്യപ്രദക്ഷിണം നടത്തി.

**വചനശുശ്രൂഷ - ചക്കാമ്പുഴ**

വചനദീപ്തി ധ്യാനത്തിന്റെ അനുബന്ധമായി ചക്കാമ്പുഴ ഇടവകയിൽ ഒക്ടോബർ 13-ന് വചനശുശ്രൂഷയും ദിവ്യകാരുണ്യ ആരാധനയും നടന്നു. ജോൺസൺ കണ്ടത്തിൽ വചനശുശ്രൂഷ നടത്തി.

**ഭവനസന്ദർശനം - അരുണാപുരം**

വചനദീപ്തി ധ്യാനത്തിന് ഒരുക്കമായുള്ള ദിവ്യകാരുണ്യആരാധനയും ഭവനസന്ദർശനവും ഒക്ടോബർ 16, 17 തീയതികളിൽ നടന്നു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ജോസഫ് മലയിൽ, സാബു കോഴിക്കോട്ട്, ബാബു തട്ടാംപറമ്പിൽ എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**വചനപ്രഘോഷണം - കടനാട്**

വചനദീപ്തി ധ്യാനത്തിന്റെ തുടർച്ചാപ്രോഗ്രാമായി കടനാട് ഇടവകയിൽ ഒക്ടോബർ 18-ന് വചനപ്രഘോഷണവും ദിവ്യകാരുണ്യ ആരാധനയും നടന്നു. ജോൺസൺ കണ്ടത്തിൽ ശുശ്രൂഷകൾ നയിച്ചു.

**തുടർച്ചാശുശ്രൂഷ - മാനത്തൂർ**

മാനത്തൂർ ഇടവകയിൽ ഒക്ടോബർ 18-ന് തുടർച്ചാ ധ്യാനശുശ്രൂഷകൾ നടന്നു. ബാബു തട്ടാംപറമ്പിൽ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**തുടർ ധ്യാനശുശ്രൂഷ - അമ്പാറനിരപ്പേൽ**

വചനദീപ്തി ധ്യാനത്തിന്റെ തുടർപ്രോഗ്രാമെന്ന നിലയിൽ അമ്പാറനിരപ്പേൽ ഇടവകയിൽ ഒക്ടോബർ 24-ന് വചനപ്രഘോഷണവും ദിവ്യകാരുണ്യ ആരാധനയും ഫാ. ജോസഫ് കുമ്മിണി നയിച്ചു.

**ദമ്പതീസെമിനാർ - മംഗളഗിരി**

മംഗളഗിരി ഇടവകയിൽ ഒക്ടോബർ 25-ന് ദമ്പതീകൂട്ടായ്മ ചേർന്നു. ഫാ. കുര്യൻ പോളക്കാട്ട്, പ്രൊഫ. ഡോ. ആൻസി ജോർജ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**വചനദീപ്തി ധ്യാനം - അരുണാപുരം**

അരുണാപുരം ഇടവകയിൽ വചനദീപ്തി ധ്യാനം ഒക്ടോബർ 25, 26, 27 തീയതികളിൽ നടന്നു. ഫാ. അലക്സ് താരാമംഗലം, ഫാ. കുര്യൻ മറ്റം, ഫാ. ലൂയിസ് വെള്ളാനിക്കൽ, ഫാ. ജോർജ് വെട്ടുകല്ലേൽ, സുനിൽ കോതമംഗലം, സാബു കോഴിക്കോട്ട്, രവി തോമസ്, സണ്ണി പള്ളിവാതുക്കൽ, ഫാ. ജോസ് അഞ്ചാനിക്കൽ എന്നിവർ ശുശ്രൂഷകൾ നയിച്ചു. വികാരി ഫാ. ജോസഫ് മലയിൽ ദിവ്യകാരുണ്യപ്രദക്ഷിണം നടത്തി.

**വചനപ്രഘോഷണം - അന്തീനാട്**

വചനദീപ്തി ധ്യാനത്തിന്റെ തുടർച്ചപ്രോഗ്രാമായി അന്തീനാട് ഇടവകയിൽ വചനപ്രഘോഷണവും ദിവ്യകാരുണ്യ ആരാധനയും ഒക്ടോബർ 25-ന് നടന്നു. മാത്യു കല്ലേപ്ലാക്കൽ വചനശുശ്രൂഷ നടത്തി.

**ദമ്പതീകൂട്ടായ്മ - ചേർപ്പുങ്കൽ**

ചേർപ്പുങ്കൽ ഫൊറോനാതല ദമ്പതീ കൂട്ടായ്മ ഒക്ടോബർ 10-ന് നടന്നു. ബെന്നി പാലിയിൽ, സാലി മേത്താനത്ത് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**രാത്രി ആരാധന**

മാസാവസാന രാത്രി ആരാധന ഭരണങ്ങാനം അസ്സീസി ധ്യാനമന്ദിരത്തിൽ ഒക്ടോബർ 31-ന് നടന്നു. ബ്ര. അനി തങ്കച്ചൻ വചനപ്രഘോഷണം നടത്തി.

**ദമ്പതീകൂട്ടായ്മ - ഇലഞ്ഞി**

ഇലഞ്ഞി ഫൊറോനായിലെ ദമ്പതികളുടെ കൂട്ടായ്മ ഒക്ടോബർ 17-ന് ഇലഞ്ഞിപ്പള്ളിയിൽ നടന്നു. ഫാ. ജോസഫ് വടയാറ്റുകുഴി, സണ്ണി വാഴയിൽ, ബെന്നി പാലിയിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

## ദമ്പതീകൂട്ടായ്മ

അരുവിത്തുറ ഫൊറോനായിലെ ദമ്പതീകൂട്ടായ്മ ഒക്ടോബർ 20-ന് നടന്നു. ഡീക്കൻ ഗ്രേഷ്യസ് പുളിമൂട്ടിൽ, ബെന്നി പാളിയിൽ എന്നിവർ ശുശ്രൂഷകൾ നയിച്ചു.

## ദമ്പതീകൂട്ടായ്മകൾ - വിവിധ ഇടവകകൾ

പൂവത്തോട്, കയ്യൂർ, കോതനല്ലൂർ, മണ്ണാറപ്പാറ, ചെമ്പിളാവ്, പാളയം, കാഞ്ഞിരമറ്റം, പൈക്കാട്, ഉദയഗിരി, കാഞ്ഞിരത്താനം എന്നീ ഇടവകകളിൽ കൂട്ടായ്മകൾ നടന്നു. അലക്സ്, എബ്രാഹം നീരാളക്കോട്ടിൽ, ബെന്നി പാളിയിൽ, റ്റി.ഡി. ജോർജ്, സെബാസ്റ്റ്യൻ നടുവിലേക്കുറ്റ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**ഫാ. കുര്യൻ മറ്റം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ**
(ഡയറക്ടേഴ്സ്)

# Jesus Youth Programmes

October 2009

## Second Sunday Gathering

മാസത്തിലെ രണ്ടാം ഞായറാഴ്ചകളിൽ നടന്നുവരുന്ന യുവജനകൂട്ടായ്മ ഈ പ്രാവശ്യം Re-union Day ആയി ആഘോഷിച്ചു. മുൻകാല Jesus Youth അംഗങ്ങൾ അന്നേദിവസം ഒരുമിച്ചുകൂടുകയും അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. ഫാ. ജോസഫ് കുമ്മിണിയിൽ വിശുദ്ധ കുർബാനയർപ്പിച്ചു. റവ. ഫാ. കുര്യൻ മറ്റം Re-union Day സന്ദേശം നൽകി. ജോർജുകുട്ടി സെബാസ്റ്റ്യൻ, ടോണി ജെ. കുര്യാക്കോസ്, ആൽബിൻ ജോർജ്, ഗീതു, ബിൻസി, ജിന്റു, ഷൈൻ തോമസ് എന്നിവർ നേതൃത്വം നൽകി. സെന്റ് തോമസ് കോളേജ് ഓഡിറ്റോറിയത്തിൽ 11.10.09ന് 9.30 am മുതൽ 3.30 pm വരെയാണ് കൂട്ടായ്മ നടത്തപ്പെട്ടത്.

## One day Programme

ചേർപ്പുങ്കൽ ഫൊറോനായിലെ സ്കൂളിലെ High School കുട്ടികൾക്കായി Cherpunkal Holy Cross High School-ൽ വച്ച് 3-10-09-ൽ 9.30 am മുതൽ 3.30 pm വരെ One day programme നടത്തപ്പെട്ടു. ഫാ. ഫ്രാൻസീസ് അയിമനം OCD ക്ലാസ്സുകൾ നയിച്ചു. Sr. ധന്യ, ടോണി കുര്യാക്കോസ്, ജോർജുകുട്ടി സെബാസ്റ്റ്യൻ, ആൽബിൻ ജോർജ്, അഞ്ജു എന്നിവർ നേതൃത്വം നൽകി.

## Leaders Gathering

വിവിധ H.S.S.കളിലും കോളേജുകളിലും നിന്നുള്ള ലീഡേഴ്സിന്റെ കൂട്ടായ്മ 17-ാം തീയതി ശനിയാഴ്ച ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ

4.30 pm മുതൽ 10.30 pm വരെ നടന്നു. ഫാ. ജോസഫ് കുമ്മിണിയിൽ ക്ലാസുകൾ നയിച്ചു. Sr. ജെയിസ് S.H., ആൽബിൻ ജോർജ്, ടോണി കുര്യാക്കോസ്, ജോസ്ന, റിയ, ജസ്റ്റിൻ എന്നിവർ നേതൃത്വം നൽകി.

## Teens Team

25-10-09 ഞായറാഴ്ച വൈകുന്നേരം 2 pm മുതൽ 5 pm വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ Teens Team-ന്റെ നേതൃത്വത്തിൽ H.S.S., High School എന്നിവിടങ്ങളിലെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി. പ്ലസ് വൺ വിദ്യാർത്ഥികളിൽനിന്ന് പുതിയ ലീഡർഷിപ്പ് ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ചർച്ചചെയ്ത് ടോണി ജെ. കുര്യാക്കോസ് മീറ്റിംഗിനു നേതൃത്വം നൽകി.

## വെള്ളിയാഴ്ച കൂട്ടായ്മ

ബുധനാഴ്ചകളിൽ പാലാ സെന്റ് തോമസ് കോളേജ് ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ടിരുന്ന ആൺകുട്ടികൾക്കു മാത്രമുള്ള പ്രാർത്ഥനാകൂട്ടായ്മ 9-10-2009 മുതൽ വെള്ളിയാഴ്ചകളിലേക്കു മാറ്റി. കോളേജ് വിദ്യാർത്ഥികളുടെ സൗകര്യ അനുസരിച്ചാണിത്. എല്ലാ വെള്ളിയാഴ്ചകളിലും 7 pm മുതൽ 12 am വരെയാണ് കൂട്ടായ്മ.

## യുവജനസമ്മേളനം

പാലാ രൂപതാ കെ.സി.വൈ.എം. സംഘടിപ്പിച്ച യുവജനസമ്മേളനത്തിന്റെ വിവിധ കമ്മറ്റികളിൽ എൺപതോളം ജീസസ് യൂത്ത് അംഗങ്ങൾ വോളന്റിയേഴ്സായിരുന്നു. 17-10-09ൽ പാലാ കത്തീഡ്രലിൽ വച്ചായിരുന്നു പ്രസ്തുത സമ്മേളനം.

## Pro-Life Exhibition

17-ാം തീയതി പാലാ കത്തീഡ്രൽ പള്ളിയിൽ വച്ചുനടന്ന KCYM യുവജനസമ്മേളനത്തിൽ, Jesus Youth Pro-life Ministryയുടെ നേതൃത്വത്തിൽ Pro-life Exhibition നടന്നു. സോണി, സൈമൺ, ബിബിൻ, ജോസ്ന, ബെനിറ്റ എന്നിവർ നേതൃത്വം നൽകി.

## Service Team Meeting

രൂപതാ സേവനസമിതിയംഗങ്ങൾ 10-ാം തീയതി ശനിയാഴ്ച ഷാലോം പാസ്റ്ററൽ സെന്ററിൽ ഒരുമിച്ചുകൂടി പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി പുതിയ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. ജോർജുകുട്ടി സെബാസ്റ്റ്യൻ നേതൃത്വം നൽകി.

## Campus Team

31-10-09ൽ കോളേജുകളിലെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്താനും പുതിയ തീരുമാനങ്ങളെടുക്കുവാനുമായി ആൽബിൻ ജോർജിന്റെ നേതൃത്വത്തിൽ ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ 2 pm മുതൽ 5 pm വരെ ക്യാമ്പസ് ടീം അംഗങ്ങൾ ഒരുമിച്ചുകൂടി.

**ഫാ. കുര്യൻ മറ്റം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ**
(ഡയറക്ടേഴ്സ്)

# K.C.Y.M.

## യുവജനമഹാസമ്മേളനം - നന്ദി.... നന്ദി.....

കെ.സി.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ 15-നും 35-നും ഇടയിൽ പ്രായമുള്ള മുഴുവൻ യുവജനങ്ങളെയും അണിനിരത്തിക്കൊണ്ടുള്ള യുവജനമഹാസമ്മേളനം ഒക്ടോബർ 17-ാം തീയതി കത്തീഡ്രൽ പള്ളിയങ്കണത്തിൽവച്ച് നടത്തപ്പെട്ടു. രൂപതയിലെ വിവിധ ഇടവകകളിൽനിന്നായി നാലായിരത്തിനും നാലായിരത്തി അഞ്ഞൂറിനും ഇടയിൽ യുവജനങ്ങൾ ഈ സംഗമത്തിൽ പങ്കെടുത്തു. രാവിലെ 9-ന് ആരംഭിച്ച സമ്മേളനത്തിന്റെ ഉദ്ഘാടന കർമ്മം സീറോ മലങ്കര മേജർ ആർച്ച്ബിഷപ്പ് മോറാൻ മോർ ബസേലിയോസ് ക്ലിമീസ് കാതോലിക്കാബാവ നിർവ്വഹിച്ചു. പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. മാർ ജോസഫ് പള്ളിക്കാപറമ്പിൽ അനുഗ്രഹപ്രഭാഷണവും പ്രമുഖ സാമൂഹിക നേതാവായ ഡോ. കുര്യാസ് കുമ്പളക്കുഴി മുഖ്യപ്രഭാഷണവും നടത്തി. യുവജനമഹാസമ്മേളനത്തിൽ കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരിൽ ആമുഖസന്ദേശം നൽകി. സി. ലിനി SMS, റവ. ഡോ. അലക്സാണ്ടർ കോഴിക്കോട്ട്, റ്റാനിയ മുണ്ടത്താനത്ത് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. യുവജനസംഗമത്തിൽ കെ.സി.വൈ.എം. രൂപതാ പ്രസിഡന്റ് എഡ്വിൻ പാമ്പാറ സ്വാഗതവും ജനറൽ സെക്രട്ടറി ജോസൻ പേഴുംകാട്ടിൽ കൃതജ്ഞതയുമർപ്പിച്ചു. തുടർന്ന് ഉച്ചകഴിഞ്ഞ് പള്ളിയങ്കണത്തിൽ നിന്നാരംഭിച്ച വിശ്വാസപ്രഖ്യാപനറാലിയുടെ ഫ്ളാഗ് ഓഫ് കർമ്മം മുൻ കോട്ടയം ജില്ലാ കളക്ടർ ഷർമ്മിള മേരി ജോസഫ് IAS രൂപതാ പ്രസിഡന്റ് എഡ്വിൻ പാമ്പാറയ്ക്ക് പതാക കൈമാറി നിർവ്വഹിച്ചു. റാലിയുടെ സമാപനവേദിയിൽ രൂപതാ പാസ്റ്ററൽ കോ-ഓർഡിനേറ്റർ റവ. ഡോ. ജോസഫ് കുഴിഞ്ഞാലിൽ സമാപനസന്ദേശവും രൂപതാ പ്രസിഡന്റ് വിശ്വാസസംരക്ഷണ പ്രതിജ്ഞയും ഏറ്റുചൊല്ലിക്കൊടുത്തു.

യുവജനമഹാസമ്മേളനത്തിന്റെ വിജയത്തിനായി പ്രവർത്തിച്ച വിവിധ കമ്മറ്റികൾക്ക് നേതൃത്വം നൽകിയ മേഖല ഡയറക്ടറച്ചന്മാർ, യൂണിറ്റ് ഡയറക്ടേഴ്സ്, ജോയിന്റ് ഡയറക്ടേഴ്സ്, മേഖല പ്രസിഡന്റുമാർ, വിവിധ കമ്മിറ്റികളിൽ പ്രവർത്തിച്ച കൺവീനേഴ്സ്, യൂണിറ്റ് പ്രസിഡന്റുമാർ, മേഖല യൂണിറ്റ് ഭാരവാഹികൾ അതുപോലെ മറ്റ് എല്ലാവിധത്തിലും ഈ സംഗമത്തിൽ സഹകരിച്ച ഏവർക്കും ഈ അവസരത്തിൽ നന്ദി അറിയിക്കുന്നു.

## യൂണിറ്റുകൾ രൂപീകരിച്ചു

KCYM പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ അടുക്കം, വെള്ളികുളം എന്നിവിടങ്ങളിൽ പുതിയ യൂണിറ്റുകൾ സ്ഥാപിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരിൽ, ജോസൻ പേഴുംകാട്ടിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

## രൂപതാ കലാമത്സരം 'ഉത്സവ് 2009'

കെ.സി.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ യുവജനങ്ങളുടെ കലാപരമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി കലാമത്സരങ്ങൾ നവംബർ 27-ാം തീയതി പാലായിൽവച്ച് നടത്തപ്പെടുന്നു. മേഖലകളിൽ കലാമത്സരങ്ങൾ നവംബർ 20-നു മുമ്പുനടത്തി രൂപതാമത്സരത്തിൽ പങ്കെടുക്കുന്നവരുടെ പേരുവിവരം നവംബർ 22-ന് മുമ്പായി രജിസ്റ്റർ ചെയ്യണം. രൂപതാമത്സരത്തിൽ വിജയിക്കുന്നവർക്കു മാത്രമായിരിക്കും സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കുക. കലാമത്സരങ്ങൾ വിവിധ മേഖലകളിൽ നടത്തുന്നതിന് മേഖലാ-യൂണിറ്റ് ഡയറക്ടറച്ചന്മാരും ഭാരവാഹികളും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## അഖില കേരള വിയാനി-കുഞ്ഞച്ചൻ ക്വിസ്

കെ.സി.വൈ.എം. അരുവിത്തുറ യൂണിറ്റിന്റെ ആഭുമുഖ്യത്തിൽ നവംബർ 14-ാം തീയതി 10 മണിക്ക് അഖില കേരള വിയാനി-കുഞ്ഞച്ചൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. മത്സരത്തിൽ 5 മുതൽ 12 വരെ ക്ലാസ്സുകളിൽനിന്നും ഓരോ സ്കൂളിൽ / സൺഡേ സ്കൂളിൽനിന്നും രണ്ടു പേരടങ്ങുന്ന രണ്ടു ടീമുകൾക്ക് മത്സരിക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് - 20 രൂപ. മത്സരവിജയികൾക്ക് 3001, 2001, 1501, 1001, 501 രൂപ എന്നീ സമ്മാനങ്ങൾ കൂടാതെ പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനവും നൽകുന്നു.

## യൂണിറ്റ് ഇലക്ഷൻ 2009-2010

കെ.സി.വൈ.എം. 2010 വർഷത്തെ പ്രവർത്തനഭാരവാഹികളെ തെരഞ്ഞെടുക്കുന്ന ഇലക്ഷൻ ക്യാമ്പുകൾ നടത്തിത്തീർക്കുന്നതിന് യൂണിറ്റ് ഡയറക്ടറച്ചന്മാർ നവംബർ 25-നു മുമ്പ് പ്രത്യേകം ശ്രദ്ധിക്കുമല്ലോ. പുതുതായി തെരഞ്ഞെടുത്ത ഭാരവാഹികളുടെയും യൂണിറ്റംഗങ്ങളുടെയും പേരുവിവരങ്ങൾ തെരുഞ്ഞെടുപ്പുകഴിഞ്ഞ് ഏഴു ദിവസത്തിനകം രൂപതയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**റവ. ഫാ. ജോസഫ് ആലഞ്ചേരിൽ**
(ഡയറക്ടർ)

# കെ.സി.എസ്.എൽ.

വിശ്വാസം പഠനം സേവനം

## രൂപതാ സാഹിത്യ മത്സരം

ഇക്കഴിഞ്ഞ ഒക്ടോബർ 2-ന് പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽവച്ച് K.C.S.L. രൂപതാതല സാഹിത്യമത്സരങ്ങൾ നടത്തപ്പെട്ടു. വിവിധ ഇനങ്ങളിലായി ഏകദേശം എണ്ണൂറുകുട്ടികൾ പങ്കെടുത്തു. ഉച്ചയോടുകൂടി മത്സരങ്ങൾ അവസാനിക്കുകയും ചെയ്തു.

## സംസ്ഥാന സാഹിത്യമത്സരം

K.C.S.L. രൂപതാതല സാഹിത്യമത്സരത്തിൽ വിജയികളായ കുട്ടികൾ ഒക്ടോബർ 17-ന് ചങ്ങനാശ്ശേരി S.B. ഹയർ സെക്കൻഡറി സ്കൂളിൽവച്ചു നടന്ന

സംസ്ഥാനതല സാഹിത്യമത്സരത്തിൽ പങ്കെടുത്തു. രൂപതയിൽനിന്നും നൂറു കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു.

### ഏകദിന സെമിനാർ

K.C.S.L.-ന്റെ ആഭിമുഖ്യത്തിൽ മാൻവെട്ടം സെന്റ് ജോർജ് യു.പി. സ്കൂളിൽവച്ച് ഒക്ടോബർ 19-ന് ഏകദിന സെമിനാർ നടത്തി. രാവിലെ 10 മുതൽ 12.30 വരെ കുട്ടികൾക്കായും ഉച്ചകഴിഞ്ഞ് മാതാപിതാക്കൾക്കായും ക്ലാസ്സുകൾ നടത്തപ്പെട്ടു.

### കൂപ്പൺ നറുക്കെടുപ്പ്

K.C.S.L. 2009–2010 പ്രവർത്തനവർഷത്തിന്റെ നടത്തിപ്പിനായി ഇറക്കിയ കൂപ്പണിന്റെ നറുക്കെടുപ്പ് ഒക്ടോബർ 17-ന് ശനിയാഴ്ച K.C.S.L. രൂപതാ ഓഫീസിൽവച്ചു നടത്തപ്പെട്ടു. ഡയറക്ടർ ഫാ. തോമസ് പനയ്ക്കക്കുഴിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട യോഗത്തിൽ എക്സിക്യൂട്ടീവ് മെമ്പേഴ്സും പങ്കെടുത്തു.

### രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

ഒക്ടോബർ 17 ശനിയാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് രൂപതാതല എക്സിക്യൂട്ടീവ് യോഗം നടത്തപ്പെട്ടു. യോഗത്തിൽ ഡയറക്ടർ അദ്ധ്യക്ഷത വഹിച്ചു. നവംബർ 27-ലെ കലാമത്സരത്തിന്റെ നടത്തിപ്പിനെപ്പറ്റി ചർച്ച നടത്തുകയും വിവിധ കമ്മറ്റികൾ രൂപീകരിക്കുകയും ചെയ്തു.

### രൂപതാതല കലാമത്സരം

ഈ വർഷത്തെ K.C.S.L. രൂപതാസാഹിത്യമത്സരങ്ങൾ ഈവരുന്ന നവംബർ 27-ന് പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽവച്ചു നടത്തപ്പെടുന്നു.

**റവ. ഫാ. തോമസ് പനയ്ക്കക്കുഴി**
(ഡയറക്ടർ)

## ഫാമിലി സെന്റർ

ഫാമിലിസെന്റർ പതിവായി നടത്തിവരുന്ന വിവാഹ ഒരുക്കസെമിനാർ സെപ്റ്റംബർ 7-10, 21-24, ഒക്ടോബർ 5-8 തീയതികളിലായി പാലാ പാസ്റ്ററൽ സെന്ററിൽ വച്ചു നടക്കുകയുണ്ടായി. 305 പേർ കോഴ്സു പൂർത്തിയാക്കി സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയും ചെയ്തു. അടുത്ത കോഴ്സ് ഒക്ടോബർ 19-22 തീയതികളിലായി നടന്നു.

സാന്ത്വന കൗൺസിലിംഗ് സെന്റർ വഴി 40 പേർക്ക് കൗൺസിലിംഗ് സൗകര്യം നല്കുകയുണ്ടായി. നവംബർ മാസത്തെ വിവാഹ ഒരുക്കസെമിനാർ 2-5, 16-19 തീയതികളിലായി നടക്കുന്നതാണ്.

## മാതൃജ്യോതിയുടെ സെപ്റ്റംബർ മാസത്തെ പ്രവർത്തന റിപ്പോർട്ട്

**യൂണിറ്റു സന്ദർശനം**

സെപ്തംബർ 16 – ഉദയഗിരി, മോനിപ്പള്ളി.
സെപ്തംബർ 17 – പാലാ കത്തീഡ്രൽ, ഉാലം ന്യൂ, ഉാലം പഴയപള്ളി.
സെപ്തംബർ 18 – കരൂർ, കിഴതടിയൂർ.
സെപ്തംബർ 19 – മുണ്ടാങ്കൽ, മുണ്ടുപാലം, പൈങ്ങുളം.
സെപ്തംബർ 20 – തോടനാൽ, മേവട.
സെപ്തംബർ 23 – മീനച്ചിൽ.
സെപ്തംബർ 24 – കുരുവിനാൽ.
സെപ്തംബർ 26 – വേലനിലം.
സെപ്തംബർ 28 – മണിയംകുന്ന്.
സെപ്തംബർ 30 – കുന്നോന്നി, തകിടി, പയ്യാനിത്തോട്ടം.
ഒക്ടോബർ 4 – ഇടപ്പാടി.
ഒക്ടോബർ 8 – മുത്തോലി.
ഒക്ടോബർ 10 – കയ്യൂർ

എന്നീ യൂണിറ്റുകൾ രൂപതാഭാരവാഹികൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. ഒക്ടോബർ 2-ാം തീയതി രൂപതാ എക്സിക്യൂട്ടിവ് കൂടി ഭാവിപ്രർത്തനങ്ങളേക്കുറിച്ച് ചർച്ച നടത്തി. ഒക്ടോബർ 30-ാം തീയതി യൂണിറ്റ് ജോയിന്റ് ഡയറക്ടറേയും പ്രസിഡന്റിനേയും വിളിച്ചുകൂട്ടാനും തീരുമാനിച്ചു.

**ഹോം മിഷൻ - സമ്മേളനം - ഷലോം സെന്റർ**

2009 സെപ്റ്റംബർ 30-ാം തീയതി 10.30-ന് 17 പേർ ഷാലോമിൽ ബഹു.ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ സമ്മേളിച്ചു. ജപമാല ചൊല്ലി പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം യാചിച്ചു. അതിനുശേഷം വിശുദ്ധ യോഹന്നാൻ എഴുതിയ സുവിശേഷം 10-ാം അദ്ധ്യായം വായിച്ച് ഡയറക്ടറച്ചൻ സന്ദേശം നൽകി. നല്ല ഇടയനായ ഈശോയെ ഹൃദയത്തിൽ വഹിച്ച് നമ്മുടെ ഉത്തരവാദിത്വങ്ങൾ തീക്ഷ്ണതയോടെ ചെയ്യണം. വിശ്വാസത്തിന്റെ വെളിച്ചത്തിൽ എല്ലാം കാണണം.

അതിനുശേഷം സി. ഫ്ളവറിന്റെയും സി. ലിസ്യുവിന്റെയും ഫീസ്റ്റ് ആഘോഷിച്ചു. കുറുമണ്ണിലെ ഹോം മിഷനെപ്പറ്റി സംസാരിച്ചു. ഒക്ടോബർ 4-ന് തുടങ്ങനാട്ടിൽ പ്രാർത്ഥിച്ചൊരുങ്ങി പോകുന്നതിനെപ്പറ്റി പറഞ്ഞു. തുടങ്ങനാട് പോകുന്ന ഗ്രൂപ്പിനെപ്പറ്റി ചർച്ച ചെയ്തു. 12.30-ന് കർത്താവിന്റെ മാലാഖ ചൊല്ലി എല്ലാവരും സ്വഭവനങ്ങളിലേക്കു മടങ്ങി.

**ഫാ. സെബാസ്റ്റ്യൻ നടുത്തടം** (ഡയറക്ടർ
**ഫാ. തോമസ് ഇടയാൽ** (അസി. ഡയറക്ടർ)

# ഡി.സി.എം.എസ്.

## റിസോഴ്സ് ടീം ക്യാമ്പ്

D.C.M.S. പാലാ രൂപതയുടെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി നടത്തി വരുന്ന റിസോഴ്സ് ടീം ട്രെയിനിംഗ് ക്യാമ്പ് ഒക്ടോബർ 9, 10, 11 തീയതികളിൽ മുണ്ടുപാലം Bld. കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് നടത്തപ്പെട്ടു. ഈ മാസത്തെ ക്യാമ്പിൽ 27 പേർ പങ്കെടുത്തു. അടുത്ത ക്യാമ്പ് നവംബർ 13, 14, 15 തീയതിക ളിൽ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് നടത്തപ്പെടും.

## ലീഡേഴ്സ് ക്യാമ്പ്

ഡി.സി.എം.എസ്. സംഘടനയുടെ നേതൃത്വത്തിൽ മാതാപിതാക്കൾക്കായി നടത്തിവരുന്ന ലീഡേഴ്സ് ക്യാമ്പ് പാലാ, അരുവിത്തുറ, തുടങ്ങനാട്, ഭരണങ്ങാനം, രാമപുരം, ചേർപ്പുങ്കൽ എന്നീ മേഖലകൾക്കായി ഒക്ടോബർ 17, 18 തീയതികളി ലായി നടത്തിയ ക്യാമ്പിൽ ഇരുപത്തിയാറോളംപേർ പങ്കെടുത്തു.

ഒക്ടോബർ 24, 25 തീയതികളിൽ മുട്ടുചിറ, ഇലഞ്ഞി, കുറവിലങ്ങാട്, എന്നീ മേഖലകൾക്കായി മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് ക്യാമ്പ് നടത്തപ്പെടുന്നു.

നവംബർ 21, 22 തീയതികളിൽ പാലാ, രാമപുരം, ചേർപ്പുങ്കൽ, അരു വിത്തുറ, ഭരണങ്ങാനം, തുടങ്ങനാട് എന്നീ മേഖലകൾക്കും നവംബർ 28, 29 തീയതികളിൽ മുട്ടുചിറ, ഇലഞ്ഞി, കുറവിലങ്ങാട് എന്നീ മേഖലകൾക്കും മുണ്ടു പാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് ക്യാമ്പ് നടത്തപ്പെടും.

## രൂപതാ കൗൺസിൽ

2009 ഒക്ടോബർ 4-ാം തീയതി ഞായറാഴ്ച 2 pm-ന് പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽവച്ച് രൂപതാ കൗൺസിൽ കൂടി. കൗൺസിലിൽ രൂപതാ ഡയറക്ടർ, രൂപതാ പ്രസിഡന്റ്, രൂപതാ സെക്രട്ടറി, രൂപതാ കമ്മറ്റിയംഗങ്ങൾ, യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറി, രൂപതാ കൗൺസിലംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## പദയാത്ര

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടത്തിങ്കലേയ്ക്ക് ഡി.സി.എം.എസ്. പാലാ രൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ പദയാത്ര നടത്തി. 16-ാം തീയതി രാവിലെ 10 മണിക്ക് ചക്കാമ്പുഴയിൽനിന്ന് ആരംഭിച്ച പദയാത്ര ഡി.സി.എം. എസ്. മുൻ രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ഉദ്ഘാടനം ചെയ്തു. പദയാത്രയിൽ നൂറ്റമ്പതോളംപേർ പങ്കെടുത്തു.

**S.H.G.**

S.H.G. കൺവീനിയേഴ്സിന്റെ മീറ്റിംഗ് ഒക്ടോബർ 11-ാം തീയതി ഞായ റാഴ്ച കൂടുകയും എസ്.എച്ച്.ജിയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും പോരായ്മകൾ പരിഹരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**ഫാ. മാത്യു കിഴക്കേഅരഞ്ഞാണിയിൽ**
(ഡയറക്ടർ)

## പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

### 1. പി.എസ്.ഡബ്ല്യു.എസ്. സഫൈർ ജൂബിലി

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ 450-ാം വാർഷികാ ഘോഷം സഫൈർ ജൂബിലി സൊസൈറ്റിയുടെ ജന്മദിനമായ ഒക്ടോബർ 28-ന് വിവിധ പരിപാടികളോടെ ആഘോഷിച്ചു. പി.എസ്.ഡബ്ല്യു.എസ്. രക്ഷാധികാരി അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളത്തിന്റെ ഉദ്ഘാടനം ആന്റോ ആന്റണി എം.എൽ.എ. നിർവ്വഹിച്ചു. വിവിധ പദ്ധതികളുടെ ഉദ്ഘാടനം പി. സി. ജോർജ് എം.എൽ.എ. നിർവ്വഹിച്ചു.

### 2. പലിശരഹിത ലോൺ വിതരണം ചെയ്തു

സൊസൈറ്റിയുടെ കീഴിലുള്ള സ്വാശ്രയസംഘാംഗങ്ങൾക്ക് അഞ്ചു ലക്ഷ ത്തിൽപ്പരം രൂപാ പലിശരഹിത ലോണായി വിതരണം ചെയ്തു. നവസംരഭങ്ങൾ തുടങ്ങുന്നതിനാണ് പ്രസ്തുത തുക നൽകിയത്.

### 3. കാടവളർത്തൽ പരിശീലനം നൽകി

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കാട വളർത്തൽ പരിശീലനം പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽവച്ചു നടത്തി. ഡോ. മഞ്ചു സെബാസ്റ്റ്യൻ ക്ലാസ്സു നയിച്ചു. 85 ആളുകൾ പരിശീലനപരിപാടിയിൽ പങ്കെടുത്തു.

### 4. സൗജന്യ പച്ചക്കറിവിത്തു വിതരണം

തീക്കോയി, വെള്ളികുളം, മംഗളഗിരി, രാമപുരം, കുറിഞ്ഞി എന്നീ സ്വാശ്രയസംഘങ്ങളുടെ ആഭിമുഖ്യത്തിൽ സൗജന്യ പച്ചക്കറിവിത്തു വിതരണം സംഘടിപ്പിച്ചു.

### 5. വികലാംഗക്ഷേമ പദ്ധതി

സൊസൈറ്റി നടപ്പിലാക്കിവരു നന വികലാംഗക്ഷേമ പദ്ധതിയനുസരിച്ച് ജൂൺ, ജൂലൈ മാസങ്ങളിൽ വിദ്യാഭ്യാസത്തിനും ചികിത്സയ്ക്കുമായി 290000 രൂപാ വിതരണം ചെയ്തു. 163 കുട്ടികൾക്കാണ് പദ്ധതിയിലൂടെ സഹായം ലഭിച്ചത്.

**6. ഭക്ഷ്യസുരക്ഷ സെമിനാർ**

പി.എസ്.ഡബ്യു.എസ്. തീക്കോയി, രാമപുരം എന്നീ സ്ഥലങ്ങളിൽ നടത്തി വരുന്ന ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി വെള്ളികുളം, മംഗളഗിരി, ശാന്തി ഗിരി, രാമപുരം എന്നീ സ്ഥലങ്ങളിൽവച്ച് ഭക്ഷ്യസുരക്ഷാ സെമിനാർ നടത്തി.

**7. സ്വാശ്രയസംഘം വാർഷികം**

എടാട്, കടനാട്, മറ്റത്തിപ്പാറ, മീനച്ചിൽ, അന്ത്യാളം, വെള്ളികുളം എന്നീ സ്ഥലങ്ങളിൽ സ്വാശ്രയസംഘ വാർഷികങ്ങൾ നടത്തി.

**8. മെഡിക്കൽ ക്യാമ്പ് നടത്തി**

മല്ലികശ്ശേരി, കുന്നോന്നി എന്നീ സ്വാശ്രയസംഘങ്ങളുടെ ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തി.

**9. ബക്കരിഗാവ് യോജന ഫണ്ട് വിതരണം ചെയ്തു**

പി.എസ്.ഡബ്ല്യു.എസ്. നടപ്പിലാക്കിവരുന്ന ബക്കരി ഗാവ് യോജന പദ്ധതി യുടെ അഞ്ചാംഘട്ടം ഫണ്ട് വിതരണം നടത്തി. പ്രസ്തുത പദ്ധതിയിലൂടെ 40 ആളുകൾക്ക് ആടിനെ വാങ്ങാനുള്ള സഹായം ലഭിച്ചു.

**10. ചുരിദാർ കട്ടിംഗ് പരിശീലനം**

പാലാ, തീക്കോയി, പൂഞ്ഞാർ, ഭരണങ്ങാനം എന്നീ സോണുകളുടെ ആഭി മുഖ്യത്തിൽ ചുരിദാർ കട്ടിംഗ് പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ പി.എസ്.ഡബ്യു.എസിൽ പേരു നൽകുക.

**11. ധനസഹായം നൽകി**

പി.എസ്.ഡബ്യു.എസിന്റെ കീഴിലുള്ള 25 S.H.G.കൾ ആഗസ്റ്റുമാസം 65200 രൂപാ ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനുമായി വിതരണം ചെയ്തു.

**12. തേനീച്ച വളർത്തൽ പരിശീലനം**

പി.എസ്.ഡബ്യു.എസിന്റെ ആഭിമുഖ്യത്തിൽ തേനീച്ചവളർത്തലിൽ പരിശീ ലനം നൽകുന്നു. താത്പര്യമുള്ളവർ പി.എസ്.ഡബ്യു.എസ്. ഓഫീസിൽ പേരു നൽകുക.

**13. മഹിളാ സുരക്ഷാ ഇൻഷുറൻസ് പദ്ധതി**

ഇന്ത്യാ ഗവൺമെന്റിന്റെ ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുമായി സഹകരിച്ച് സ്ത്രീകളുടെ സുരക്ഷാക്ഷേമത്തിനായുള്ള ഇൻഷുറൻസ് പദ്ധതി പാലാ രൂപതയിലെ സ്ത്രീകളുടെ സുരക്ഷയ്ക്കായി നടപ്പാക്കുന്നു. ഒരു തവണ 115 രൂപാ പ്രീമിയം അടച്ചാൽ അഞ്ചു വർഷ കാലയളവിൽ ഇൻഷുറൻസ് സംരക്ഷണം ലഭിക്കും. അപകടപരിരക്ഷയ്ക്കു പുറമേ വീട്ടുപകരണങ്ങൾ ഇടിമിന്നൽ, മറ്റു പ്രകൃതി ക്ഷോഭങ്ങൾ എന്നിവ നിമിത്തം കേടായാൽ നന്നാക്കാൻ സഹായം ലഭിക്കുന്ന ഒരു പദ്ധതി കൂടിയാണിത്.

**ഫാ. തോമസ് വാലുമ്മേൽ**
(ഡയറക്ടർ)

# എ.കെ.സി.സി.

## 57-ാം രൂപതാ വാർഷികം

പാലാ രൂപതാ സമിതിയുടെ 57-ാം വാർഷിക സമ്മേളനം നവംബർ 1 ഞായറാഴ്ച പാലാ മുണ്ടാങ്കൽ പള്ളി അങ്കണത്തിൽ നടക്കും. 1.30-ന് പ്രസിഡന്റ് പതാക ഉയിർത്തും. തുടർന്ന് ചേരുന്ന സമ്മേളനം അഭിവന്ദ്യ ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് ഉദ്ഘാടനം ചെയ്യും. "സാമുദായികശാക്തീകരണം എ.കെ.സി.സിയിലൂടെ" എന്ന അടുത്ത വർഷത്തെ കർമ്മപദ്ധതികളുടെ പ്രഖ്യാപനവും വാർഷികപ്പതിപ്പ് "എ.കെ.സി.സി. വോയിസി"ന്റെ പ്രകാശന കർമ്മവും അഭിവന്ദ്യപിതാവ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിക്കും. പ്രസിഡന്റ് എം.എം. ജേക്കബ് അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ റവ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ, ശ്രീ ജോൺ കച്ചിറമറ്റം, ശ്രീ ടോമി തുരുത്തിക്കര, സാജു അലക്സ്, ജോയി മുത്തോലി, ബെന്നി പാലയ്ക്കാത്തടം എന്നിവർ സംസാരിക്കും.

മേഖലാ പ്രസിഡന്റുമാരായ രാജീവ് കൊച്ചുപറമ്പിൽ, മാത്തുക്കുട്ടി കലയത്തിനാൽ, രാജു വയലിൽ, ടോമി കെ. തോമസ്, ജോസ് പുത്തൻകാലാ, പ്രൊഫ. റെജി മേക്കാടൻ, കുര്യൻ വടക്കേക്കര, എൻ.ടി. കുര്യൻ, സെബാസ്റ്റ്യൻ മാളിയേക്കൽ, അഡ്വ. ജോണി വിച്ചാട്ട്, ആന്റോസൺ പാലക്കാട്ടുകുന്നേൽ, ജോസഫ് നെടിയകാല, ജോൺ മിറ്റത്താനി എന്നിവർ റിപ്പോർട്ട് അവതരിപ്പിക്കും. തുടർന്ന് വേദി കൺവീനർമാരായ ഡാന്റിസ് കൂനാനിക്കൽ, ബേബി പുത്തൻപുര, മാഗി ജോസ് മേനാംപറമ്പിൽ, പ്രൊഫ. കെ.എം. മാത്യു, ജോയി മുത്തോലി എന്നിവരും റിപ്പോർട്ട് അവതരിപ്പിക്കും.

## മുട്ടുചിറ മേഖലാ സമ്മേളനം

മുട്ടുചിറ മേഖലാ സമ്മേളനം ഒക്ടോബർ 4-നു നടന്നു. റവ. ഫാ. കുര്യാക്കോസ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്തു. ടോമി തുരുത്തിക്കര, സാജു അലക്സ്, തോമസ് മാഞ്ഞൂരാൻ, ജോസ് പുത്തൻകാലാ എന്നിവർ സംസാരിച്ചു. രൂപതാ വാർഷികത്തിന്റെ വിജയത്തിനായി കർമ്മപരിപാടികൾ ആവിഷ്കരിച്ചു.

## കൂത്താട്ടുകുളത്ത് സെമിനാർ

എ.കെ.സി.സി. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സെമിനാർ നടന്നു. ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ഫാ. സെബാസ്റ്റ്യൻ എട്ടുപറയിൽ, ടോമി തുരുത്തിക്കര, ബേബി ആലുങ്കൽ എന്നിവർ സംസാരിച്ചു.

## ചെമ്മലമറ്റം വാർഷികം

എ.കെ.സി.സി. യൂണിറ്റ് വാർഷികം ഒക്ടോബർ 4-ന് നടന്നു. ഫാ. ജയിംസ് കട്ടയ്ക്കൽ, ഫാ. ആൻഡ്രൂസ് വേങ്ങത്താനം, എം.എം. ജേക്കബ്, ബെന്നി കിണറ്റുകര എന്നിവർ സംസാരിച്ചു.

**മേവിട സമ്മേളനം**

മേവിട യൂണിറ്റ് സമ്മേളനവും വാർഷികവും ഒക്ടോബർ 4-നു നടന്നു. ഫാ. ജോസഫ് വിളക്കുന്നേൽ, ഡാന്റീസ് കൂനാനിക്കൽ, സണ്ണി നായിപ്പുരയിടം എന്നിവർ സംസാരിച്ചു.

**മുട്ടുചിറ യൂണിറ്റ് വാർഷികം**

മുട്ടുചിറ യൂണിറ്റ് വാർഷികം ഒക്ടോബർ 4നു നടന്നു. പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു. ഫാ. കുര്യാക്കോസ് നരിതൂക്കിൽ, തോമസ് മാഞ്ഞൂരാൻ, ജോസഫ് പുത്തൻകാല എന്നിവർ സംസാരിച്ചു.

**മൂന്നിലവിൽ സമ്മേളനം**

മൂന്നിലവ് യൂണിറ്റ് സമ്മേളനവും വാർഷികവും ഒക്ടോബർ 11നു നടന്നു. റവ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഫാ. മാത്യു വെട്ടുകല്ലേൽ, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ എന്നിവർ സംസാരിച്ചു.

**മുളക്കുളം യൂണിറ്റ് രൂപീകരണം**

മുളക്കുളം ഇടവകയിൽ യൂണിറ്റ് രൂപീകരണ സെമിനാർ ഒക്ടോബർ 11നു നടന്നു. റവ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 18ന് സെമിനാർ നടന്നു. ഫാ. ജോസഫ് പാണ്ടിയാമ്മാക്കൽ, സാജു അലക്സ്, ജോണി പെരിങ്ങമല എന്നിവർ സംസാരിച്ചു.

**പിറവത്ത് സെമിനാർ**

പിറവത്ത് യൂണിറ്റ് രൂപീകരണത്തിനു മുന്നോടിയായി ഒക്ടോബർ 11നു ദിവ്യബലി മദ്ധ്യേ റവ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ സന്ദേശം നൽകി. യൂണിറ്റ് രൂപീകരണ സെമിനാർ ഒക്ടോബർ 18നു നടന്നു. ഫാ. തോമസ് പുരയിടം, സാജു അലക്സ്, ബേബി ആലുങ്കൽ എന്നിവർ സംസാരിച്ചു.

**മുത്തോലപുരം യൂണിറ്റ് രൂപീകരണം**

യൂണിറ്റ് രൂപീകരണ സെമിനാർ ഒക്ടോബർ 18നു നടന്നു. ഫാ. പോൾ മഠത്തിക്കുന്നേൽ ഉദ്ഘാടനം നിർവ്വഹിച്ചു. ഡാന്റീസ് കൂനാനിക്കൽ, ടോമി കെ. തോമസ്, ബേബി ആലുങ്കൽ എന്നിവർ സംസാരിച്ചു.

**ഉരുളികുന്നം യൂണിറ്റ് രൂപീകരണം**

ഉരുളികുന്നം ഇടവകയിൽ യൂണിറ്റ് രൂപീകരണ സെമിനാർ ഒക്ടോബർ 18നു നടന്നു. ഫാ. അബ്രാഹം കുപ്പപ്പുഴയ്ക്കൽ, എം.എം. ജേക്കബ്, രാജീവ് കൊച്ചുപറമ്പിൽ എന്നിവർ സംസാരിച്ചു.

**ജോസ്ഗിരി സമ്മേളനം**

ജോസ്ഗിരി ഇടവകയിൽ യൂണിറ്റ് രൂപീകരണ സമ്മേളനം ഒക്ടോബർ 25നു നടന്നു. ഫാ. തോമസ് മഠത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. എം.എം. ജേക്കബ്, ടോമി തുരുത്തിക്കര, ബേബി ആലുങ്കൽ എന്നിവർ സംസാരിച്ചു.

## മൂലമറ്റം സെമിനാർ

മൂലമറ്റം ഇടവകയിൽ യൂണിറ്റ് രൂപീകരണ സെമിനാർ ഒക്ടോബർ 25നു നടന്നു. ഫാ. ജോസഫ് പൂവത്തുങ്കൽ, ഫാ. ജോർജ് വരകുകാലാപറമ്പിൽ, സാജു അലക്സ്, ആന്റോസൺ പാലക്കാട്ടുകുന്നേൽ എന്നിവർ സംസാരിച്ചു.

## പൂവത്തോട് സെമിനാർ

യൂണിറ്റ് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 25ന് സെമിനാർ നടന്നു. ഫാ. സെബാസ്റ്റ്യൻ മണ്ണൂർ, ടോമി തുരുത്തിക്കര, സണ്ണി ഞായർകുളം എന്നിവർ സംസാരിച്ചു.

## മീനച്ചിൽ സെമിനാർ

യൂണിറ്റ് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 25ന് സെമിനാർ നടന്നു. ഫാ. തോമസ് ബ്രാഹ്മണവേലിൽ, ഡാന്റിസ് കൂനാനിക്കൽ, അഡ്വ. ഷാജി ചാത്തനാട്ട് എന്നിവർ സംസാരിച്ചു.

## രാമപുരം മേഖലാ സമ്മേളനം

രാമപുരം മേഖലാ സമ്മേളനം ഒക്ടോബർ 25നു ചേർന്നു. ശ്രീ ജോൺ മിറ്റത്താനി അദ്ധ്യക്ഷത വഹിച്ചു. എം.എം. ജേക്കബ്, സാജു അലക്സ് എന്നിവർ സംസാരിച്ചു.

## കാക്കൂർ സെമിനാർ

ഒക്ടോബർ 17ന് എ.കെ.സി.സി. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സീനിയർ സിറ്റിസൺസിനുവേണ്ടി ഒരു സെമിനാർ നടന്നു. റവ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് വടക്കേക്കുറ്റ്, ബേബി ആലുങ്കൽ എന്നിവർ സംസാരിച്ചു.

## പിഴകിൽ യുവജന സെമിനാർ

എ.കെ.സി.സി. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ യുവജനസെമിനാർ നടന്നു. റവ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ ക്ലാസ് നയിച്ചു. ഫാ. മാത്യു വള്ളോപ്പള്ളി, എം.എം. ജേക്കബ് എന്നിവർ സംസാരിച്ചു.

## മുണ്ടാങ്കൽ യൂണിറ്റ് സമ്മേളനം

മുണ്ടാങ്കൽ യൂണിറ്റിന്റെയും രൂപതാ ഭാരവാഹികളുടെയും സംയുക്ത സമ്മേളനം ഒക്ടോബർ 26നു നടന്നു. ഡയറക്ടർ, ഭാരവാഹികൾ മുതലായവർ പങ്കെടുത്തു. രൂപതാവാർഷിക വിജയത്തിനായി കർമ്മപരിപാടികൾ ചർച്ച ചെയ്തു.

## ഇടവക സന്ദർശനം

അരുവിത്തുറ, പാലാ, കുറവിലങ്ങാട്, ഇലഞ്ഞി, മുട്ടുചിറ, രാമപുരം, തീക്കോയി, മൂലമറ്റം, തുടങ്ങനാട് മേഖലാ സമ്മേളനങ്ങൾ ചേരുകയും മേഖലാ ഭാരവാഹികൾ യൂണിറ്റുകൾ സന്ദർശിക്കുകയും ചെയ്തു.

## രൂപതാ കമ്മിറ്റി

ഒക്ടോബർ 5, ഒക്ടോബർ 14, ഒക്ടോബർ 26 തീയതികളിൽ രൂപതാ ഭാരവാഹികളുടെ യോഗം ചേർന്നു. കേരളത്തിൽ വളർന്നുവരുന്ന ഗുണ്ടാരാജ്-കാരക്കോണം മെഡിക്കൽ കോളേജിനു നേരെ നടന്ന ആക്രമണം എന്നിവയിൽ രൂപതാ സമിതി പ്രതിഷേധിച്ചു.

**സാജു അലക്സ്**
(ജനറൽ സെക്രട്ടറി)

# പാലാ കമ്മ്യൂണിക്കേഷൻസ്

## കടലോളം കനിവ് നാടകം അവാർഡുകളുമായി മുൻനിരയിൽ

2009-ൽ കേരളത്തിൽ ഇറങ്ങിയ ഏറ്റവും നല്ല നാടകമെന്ന പെരുമയുമായി പങ്കെടുത്ത എല്ലാ മത്സരങ്ങളിൽനിന്നും ഏറ്റവും കൂടുതൽ സമ്മാനങ്ങളും അവാർഡുകളും നേടി 'കടലോളം കനിവ്' നാടകം മുന്നേറുന്നു.

### ഇതുവരെ കളിച്ചിട്ടുള്ള മത്സരങ്ങളും നേടിയ അവാർഡുകളും

**1) K.C.B.C. പ്രൊഫഷണൽ നാടക അവാർഡ്**

മികച്ച രണ്ടാമത്തെ നാടകം : കടലോളം കനിവ്
മികച്ച സംഗീതസംവിധാനം : ഫാ. ജയിംസ് വെണ്ണായിപ്പിള്ളിൽ

**2) അമ്പലപ്പുഴ ഫോക്കസ്**

മികച്ച രണ്ടാമത്തെ നാടകം : കടലോളം കനിവ്
മികച്ച നടൻ : തോമ്പിൽ രാജശേഖരൻ
മികച്ച രചന : ഫ്രാൻസിസ് ടി. മാവേലിക്കര

**3) തൃശൂർ TAS**

മികച്ച നാടകം : കടലോളം കനിവ്
മികച്ച നടൻ : തോമ്പിൽ രാജശേഖരൻ
മികച്ച രചന : ഫ്രാൻസിസ് ടി. മാവേലിക്കര
മികച്ച രണ്ടാമത്തെ ഹാസ്യനടൻ : പ്രമോദ് വെളിയനാട്

**4) കുന്നംകുളം BAR**

മികച്ച രണ്ടാമത്തെ നാടകം : കടലോളം കനിവ്
മികച്ച സംവിധാനം : വക്കം ഷക്കീർ
മികച്ച നടൻ : തോമ്പിൽ രാജശേഖരൻ

**5) N. പറവൂർ E.M.S. സ്മാരക നാടകമത്സരം**

മികച്ച നടൻ : തോമ്പിൽ രാജശേഖരൻ
മികച്ച ഹാസ്യനടൻ : പ്രമോദ് വെളിയനാട്
മികച്ച രണ്ടാമത്തെ നടി : വിജയമ്മ

**ഫാ. ജയിംസ് വെണ്ണായിപ്പിള്ളിൽ**
(ഡയറക്ടർ)



## പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ!

# റവ. ഫാ. ജേക്കബ് താഴത്തേൽ

വാകക്കാട് ഇടവകയിൽ താഴത്തേൽ കുടുംബത്തിൽ ചാക്കോ-അന്ന ദമ്പതികളുടെ മകനായ ബഹു. ജേക്കബച്ചൻ 1912 ഫെബ്രുവരി 2-ാം തീയതി ജനിച്ചു. സെന്റ് മേരീസ് മിഡിൽ സ്കൂൾ ഭരണങ്ങാനം, സെന്റ് തോമസ് ഹൈസ്കൂൾ പാലാ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കി. 1937 ഡിസംബർ 21-ാം തീയതി അഭിവന്ദ്യ മാർ ജെയിംസ് കാളാശ്ശേരി പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ച് വൈദികനായി അഭിഷിക്തനായി.

രൂപതയിലെ കുറവിലങ്ങാട്, കുടക്കച്ചിറ, പ്രവിത്താനം എന്നീ പള്ളികളിൽ അസി. വികാരിയായി സേവനമനുഷ്ഠിച്ച അച്ചൻ 1957 മുതൽ 1975 വരെ വാകക്കാട്, പ്രവിത്താനം, അരുവിത്തുറ പള്ളികളുടെ വികാരിയായും സേവനമനുഷ്ഠിച്ചു. 1981-ൽ റിട്ടയർ ചെയ്തു.

ജേക്കബച്ചൻ ഡി.എസ്.റ്റി. സന്യാസിനീസമൂഹ സ്ഥാപകനായും തുടർന്ന് അരുവിത്തുറ ഡി.എസ്.റ്റി. കോൺവെന്റിലും ഭരണങ്ങാനം ഡി.എസ്.റ്റി കോൺവെന്റിലും സേവനമനുഷ്ഠിച്ചശേഷം അൽഫോൻസാ ആർട്ട്സ് കോളേജിന്റെ ഡയറക്ടറായും സേവനമനുഷ്ഠിച്ചു. പിന്നീടുള്ള തന്റെ ജീവിതം ജെയിംസച്ചൻ ചെലവഴിച്ചത് സെന്റ് തോമസ് സന്യാസിനീസമൂഹത്തിന്റെ അഭ്യുന്നതിക്കുവേണ്ടിയായിരുന്നു. അതിൻപ്രകാരം രൂപതയ്ക്ക് അകത്തും മറ്റു രൂപതകളിലും പ്രത്യേകിച്ച്, കാഞ്ഞിരപ്പള്ളി, പാലക്കാട്, തലശ്ശേരി എന്നീ രൂപതകളിലും സെന്റ് തോമസ് സന്യാസിനീസമൂഹത്തിന്റെ ഡയറക്ടറായും സേവനമനുഷ്ഠിച്ചു.

സെന്റ് തോമസ് സന്യാസിനീസമൂഹത്തിന്റെ ആദ്ധ്യാത്മിക തേജസ്സായി ക്രിസ്തുവിനുവേണ്ടി ജീവിതം മാറ്റിവച്ച ബഹു. ജേക്കബച്ചൻ പാലാ രൂപതയ്ക്കും സെന്റ് തോമസ് സന്യാസിനീസമൂഹത്തിനും ഒരു മുതൽക്കൂട്ടായിരുന്നു. മരണം വരെ ഈശോയ്ക്കുവേണ്ടി പോരാടി 2009 ഒക്ടോബർ 13-ാം തീയതി ജീവന്റെ കിരീടം സ്വന്തമാക്കാൻ അച്ചൻ യാത്രയായി.

മൃതസംസ്കാര ശുശ്രൂഷകൾ 2009 ഒക്ടോബർ 15-ാം തീയതി സെന്റ് തോമസ് കോൺവെന്റിൽവച്ച് ഉച്ചയ്ക്ക് ഒരു മണിയോടുകൂടി പെരിയ ബഹു. ജോർജ് ചൂരക്കാട്ടച്ചന്റെ നേതൃത്വത്തിൽ തിരുക്കർമ്മങ്ങൾ ആരംഭിച്ചു. 2.15-ന് ഭരണങ്ങാനം സെന്റ് മേരീസ് പള്ളിയിൽ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാന ആരംഭിച്ചു. മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സന്ദേശം നൽകുകയും സംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു. അച്ചന്റെ ബന്ധുമിത്രാദികൾക്കും പ്രിയപ്പെട്ടവർക്കും പാലാ രൂപതയുടെ അനുശോചനം അറിയിക്കുന്നു. നമുക്ക് ബഹു. ജേക്കബച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.



## പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ!

## റവ. ഫാ. ജോർജ് കപ്പലുമാക്കൽ

ചേന്നാട് ഇടവകയിൽ കപ്പലുമാക്കൽ കുടുംബത്തിൽ ജോൺ-ത്രേസ്യാ ദമ്പതികളുടെ മകനായ ജോർജച്ചൻ 1932 മാർച്ച്മാസം 10-ാം തീയതി ജനിച്ചു. മൂന്നു സഹോദരന്മാരും രണ്ടു സഹോദരിമാരും അച്ചനുണ്ട്. പൂഞ്ഞാർ സെന്റ് ആന്റണീസിലും പൂഞ്ഞാർ S.M.V.H.ലും സ്കൂൾ പഠനം പൂർത്തിയാക്കി. ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കി. 1960 മാർച്ചുമാസം 10-ാം തീയതി ആലുവായിൽവച്ച് അഭിവന്ദ്യ വയലിൽ തിരുമേനിയിൽനിന്നു തിരുപ്പട്ടം സ്വീകരിച്ചു.

ബഹു. ജോർജച്ചൻ പാലാ രൂപതയിലെ പെരിങ്ങുളം, രാമപുരം, മണ്ണയ്ക്കനാട് തുടങ്ങിയ ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായും കുടയത്തൂർ, മാനത്തൂർ, മുഴൂർ എന്നീ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1963 മുതൽ രോഗാസ്വാസ്ഥ്യത്താൽ ഔദ്യോഗിക പ്രവർത്തനമേഖലയിൽനിന്ന് അവധിയെടുക്കുകയും കുമ്മണ്ണൂരുണ്ടായിരുന്ന പ്രീസ്റ്റ്ഹോമിൽ വിശ്രമജീവിതം നയിക്കുകയും ചെയ്തു. തന്റെ രോഗാവസ്ഥയെ അച്ചൻ തരണംചെയ്യുകയും താൻ തന്റെ അജപാലനരംഗത്ത് പരിശീലിച്ച ചികിത്സാരീതികൾ തുടരുവാൻ പരിശ്രമിക്കുകയും ചെയ്തു. അതിന്റെ ഭാഗമായി ചെത്തിമറ്റത്ത് ജോർജിയൻ സെന്റർ എന്നപേരിൽ മാനസികരോഗ ചികിത്സാകേന്ദ്രം സ്ഥാപിച്ചു. തുടർന്നുള്ള അച്ചന്റെ ജീവിതം ജോർജിയൻ സെന്ററിലായിരുന്നു.

ജോർജിയൻ സെന്ററിൽ മനഃശാസ്ത്രാത്മക ചികിത്സാരീതി തുടർന്ന അച്ചൻ തന്റേതന്നെ ചികിത്സാരീതിയായ സൈക്കോ റിലീജിയസ് തെറാപ്പി രൂപപ്പെടുത്തി. അതനുസരിച്ച് നിരവധി ആളുകളെ ചികിത്സിച്ച് ഭേദപ്പെടുത്താനും സാധിച്ചു. വിശ്വാസത്തിന്റെ ചുവടുപിടിച്ചുകൊണ്ട് പുത്തൻ പ്രേഷിതത്വത്തിന് അച്ചൻ തുടക്കമിട്ടു. 'ജനക്കൂട്ടത്തെ കണ്ടപ്പോൾ, യേശുവിന് അനുകമ്പ തോന്നി. അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരും നിസ്സഹായരുമായിരുന്നു' (മത്താ. 9:36). മിശിഹായുടെ ഈ പാത പിന്തുടർന്ന് മാനസികരോഗികളോട് അനുകമ്പ കാട്ടാൻ അച്ചൻ ദൃഢപ്രതിജ്ഞയെടുക്കുകയായിരുന്നു.

2009 ഒക്ടോബർ 22-ാം തീയതി അർദ്ധരാത്രിയിൽ നിര്യാതനായ അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾ 23-ാം തീയതി 1.30-ന് റവ. ഫാ. ഫിലിപ്പ് ഞരളക്കാട്ടച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ ജോർജിയൻ സെന്ററിൽ ആരംഭിച്ചു. അതിനുശേഷം 2.30ഓടുകൂടി ളാലം പഴയ പള്ളിയിൽ അഭിവന്ദ്യ പിതാവ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാരശുശ്രൂഷകൾ നടത്തി. 'നിനക്കു ചെയ്യാൻ കഴിവുള്ള നന്മ അതു ലഭിക്കാൻ അവകാശമുള്ളവർക്ക് നിഷേധിക്കരുത്" എന്ന തിരുവചനം ഹൃദയത്തിൽപേറിയ അച്ചന്റെ സേവനം പാലാ രൂപതയ്ക്കും സഭയ്ക്കു മുഴുവനായും ഒരു മുതൽക്കൂട്ടായിരുന്നു. അച്ചന്റെ ഈ സേവനത്തെ നന്ദിയോടെ സ്മരിക്കുന്നതോടൊപ്പം അച്ചന്റെ പ്രിയപ്പെട്ടവരോട് രൂപതയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു. അച്ചന്റെ ആത്മശാന്തിക്കായി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

## നിര്യാതരായി

### Sr. ജോൺ മേരി S.H.

ചക്കാമ്പുഴ S.H. ഭവൻ മഠാംഗമായിരുന്ന Sr. ജോൺമേരി (79) 23-9-09 രാവിലെ 9 മണിക്ക് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. 24-9-09 വ്യാഴാഴ്ച രാവിലെ 9 മണിക്ക് പാലാ S.H. പ്രൊവിൻഷ്യൽ ഹൗസ് മഠംചാപ്പലിൽ ആരംഭിച്ച ദിവ്യബലിയെത്തുടർന്ന് പാലാരൂപതാ വികാരി ജനറാൾ മോൺ. ജോർജ്ജ് ചൂരക്കാട്ടിന്റെ പ്രധാന കാർമ്മികത്വത്തിൽ മൃതദേഹം കത്തീഡ്രൽ പള്ളിസെമിത്തേരിയിൽ സംസ്കരിക്കുകയും ചെയ്തു.

ലാളിത്യംനിറഞ്ഞ സമർപ്പണജീവിതത്തിലൂടെയും ഇടവകസേവനത്തിലൂടെയും അദ്ധ്യാപനത്തിലൂടെയും തിരുഹൃദയനാഥന്റെ കാരുണ്യസ്നേഹം നിർലോഭം പകർന്നുനൽകിയ ജോൺ മേരിയമ്മയുടെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാജ്ഞലികൾ.

### Sr. ആഗസ്റ്റുമേരി C.M.C.

മുണ്ടാങ്കൽ മഠാംഗമായിരുന്ന ഞങ്ങളുടെ പ്രിയപ്പെട്ട Sr. ആഗസ്റ്റുമേരി (സിസിലിയാമ്മ, പെമ്പിളകുന്നൽ, 58 വയസ്) 30-9-09 ബുധനാഴ്ച വെളുപ്പിന് ഒരു മണിക്ക് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. സംസ്ക്കാരകർമ്മങ്ങൾ ഒക്ടോബർ 1-ാം തീയതി വ്യാഴാഴ്ച രാവിലെ 10 മണിക്ക് മഠം കപ്പേളയിൽവച്ച് റവ. ഫാ. ഡെന്നീസ് തെക്കൻചേരിക്കുന്നേലിന്റെ പ്രധാനകാർമ്മികത്വത്തിൽ നടന്ന സമൂഹബലിയോടെ ആരംഭിക്കുകയും തുടർന്ന് പാലാരൂപതാ വികാരി ജനറാൾ വെറി റവ ഫാ. ഫിലിപ്പ് ഞരളക്കാട്ടിന്റെ പ്രധാനകാർമ്മികത്വത്തിൽ മുണ്ടാങ്കൽ പള്ളിസിമിത്തേരിയിൽ സംസ്കരിക്കുകയും ചെയ്തു.

ആതുരശുശ്രൂഷാരംഗത്ത് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച സിസ്റ്ററിന്റെ പ്രേഷിത മണ്ഡലങ്ങൾ നിരവധിയായിരുന്നു. ഭിമാരാം, ഉജ്ജെയിൻ, ആസ്സാം എന്നീ മിഷൻ രംഗങ്ങളിലും റാണിഗിരി, ചെറുപുഷ്പം, മരിയൻ മെഡിക്കൽ സെന്റർ എന്നീ ആശുപത്രികളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അഡാർട്ടിൽ കൗൺസിലിംഗ് രംഗത്തു തന്റെ വിലപ്പെട്ട സംഭാവനകൾ നല്കാൻ സിസ്റ്ററിന് സാധിച്ചിട്ടുണ്ട്. ദൈവം തന്നിൽ നിക്ഷേപിച്ച കഴിവുകളും സിദ്ധികളും മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നതിൽ ഏറെ ശ്രദ്ധാലുവായിരുന്നു. നിരവധി രോഗങ്ങൾക്കിടയിലും സന്തോഷപൂർവ്വം ശുശ്രൂഷചെയ്യുന്നതിന് സമയം കണ്ടെത്തിയിരുന്നു. ഒരു അനുഗൃഹീതഗായികകൂടിയായിരുന്ന സിസ്റ്റർ ദൈവാലയഗീതങ്ങൾ ശ്രുതിമധുരമായി ആലപിച്ചിരുന്നു. സിസ്റ്ററിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ.

### Sr. പത്രീസ് C.M.C.

രാമപുരം മഠാംഗമായിരുന്ന Sr. പത്രീസ് (77) 2009 സെപ്തംബർ 23 ബുധനാഴ്ച രാവിലെ 7 മണിക്ക് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. 24-ാം

തീയതി രാവിലെ 9 മണിക്ക് ബഹു. തോമസ് വലിയവീട്ടിലച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയ്ക്കുസേഷം പാലാ രൂപതാ വികാരി ജനറാൾ വെരി. റവ. ഫാ. ഫിലിപ്പ് ഞരളക്കാട്ടിന്റെ പ്രധാന കാർമ്മികത്വത്തിൽ രാമപുരം ഫൊറോനാ പള്ളി സെമിത്തേരിയിൽ മൃതദേഹം സംസ്ക്കരിച്ചു. പ്രോവിൻസിലെ വിവിധ മഠങ്ങളിൽ ദീർഘകാലം സമൂഹാംഗങ്ങൾക്ക് സ്നേഹശുശ്രൂഷ ചെയ്ത് പരാതിയോ പരിഭവമോ ഇല്ലാതെ ജീവിതബലി പൂർത്തിയാക്കിയ പത്രീസമ്മയുടെ എളിയ ജീവിതം ഏവർക്കും അനുകരണാർഹമായ മാതൃകയാണ്. അമ്മയുടെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികളർപ്പിക്കുന്നു.

## Sr. കാർമ്മൽ ജോസ് F.C.C.

F.C.C. അരുവിത്തുറ പ്രൊവിൻഷ്യൽ ഹൗസ് അംഗമായിരുന്ന സി. കാർമ്മൽ ജോസ് (61 വയസ്സ്) പുത്തൻപറമ്പിൽ 19.10.2009-ൽ നമ്മുടെ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. 20.10.2009 ഉച്ചകഴിഞ്ഞ് 1.30-ന് മഠം ചാപ്പലിൽ ആരംഭിച്ച ദിവ്യബലിയെ തുടർന്ന് പാലാ രൂപതാ വികാരി ജനറാൾ മോൺ. ഈനാസ് ഒറ്റത്തെങ്ങുങ്കലിന്റെ പ്രധാന കാർമ്മികത്വത്തിൽ അരുത്തുറ ഫൊറോനാപ്പള്ളി സിമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.

കണ്ണാടിയുറുമ്പ്, വാകക്കാട്, പാദുവാ, ളാലം, മൂന്നിലവ്, കല്ലൂർക്കുളം, കൂട്ടിക്കൽ, മലയിഞ്ചിപ്പാറ എന്നിവിടങ്ങളിൽ അദ്ധ്യാപികയായും അമ്പാറനിരപ്പേൽ, മണിയംകുന്ന്, കുറിഞ്ഞി, തീക്കോയി എന്നിവിടങ്ങളിൽ ഹെഡ്മിസ്ട്രസ്സായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2006 മുതൽ അമ്പാറനിരപ്പിലുള്ള ആൻസ് ഭവൻ ഓർഫനേജിന്റെ ഡയറക്ടറായി ശുശ്രൂഷ ചെയ്തു.

2009 ജൂൺ മുതൽ എറണാകുളം അതിരൂപത കേന്ദ്രമാക്കി വിവിധ സന്യാസിനീസമൂഹത്തിലെ അംഗങ്ങൾ ഉൾച്ചേർന്നു നടത്തിവരുന്ന City Based Evangelization Team-ൽ അംഗമായി സിസ്റ്റർ പ്രവർത്തിക്കുകയായിരുന്നു.

കർത്താവിനോടും അവിടുത്തെ ജനത്തോടുമുള്ള സ്നേഹത്താൽ ത്രസിച്ചിരുന്ന സി. കാർമ്മൽ ജോസിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ.

## Sr. മേരി സിൽവസ്റ്റർ S.A.B.S.

കടനാട് ആരാധനാ മഠാംഗമായിരുന്ന സി. സിൽവസ്റ്റർ SABS (വെട്ടിക്കാട്ടിൽ, മണലുങ്കൽ, 90 വയസ്സ്) 16-9-2009 ബുധനാഴ്ച രാവിലെ 3 മണിക്ക് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. 17-ാം തീയതി രാവിലെ 10 മണിക്ക് പാലാ രൂപതാ വികാരി ജനറാൾ വെരി. റവ. ഫാ. ഈനാസ് ഒറ്റത്തെങ്ങുങ്കലിന്റെ പ്രധാന കാർമ്മികത്വത്തിൽ മൃതദേഹം കടനാട് സെന്റ് അഗസ്റ്റിൻസ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

അദ്ധ്യാപനവൃത്തിയിലൂടെ ദീർഘകാലം സഭയ്ക്കും സമൂഹത്തിനും സിസ്റ്റർ സേവനമനുഷ്ഠിച്ചു. ആദ്ധ്യാത്മിക ജീവിതത്തിൽ തികഞ്ഞ ആത്മാർത്ഥതയും നിഷ്ഠയും പുലർത്തിയിരുന്ന സിസ്റ്റർ ഏവർക്കും മാതൃകയായിരുന്നു. സി. സിൽവസ്റ്ററിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ.

## Sr. ആനി കളപ്പുരയ്ക്കൽ S.A.B.S.

നെല്ലിയാനി ആരാധനാ മഠാംഗമായിരുന്ന സി. ആനി കളപ്പുരയ്ക്കൽ SABS (കളപ്പുരയ്ക്കൽ, കാപ്പുന്തല, 63 വയസ്സ്) 9-10-2009 വെള്ളിയാഴ്ച 10.30 pmന് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. 11-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30-ന് പാലാ രൂപതാ വികാരി ജനറാൾ വെരി. റവ. ഫാ. ഫിലിപ്പ് ഞരളക്കാട്ടിന്റെ പ്രധാന കാർമ്മികത്വത്തിൽ മൃതദേഹം നെല്ലിയാനി മഠംവക സിമിത്തേരിയിൽ സംസ്കരിച്ചു.

ഒരു നല്ല അദ്ധ്യാപികയായിരുന്ന സിസ്റ്റർ ശാന്തവും സൗമ്യവുമായ പെരുമാറ്റത്തിലൂടെ വിദ്യാർത്ഥികളെയും സഹപ്രവർത്തകരെയും ദിവ്യകാരുണ്യഈശോയിലേക്ക് അടുപ്പിച്ചു. പാവപ്പെട്ടവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഔദാര്യപൂർവ്വം അവരെ സഹായിക്കുന്നതിൽ ബദ്ധശ്രദ്ധയായിരുന്നു. സി. ആനിയുടെ പാവന സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ.




*In this "Year for Priests"*

At the

**DIVINE RETREAT CENTRE**

Muringoor - Potta

Retreat for Priests, Religious and Lay Leaders

(in English)

**"Ablaze in the Spirit"** (Rm. 12:11)

2009, November 15, Sunday 6.00 pm
to
November 20, Friday 2.00 pm

*Directed by*

Rev. Fr. Mathew Naickomparambil VC
Rev. Fr. Joseph Erambil VC
Rev. Fr. Augustine Vallooran VC
Rev. Fr. Michael Payyappilly VC

*Retreat Free : Rs. 300/-
Prior registration
is not required*

# പിതാവിന്റെ ഡയറിയിൽ നിന്ന്

**ഒക്ടോബർ 6 - 7**

കോതമംഗലം അരമനയിൽ നടന്ന പിതാക്കന്മാരുടെ ധ്യാനത്തിൽ പങ്കെടുത്തു.

2.30 pm - പാലാ മരിയൻ ആശുപത്രിയിൽ രോഗികളായി കിടന്നിരുന്ന ബഹു. അച്ചന്മാരെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

5.00 pm - മുട്ടുചിറ പ്രീസ്റ്റ് ഹോമിൽ സന്ദർശനം നടത്തി.

6.30 pm - കൊഴുവനാൽ ആശുപത്രി ഡയറക്ടർ ബഹു. നാട്ടുനിലത്ത് അച്ചനെ സന്ദർശിച്ചു.

**ഒക്ടോബർ 8**

4.30 pm - സെന്റ് എഫ്രേം പ്രീസ്റ്റ് ഹോമിൽ സന്ദർശനം നടത്തി.

6.30 pm - ഭരണങ്ങാനം ഫൊറോനാ പള്ളിയിൽ നടന്ന ബഹു. അച്ചന്മാരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

8.30 pm - പതിനേഴു വർഷത്തെ ശുശ്രൂഷയ്ക്കുശേഷം ഇറ്റലിക്കു തിരികെ പോകുന്ന ബഹു. ജോൺ പോൾ അച്ചന് അരമനയിൽ നടന്ന അത്താഴവിരുന്നിൽ ആശംസകളർപ്പിച്ചു.

**ഒക്ടോബർ 9**

10.00 am- വിവിധ സെമിനാരികളിൽനിന്നുള്ള ശെമ്മാശ്ശന്മാർ അഭിവന്ദ്യ പിതാവിനെ സന്ദർശിച്ചു.

5.00 pm - പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

10.00 pm - കടപ്ലാമറ്റം ഇടവകയിൽ ബഹു. അബ്രാഹം കീപ്പുറത്തച്ചന്റെ മൃതദേഹത്തിനരികിൽ ഒപ്പീസുചൊല്ലി സന്ദേശം നൽകി.

**ഒക്ടോബർ 10**

9.00 am - പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

6.30 pm - ഭരണങ്ങാനം മേരിഗിരി ആശുപത്രിയിൽ ബഹു. താഴത്തേൽ അച്ചന്റെ അരികിൽ പ്രാർത്ഥിച്ചു.

**ഒക്ടോബർ 9 - 11**

പെരിങ്ങുളം പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

**ഒക്ടോബർ 11**

5.00 pm - മല്ലികശ്ശേരി ഇടവകയിൽ നടന്ന ബഹു. ജോൺ പോൾ അച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു.

**ഒക്ടോബർ 12**

5.00 pm - ഭരണങ്ങാനത്തു നടന്ന വി. അൽഫോൻസാമ്മയുടെ വിശുദ്ധപദവി പ്രഖ്യാപന വാർഷികത്തിൽ പങ്കെടുത്ത് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

**ഒക്ടോബർ 13**

- അരമനയിലെ മാസധ്യാനത്തിൽ പങ്കെടുത്തു.

9.00 pm - ഭരണങ്ങാനം മേരിഗിരി ആശുപത്രിയിൽ മരണമടഞ്ഞ ബഹു. താഴത്തേൽ അച്ചന്റെ മൃതദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

**ഒക്ടോബർ 15**

- ആശുപത്രി സന്ദർശനം നടത്തി.

2.30 pm - പാലാ രൂപതാംഗമായ ബഹു. ഫാ. ജേക്കബ് താഴത്തേലിന്റെ ഭരണങ്ങാനം പള്ളിയിൽ നടന്ന ശവസംസ്കാര ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

**ഒക്ടോബർ 16**

10.00 pm - രാമപുരത്ത് വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾ ദിനത്തിൽ റാസ കുർബാന അർപ്പിച്ച് തിരുനാൾ സന്ദേശം നൽകുകയും കബറിടം സന്ദർശിക്കുകയും ചെയ്തു.

12.00 noon- കാക്കൊമ്പ് ഇടവകാംഗവും ദീപിക ദിനപത്രത്തിന്റെ ചീഫ് എഡിറ്ററുമായ ബഹു. പൈകടയച്ചന്റെ സഹോദരന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി സന്ദേശം നൽകി.

4.00 pm - ഇടപ്പാടിയിൽ നിർമ്മിച്ച എസ്.എച്ച്. ജനറലേറ്റിന്റെ കീഴിലുള്ള പുതിയ മഠത്തിന്റെ ചാപ്പൽ കൂദാശ ചെയ്യുകയും മഠം വെഞ്ചരിച്ച് സന്ദേശം നൽകുകയും ചെയ്തു.

**ഒക്ടോബർ 17**

10.00 am - കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ നടന്ന യുവജനദിനാഘോഷത്തിൽ പങ്കെടുത്തു.

**ഒക്ടോബർ 17 - 18**

- ചെമ്മലമറ്റം പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

5.15 pm - ബഹു. ജോസഫ് നാട്ടുനിലത്തച്ചന് രോഗീലേപനം നൽകി.

**ഒക്ടോബർ 19**

9.30 am - അരമനയിൽ നടന്ന ഒരു മീറ്റിംഗിൽ പങ്കെടുത്തു.

11.00 am - പയസ്മൗണ്ട് ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

3.00 pm - ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ ഒരു മീറ്റിംഗിൽ പങ്കെടുത്തു.

4.45 pm - ഫാത്തിമാപുരം പള്ളിയിൽ പുതിയതായി നിർമ്മിച്ച കൽക്കുരിശ് വെഞ്ചരിച്ച് സന്ദേശം നൽകി.

6.00 pm - പ്രവിത്താനം ഇടവക ബഹു. ചന്ദ്രൻകുന്നേൽ മാത്യു അച്ചന്റെ പിതാവിന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

**ഒക്ടോബർ 20**

4.00 pm - ബഹു. ചന്ദ്രൻകുന്നേൽ മാത്യു അച്ചന്റെ പിതാവിന്റെ ശവ സംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.

**ഒക്ടോബർ 20 - 21**

- കമ്പം എസ്റ്റേറ്റിൽ സന്ദർശനം നടത്തി.

4.30 pm - ബഹു. വള്ളോപ്പള്ളിൽ മാത്യു അച്ചന്റെ മാതാവിന്റെ ശവസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ച്, സന്ദേശം നൽകി.

**ഒക്ടോബർ 22**

10.00 am - കാഞ്ഞിരപ്പള്ളി രൂപതയിൽ വച്ചുനടന്ന ഇന്റർ ഡയോസിഷൻ മീറ്റിംഗിൽ പങ്കെടുത്തു.

2.30 pm - തിരുവല്ല രൂപതാംഗം ബഹു. ആന്റണി ചെത്തിപ്പുഴ അച്ചന്റെ മാതാവിന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി സന്ദേശം നൽകി.

4.00 pm - പാലാ മരിയൻ ആശുപത്രിയിൽ ബഹു. ആലഞ്ചേരി ജോസഫ് അച്ചനെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

**ഒക്ടോബർ 23**

11.00 am - ചൂണ്ടച്ചേരി എൻജിനീയറിംഗ് കോളേജിൽ എം.ബി.എ. കോഴ്സിന്റെ ഒരു പരിപാടിയിൽ പങ്കെടുത്തു.

2.30 pm - പാലാ ളാലം പഴയപള്ളിയിൽ നടന്ന ബഹു. ഫാ. ജോർജ് കപ്പലുമാക്കലിന്റെ ശവസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

5.00 pm - അരമനയിൽ നടന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

**ഒക്ടോബർ 24**

10.00 am - ഭരണങ്ങാനം അസ്സീസി റിട്രീറ്റ് സെന്ററിൽ നടന്ന ഫ്രാൻസിസ്കൻ മൂന്നാം സഭയുടെ വാർഷികയോഗത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

11.00 am - പാലാ കത്തീഡ്രൽ പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു.

12.00 noon - പാലാ മരിയൻ ആശുപത്രിയിൽ കിടന്നിരുന്ന ബഹു. അച്ചന്മാരെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

2.30 pm - ഭരണങ്ങാനം എഫ്.സി. കോൺവെന്റിന്റെ ശതാബ്ദി ആഘോഷത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

**ഒക്ടോബർ 24 - 25**

- ഏന്തയാർ പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

**ഒക്ടോബർ 26**

10.30 am - അമേരിക്കയിൽ നിന്നുള്ള ഒരു സംഘം തീർത്ഥാടകരെ സ്വീകരിച്ചു സംസാരിച്ചു.

3.00 pm - മുട്ടുചിറ ആശുപത്രി ട്രസ്റ്റിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

**ഒക്ടോബർ 27**

9.00 am - വടവാതൂർ സെമിനാരിയിൽ പൗരോഹിത്യ വർഷത്തോടനുബന്ധിച്ചു നടത്തിയ മൂന്നു ദിവസത്തെ സെമിനാർ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

5.00 pm - കവീക്കുന്ന് പള്ളിയുടെ ആഭിമുഖ്യത്തിൽ പണിത പുതിയ പാലത്തിന്റെ ഉദ്ഘാടനം നടത്തി. സന്ദേശം നൽകി.

**ഒക്ടോബർ 28**

10.00 am - ഡയോസിഷൻ ടെക്നിക്കൽ എഡ്യുക്കേഷൻ ട്രസ്റ്റിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

3.30 pm - വരാപ്പുഴ അതിരൂപതയുടെ ആർച്ചുബിഷപ്പായിരുന്ന റൈറ്റ്. റവ. ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവിന്റെ ശവസംസ്കാര കർമ്മത്തിൽ പങ്കെടുത്തു.

**ഒക്ടോബർ 30**

11.00 am - അരമനയിൽ നടന്ന പി.ഡി.എം.ഇ.റ്റി. മീറ്റിംഗിൽ പങ്കെടുത്തു.

3.00 pm - അരമനയിൽ നടന്ന ബൈബിൾ കൺവൻഷൻ മീറ്റിംഗിൽ പങ്കെടുത്തു.

**ഒക്ടോബർ 31**

10.00 am - അൽഫോൻസാ കോളേജിൽ നടന്ന ബഹു. സിസ്റ്റേഴ്സിന്റെ കൂട്ടായ്മയിൽ പങ്കെടുത്ത് സന്ദേശം നൽകി.

11.00 am - പൂവരണി പള്ളിയിൽ ഒരു വിവാഹം ആശീർവദിച്ചു.

2.00 pm - പൂവരണി ഇടവകയിൽപ്പെട്ട കൂനാനിക്കൽ ശെമ്മാശ്ശന്റെ മാതാവിന്റെ ശവസംസ്കാര കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

2.30 pm - ചേർത്തല ഗ്രീൻ ഗാർഡൻ ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയുന്ന ബഹു. ജോർജ് വടക്കേലച്ചനെ സന്ദർശിച്ചു.

7.00 pm - അമ്പാറനിരപ്പേൽ പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.



# PRAYER DAY (REF. VOL. XXXV NO. 1)

## (2009 November 13 - 2009 December 13)

**Rev. Fathers, Very Rev. Fathers**

| | | |
|---|---|---|
| 1. | Pandarakappil Alex | Nov. 13 |
| 2. | Pandaraparampil Jacob | 14 |
| 3. | Pandiamackal Joseph (Jr.) | 15 |
| 4. | Pandiamackal Joseph (Sr.) | 16 |
| 5. | Pangottil Kuriakose | 17 |
| 6. | Panthalanickal Mathew | 18 |
| 7. | Parackal Thomas | 19 |
| 8. | Parakandathil Thomas | 20 |
| 9. | Parankulangara Cherian | 21 |
| 10. | Parampilthadathil George | 22 |
| 11. | Paraplackal Augustine | 23 |
| 12. | Paraplackal Francis | 24 |
| 13. | Parappuram Abraham | 25 |
| 14. | Parathotty Mathew | 26 |
| 15. | Paravummel Joseph | 27 |
| 16. | Parekkattu Emmanuel | 28 |
| 17. | Parekunnel George | 29 |
| 18. | Parekunnel Thomas | 30 |
| 19. | Pariath Joseph (Jr.) | Dec. 1 |
| 20. | Pariath Joseph (Sr.) | 2 |
| 21. | Paruthiparayil Thomas | 3 |
| 22. | Pathickelputhenpurayil Kuriakose | 4 |
| 23. | Pattathil Francis | 5 |
| 24. | Pattathil Sebastian | 6 |
| 25. | Payyanimandapam Joseph | 7 |
| 26. | Pazheparampil George | 8 |
| 27. | Pazheparamil Sebastian | 9 |
| 28. | Pazhethudippara Zacharias | 10 |
| 29. | Peedikamalayil Augustine | 11 |
| 30. | Peedikayil Mathew | 12 |
| 31. | Periappuram Emmanuel | 13 |

# *Bishop's Engagements*

## Mar Joseph Kallarangatt

| | | |
|---|---|---|
| **November** 1 | | Amparanirappel:Pastoral Visit |
| | 3.30 pm | Mundankal: AKCC Annual Meeting |
| 2 | 2.30 pm | Pala St. Thomas HS: |
| 3 – 5 | | Kakkanadu :LRC Meeting |
| 6 | | Priest's Day |
| 7 | | Kattampak: Chapel Blessing |
| 7 – 8 | | Pravithanam: Pastoral Visit |
| 9 | | Engaged |
| | | Visitor's day |
| | 03.00 pm | Bishop's House: Bible Convention Meeting |
| | | Bishop's House: Monthly Recollection |
| 11 | | Engaged |
| 12 | | ADCP Executive Meeting. |
| 13 | | Priest's Day |
| 14 | 07.00 am | Arakulam New: Consecration |
| | 11.00 am | Teekoy : Marriage Blessing |
| | 02.30 pm | Bharananganam: FCC Vestition & First Profession |
| 14 –15 | | Parathanam: Pastoral Visit |
| | 03.30 pm | Bharananganam: CTP Certificate Distribution |
| 16 | | Engaged |
| 17-18 | | Out of Station |
| 19 | 10.00 am | Changanassery |
| | 05.00 pm | Kalathoor :Holy Qurbana |
| 20 | | Priest's Day |
| 21 | 07.00 am | Pala Cathedral: Holy Qurbana |
| 21-22 | | Kanjiramattom: Pastoral Visit |
| 23 | 11.30am | Valakkattukunnu: Jubilee Holy Qurbana |
| 24 | | Visitor's Day, Jubilarians Meet. |
| 25 | 03.30 pm | Koothattukulam: Hospital Chapel Blessing |
| 26 | | |
| 27 | 3.00 pm | Maniankulam: Golden Jubilee Holy Qurbana |
| | 5.30 pm | Kurumannu: |
| 28 | 9.30 am | Ramapuram: Ordination: Dn. M. Puthiyidathuchalil |
| 28 – 29 | | Kalathukadavu: Pastoral Visit |
| | 05.00 pm | Padua: Parish Hall Blessing |
| **December** 5 | 10.00am | Mundankal : Meeting |
| 6 – 7 | | Pastoral Visit : Meenachil |